# ആമുഖം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എല്ലാവർഷവും സംസ്ഥാന സർക്കാരിനു സമർപ്പിക്കുന്ന പ്രധാന രേഖയാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. 2012-13 ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട തെരെഞ്ഞെടുത്ത വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 23-ാം വകുപ്പ്, വർഷംതോറും സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തെരെഞ്ഞെടുത്ത നാല് വിഷയങ്ങളിൽ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനക്ഷമതാ റിപ്പോർട്ടുകളാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ന്റെ പ്രധാന പ്രതിപാദ്യം. ഇനിപ്പറയുന്ന വിഷയങ്ങളെ അധികരിച്ചാണ് പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത് ;

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യപരിപാലനം
2. കൃഷിഫാമുകളും കാർഷികാഭിവൃദ്ധിയും
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

കേരളം നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ സാമൂഹ്യപ്രശ്നങ്ങളിലൊന്നായ ഖരമാലിന്യപരിപാലനത്തെപ്പറ്റി 45 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനക്ഷമതാ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഖരമാലിന്യപരിപാലനരംഗത്തെ നിലവിലുള്ള അവസ്ഥകൾ, പ്രശ്നങ്ങൾ എന്നിവക്കൊപ്പം ബദൽസംവിധാനങ്ങളും, പരിഹാര നിർദ്ദേശങ്ങളും റിപ്പോർട്ട് മുന്നോട്ടുവെയ്ക്കുന്നു.

സംസ്ഥാനത്തെ ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള 35 കൃഷിഫാമുകളിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് 'കൃഷിഫാമുകളും, കാർഷികാഭിവൃദ്ധിയും' തയ്യാറാക്കിയിട്ടുള്ളത്. കൃഷിഫാമുകളുടെ പ്രവർത്തനത്തിന്റെ നേർചിത്രത്തിനൊപ്പം, ഈ മേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റങ്ങളും ഭാവിയിലെ സാധ്യതകളും റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്നു.

കേരളത്തിന് ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ നേടിത്തന്നിട്ടുള്ള മേഖലയാണ് പൊതുജനാരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ആരോഗ്യമേഖലയിൽ എത്രത്തോളം ഗുണകരമായ മാറ്റങ്ങൾക്ക് വഴിവെച്ചിട്ടുണ്ട് എന്നതാണ് 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും' എന്ന വിഷയത്തിലെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് പരിശോധിച്ചിട്ടുള്ളത്. തെരെഞ്ഞെടുത്ത 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഗ്രാമീണ ജീവിതത്തിന്റെ മുഖച്ഛായ മാറ്റിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെപ്പറ്റിയാണ് നാലാമത്തെ പ്രവർത്തനക്ഷമതാ റിപ്പോർട്ട്. 38 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ഈ വിഷയത്തിൽ പരിശോധന നടത്തിയത്. തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനെയും സംവിധാനങ്ങളെയും പറ്റി വിശദമായി അവലോകനം ചെയ്യുന്നതിനൊപ്പം വേറിട്ട മാതൃകകളും, പദ്ധതി പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത അഞ്ച് വിഷയങ്ങളിൽ നടത്തിയ ലഘുഅവലോകന റിപ്പോർട്ടുകളാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ന്റെ മറ്റൊരു പ്രത്യേകത. ഇനിപ്പറയുന്ന വിഷയങ്ങളിലാണ് ലഘുഅവലോകനങ്ങൾ തയ്യാറാക്കിയിട്ടുള്ളത് ;

LOCAL FUND AUDIT DEPARTMENT

1. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം

2. നഗരസഭകളും, പരസ്യനികുതിയും

3. ലൈബ്രറികളുടെയും, സാംസ്ക്കാരിക നിലയങ്ങളുടെയും നടത്തിപ്പ്

4. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി

5. തുടർസാക്ഷരതാ പരിപാടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ മികവുകളും, കോട്ടങ്ങളും വെളിച്ചത്തു കൊണ്ടുവരാൻ ലഘുഅവലോകനങ്ങൾ ഉപയുക്തങ്ങളാണ്.

കേരളത്തിലെ സർവ്വകലാശാലകൾ ആസ്തിസംരക്ഷണത്തിൽ പുലർത്തിവരുന്ന ജാഗ്രത സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 അവലോകന വിധേയമാക്കിയിട്ടുണ്ട്. 'സർവ്വകലാശാലകളിലെ ആസ്തിസംരക്ഷണ' ത്തെപ്പറ്റിയുള്ള അവലോകന റിപ്പോർട്ട് ഈ വിഷയത്തിൽ പഠനം നടത്തിയതിനൊപ്പം, സർവ്വകലാശാലകൾ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയുള്ള നിർദ്ദേശങ്ങളും മുന്നോട്ടുവെയ്ക്കുന്നു.

മറ്റ് ഓഡിറ്റ് സ്ഥാപനങ്ങളായ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും വിനോദസഞ്ചാര വാരാഘോഷവും, തിരുവനന്തപുരം വികസന അതോറിറ്റി, വിശാലകൊച്ചി വികസന അതോറിറ്റി, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നും തെരഞ്ഞെടുത്ത വിഷയങ്ങളിലുള്ള അവലോകന റിപ്പോർട്ടുകളുടെ സംക്ഷിപ്തവും സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 ഉൾക്കൊള്ളുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, മറ്റ് ഓഡിറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ശ്രദ്ധേയമായ ഓഡിറ്റ് പരാമർശങ്ങളും റിപ്പോർട്ടിന്റെ ഭാഗമാണ്.

ആറ് അധ്യായങ്ങളായാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13 തയ്യാറാക്കിയിട്ടുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ധർമ്മങ്ങളും, പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ, സർവ്വകലാശാലകളിലെ ആസ്തിസംരക്ഷണത്തെപ്പറ്റിയുള്ള അവലോകനറിപ്പോർട്ടും ഓഡിറ്റ് പരാമർശങ്ങളും, മറ്റ് ഓഡിറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള പ്രവർത്തനക്ഷമതാ റിപ്പോർട്ടുകളും ഓഡിറ്റ് പരാമർശങ്ങളും എന്നിവയാണ് വിവിധ അധ്യായങ്ങൾ. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നിരീക്ഷണങ്ങളുടെ സംഗ്രഹം മാത്രമായതിനാൽ, വിശദവിവരങ്ങൾക്ക് ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതാണ്.

റിപ്പോർട്ടിന്റെ വെബ് പതിപ്പ് **www.lfa.kerala.gov.in** ൽ ലഭ്യമാണ്.

LOCAL FUND AUDIT DEPARTMENT

# ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | | 1 - 2 |
| അധ്യായം – 1 | | |
| **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് – ഘടനയും, പ്രവർത്തനങ്ങളും** | | 7 - 11 |
| ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ | 1.1 | 7 |
| അക്കൗണ്ടുകളുടെ ഓഡിറ്റ് | 1.2 | 7 |
| അക്കൗണ്ട് സർട്ടിഫിക്കേഷൻ | 1.3 | 7 |
| ചാരിറ്റബിൾ എൻഡോവ്മെന്റ് | 1.4 | 8 |
| ചാർജ്/സർചാർജ് നടപടികൾ | 1.5 | 9 |
| ഓഡിറ്റ് ചാർജ് | 1.6 | 9 |
| ഓഡിറ്റ് പുരോഗതി | 1.7 | 10 |
| ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന | 1.8 | 11 |
| അധ്യായം – 2 | | |
| **പൊതുഅവലോകനം – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ചുമതലകളും** | | 12 - 32 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റനോട്ടത്തിൽ | | 13 |
| തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം | 2.1 | 13 |
| പദ്ധതി വിഹിതത്തിന്റെ വിഭജനം | 2.2 | 14 |
| പദ്ധതി വിഹിതത്തിന്റെ വിനിയോഗം | 2.3 | 15 |
| **ലഘു അവലോകനങ്ങൾ** | | 16 - 32 |
| തദ്ദേശസ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം | 2.4 | 16 |
| നഗരസഭകളും, പരസ്യനികുതിയും | 2.5 | 22 |
| ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് | 2.6 | 25 |
| തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി | 2.7 | 27 |
| തുടർസാക്ഷരതാ പരിപാടി | 2.8 | 29 |
| അധ്യായം – 3 | | |
| **പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ** | | 33 - 196 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യപരിപാലനം | 3.1 | 35 - 84 |
| കൃഷിഫാമുകളും, കാർഷികാഭിവൃദ്ധിയും | 3.2 | 85 - 116 |
| തദ്ദേശഭരണ സ്ഥാപനങ്ങളും, ആരോഗ്യമേഖലയും | 3.3 | 117 - 159 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3.4 | 161 - 196 |
| അധ്യായം – 4 | | |
| **തദ്ദേശഭരണസ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | | 197 - 220 |
| പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല **(കുളക്കട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല)** | 4.1.1 | 197 |


LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| റോഡ് പുനർനിർമ്മാണ നിരക്ക് ഈടാക്കിയതിൽ കുറവ് - നഷ്ടം 1,20,69,104/- രൂപ **(പരവൂർ നഗരസഭ, കൊല്ലം ജില്ല)** | 4.1.2 | 198 |
| കലാപരിശീലനം നടത്തിയെന്ന് ഉറപ്പുവരുത്താതെ ഫീസ് നൽകി ; 2,90,142/- രൂപയുടെ നഷ്ടം **(കൊല്ലം നഗരസഭ)** | 4.1.3 | 199 |
| ക്രമാതീതമായ ഫണ്ട് വിനിയോഗം - 2.95 കോടി രൂപ ചെലവഴിച്ച സമഗ്ര മധുരം തേൻ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല **(പത്തനംതിട്ട ജില്ലാപഞ്ചായത്ത്)** | 4.2.1 | 200 |
| ടൗൺഹാൾ നവീകരണം - അനുവദിക്കാത്ത തുക നൽകി **(ആലപ്പുഴ നഗരസഭ)** | 4.3.1 | 202 |
| പൊങ്ങൻപാറ ജലസേചന പദ്ധതി നിർവ്വഹണത്തിൽ അപാകത- പദ്ധതിത്തുക പാഴ്ചെലവായി **(നെടുങ്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല)** | 4.4.1 | 203 |
| പാറത്തോട് ഗ്രാമപഞ്ചായത്തിലെ ഇടക്കുന്നം - പഴുമല പട്ടികവർഗ്ഗ കോളനി കളുടെ സമഗ്രവികസനം ലക്ഷ്യം നേടിയില്ല **(കോട്ടയം ജില്ലാപഞ്ചായത്ത്)** | 4.4.2 | 204 |
| മതിപ്പ് വിലപോലും ഈടാക്കാതെ കെ.എസ്.ഇ.ബി.ക്ക് വസ്തു കൈമാറി- നഗരസഭക്ക് ഭീമമായ നഷ്ടം **(കോട്ടയം നഗരസഭ)** | 4.4.3 | 207 |
| ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീതജലധാര പ്രവർത്തനരഹിതം - 28.34 ലക്ഷം രൂപ പാഴായി **(കോട്ടയം നഗരസഭ)** | 4.4.4 | 208 |
| മത്സ്യമാർക്കറ്റ് നവീകരണം - വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാ യില്ല - 23,11,498/- രൂപയുടെ ചെലവ് നിഷ്ക്രിയമായി **(കൊടുങ്ങല്ലൂർ നഗരസഭ, തൃശ്ശൂർ ജില്ല)** | 4.5.1 | 209 |
| ലക്ഷങ്ങൾ വിലയുള്ള കൊയ്ത്ത് - മെതിയന്ത്രം ഉപയോഗിക്കുന്നില്ല **(ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ല)** | 4.5.2 | 211 |
| സീതാറാം ടെക്സ്റ്റൈയിൽസിന്റെ വൈദ്യുതി ചാർജ് കുടിശ്ശിക - സർക്കാർ നിർദ്ദേശം നടപ്പാക്കിയില്ല - ഈടാക്കാനുള്ളത് 26,83,964/- രൂപ **(തൃശ്ശൂർ നഗരസഭ, വൈദ്യുതിവിഭാഗം)** | 4.5.3 | 212 |
| ചാലിയാർ വിനോദസഞ്ചാര പദ്ധതി ലക്ഷ്യം കൈവരിച്ചില്ല; 7.03 ലക്ഷം രൂപയുടെ പാഴ്ച്ചെലവ് **(വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല)** | 4.6.1 | 213 |
| ഖരമാലിന്യസംസ്ക്കരണ പ്ലാന്റിന് സ്ഥലം വാങ്ങാൻ ചെലവ് 7.74 ലക്ഷം രൂപ; ചുറ്റുമതിൽ കെട്ടിയതിന് 14.18 ലക്ഷം രൂപ **(പുളിക്കൽ ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല)** | 4.6.2 | 214 |
| കൂത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം ലക്ഷ്യം കൈവരിച്ചില്ല; 18.97 ലക്ഷം രൂപ പാഴായി **(തിരൂർ നഗരസഭ, മലപ്പുറം ജില്ല)** | 4.6.3 | 215 |
| ആസൂത്രണത്തിലെ പിഴവ് - കമ്മ്യൂണിറ്റിഹാൾ നിർമ്മാണം നിലച്ചു- ചെലവഴിച്ച 21.72 ലക്ഷം രൂപ നിഷ്ഫലമായി **(ഏറാമല ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല)** | 4.7.1 | 217 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വാങ്ങിയ 31.32 ലക്ഷത്തിന്റെ സിമന്റ് പൈപ്പുകൾ ഉപയോഗിക്കുന്നില്ല- ലക്ഷങ്ങൾ പാഴാവുന്നു **(മേപ്പാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല)** | 4.8.1 | 218 |
| പഞ്ചായത്ത് വക സ്ഥലം നിയമവിരുദ്ധമായി കെ.ടി.ഡി.സി.ക്ക് കൈമാറി **(സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല)** | 4.8.2 | 219 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| **അദ്ധ്യായം – 5** | | |
| **സർവ്വകലാശാലകൾ** | | 221- 233 |
| സർവ്വകലാശാലകളിലെ ആസ്തി സംരക്ഷണം- **അവലോകന റിപ്പോർട്ട്** | 5.1 | 221 |
| ശരിയാംവിധം പരിപാലിക്കുന്നില്ല; ആസ്തികൾ നശിക്കുന്നു- കേരള സർവ്വകലാശാല | 5.1.1 | 222 |
| പ്രാദേശിക കേന്ദ്രങ്ങൾ ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നില്ല- ശ്രീശങ്കര സംസ്കൃത സർവ്വകലാശാല | 5.1.2 | 223 |
| ഭൂവിവരരജിസ്റ്റർ അപൂർണ്ണം- എം.ജി.സർവ്വകലാശാല | 5.1.3 | 224 |
| ആസ്തിരേഖകളുടെ സൂക്ഷിപ്പിൽ വീഴ്ച- കേരള കാർഷിക സർവ്വകലാശാല | 5.1.4 | 225 |
| പട്ടയത്തിന് കാലതാമസം; 5 ഏക്കറോളം ഭൂമി നഷ്ടമായി- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 5.1.5 | 226 |
| ഭൂമി കയ്യേറ്റം; 1.71 ഏക്കർ സ്ഥലം നഷ്ടപ്പെട്ടു- കണ്ണൂർ സർവ്വകലാശാല | 5.1.6 | 227 |
| **സർവ്വകലാശാലകളിൽ നിന്നുള്ള ശ്രദ്ധേയമായ ഓഡിറ്റ് പരാമർശങ്ങൾ** | 5.2 | 228 |
| സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ (**എം. ജി. സർവ്വകലാശാല**) | 5.2.1.1 | 228 |
| സിൽവർ ജൂബിലി പരീക്ഷാഭവന്റെ നിർമ്മാണവും, ഫർണിഷിംഗും- അപാകതകൾ (**എം. ജി. സർവ്വകലാശാല**) | 5.2.1.2 | 230 |
| അറ്റ്മോസ്ഫിറിക്ക് സയൻസ്, നാനോ സയൻസ് പഠനവകുപ്പുകൾ പ്രവർത്തനരഹിതം (**കണ്ണൂർ സർവ്വകലാശാല**) | 5.2.2.1 | 232 |
| **അദ്ധ്യായം – 6** | | |
| **ഓഡിറ്റ് പരിധിയിലുള്ള മറ്റു സ്ഥാപനങ്ങൾ** | | 235 - 262 |
| **കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്** | 6.1 | 235 |
| ത്രിഭാഷാ പദകോശനിർമ്മാണ പദ്ധതി- **അവലോകന റിപ്പോർട്ട്** | 6.1.1 | 235 |
| വിദേശപുസ്തകങ്ങളുടെ പരിഭാഷകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചില്ല- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 54,742/- രൂപ നഷ്ടം. (**ഓഡിറ്റ് പരാമർശം**) | 6.1.2 | 238 |
| **സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്** വിജ്ഞാനകോശം വാല്യങ്ങളുടെ മുദ്രണം, സ്റ്റോക്ക് ചെയ്യൽ എന്നിവയിലെ അപാകങ്ങൾ- **അവലോകന റിപ്പോർട്ട്** | 6.2.1 | 239 |
| **കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്** വായ്പ പദ്ധതികളിന്മേലുള്ള റവന്യൂ റിക്കവറി നടപടികളും ബോർഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങളും- **അവലോകന റിപ്പോർട്ട്** | 6.3.1 | 243 |
| കവടിയാർ ഹൈറ്റ്സ് പദ്ധതി- ഹഡ്കോ വായ്പ അനുവദിച്ചില്ല; വിവിധ നടപടിക്രമങ്ങൾക്ക് ചെലവഴിച്ച 1,76,950/- രൂപ നഷ്ടം (**ഓഡിറ്റ് പരാമർശം**) | 6.3.2 | 246 |
| **ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും, വിനോദ സഞ്ചാര വാരാഘോഷവും** പൈതൽമല ടൂറിസം കോംപ്ലക്സും, ധർമ്മടം ബീച്ച് ഫെസിലിറ്റി സെന്ററും – **അവലോകന റിപ്പോർട്ട്** | 6.4.1 | 247 |


LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| **കെ.എച്ച്.ആർ.ഡബ്ല്യു.എസ്**<br>ആയുർവേദ ഹെൽത്ത് റിസോർട്ട് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറക്കാട്ടേരി; 30 ലക്ഷം രൂപ നഷ്ടമായി **(ഓഡിറ്റ് പരാമർശം)** | 6.5.1 | 248 |
| **വികസന അതോറിറ്റികൾ** | 6.6 | 249 |
| **ട്രിഡ–** വിവിധ പ്രോജക്ടുകളുടെ നിർവ്വഹണം, ട്രിഡ നടപ്പാക്കിവരുന്ന മേജർ പദ്ധതികൾ **(അവലോകന റിപ്പോർട്ട് )** | 6.6.1 | 249 |
| **ജി.സി.ഡി.എ –** കമ്പ്യൂട്ടർവൽക്കരണത്തിലെ അപൂർണതയും, പാഴ്ചെലവും **(അവലോകന റിപ്പോർട്ട്)** | 6.6.2 | 252 |
| **ക്ഷേമനിധി ബോർഡുകൾ** | 6.7 | 253 |
| ക്ഷേമനിധികളിൽ അനർഹർ അംഗത്വം നേടുന്നു **(അവലോകന റിപ്പോർട്ട്)** | 6.7.1 | 253 |
| **മലബാർ ദേവസ്വം ബോർഡ്** (ഓഡിറ്റ് പരാമർശങ്ങൾ) | 6.8 | 257 |
| ദേവസ്വത്തിന്റെ കല്യാണമണ്ഡപം നിർമ്മാണം-നിർവ്വഹണത്തിൽ അപാകങ്ങൾ **(പുത്തനാൽക്കൽ ഭഗവതി ദേവസ്വം ഓഡിറ്റ്)** | 6.8.1 | 257 |
| ക്ഷേത്രത്തിന്റെ വിലപിടിച്ച വസ്തുക്കളുടെ സൂക്ഷിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ **(ശ്രീ.അന്നപൂർണ്ണേശ്വരി ക്ഷേത്രം, ചെറുകുന്ന്)** | 6.8.2 | 258 |
| സർക്കാർ ഉത്തരവിന് വിരുദ്ധമായി ക്ഷേത്രട്രസ്റ്റികൾക്ക് യാത്രാബത്ത, സ്പെഷ്യൽ അലവൻസ് എന്നിവയ്ക്ക് പുറമേ ഊരായ്മ അലവൻസും നൽകുന്നു **(ശ്രീ.പിഷാരിക്കാവ് ദേവസ്വം ഓഡിറ്റ്)** | 6.8.3 | 260 |
| ട്രസ്റ്റിബോർഡ് തീരുമാനത്തിനും ക്ഷേത്രതാൽപര്യത്തിനും വിരുദ്ധമായി വഴിപാട് കൂറ് ഇനത്തിൽ മേൽശാന്തി ഭീമമായ തുക കൈപ്പറ്റുന്നു **(ശ്രീ.പിഷാരിക്കാവ് ദേവസ്വം ഓഡിറ്റ്)** | 6.8.4 | 261 |


## അനുബന്ധങ്ങൾ


| ക്രമ നം | വിവരണം | പേജ് |
|---|---|---|
| 1 | 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ | 263 |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം - പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 265 |
| 3 | പ്രവർത്തനാവലോകനം നടത്തിയ കൃഷിഫാമുകൾ | 266 |
| 4 | ഫാം ജീവനക്കാരുടെ ഒഴിവുകൾ | 267 |
| 5 | ഫാം-വിത്ത്/വളം സംഭരണം | 269 |
| 6 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും പരിശോധിച്ച സ്ഥാപനങ്ങൾ | 270 |
| 7 | ആരോഗ്യമേഖലയിലെ ചെലവിന്റെ വിശകലനം | 271 |
| 8 | ആരോഗ്യകേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ | 274 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 280 |
| 10 | തൊഴിലുറപ്പ് പദ്ധതി ; രജിസ്ട്രേഷൻ-തൊഴിൽ കാർഡ് വിതരണം-ആകെ തൊഴിൽ ദിനങ്ങൾ-ചെലവ് തുടങ്ങിയവ | 281 |


LOCAL FUND AUDIT DEPARTMENT

**അദ്ധ്യായം – 1**

# ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് – ഘടനയും, പ്രവർത്തനങ്ങളും

1994 ൽ കേരള നിയമസഭ ആക്ട് 14 ആയി പാസ്സാക്കിയ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 10.01.1996 ലെ ജി.ഒ(പി) 77/96-ാം ഉത്തരവ് പ്രകാരം 15.01.1996 ൽ നിലവിൽ വന്നു. 09.02.1996 ലെ ജി.ഒ(പി) 180/96/ഫിൻ ഉത്തരവ് പ്രകാരം ഇതുമായി ബന്ധപ്പെട്ടുള്ള ചട്ടങ്ങൾ 09.02.1996 ൽ പ്രാബല്യത്തിൽ വന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ഓഡിറ്റർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമേ സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിലുള്ളവയാണ്.

## 1.1. ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും, സർക്കാരിന്റെയും ഹൈക്കോടതിയുടെയും ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെയും സ്വതന്ത്രവും നിയമപരവുമായ ഓഡിറ്റ് നിർവ്വഹിക്കുക എന്നതാണ് വകുപ്പിന്റെ ഏറ്റവും പ്രധാന ഉത്തരവാദിത്തം. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ പട്ടിക **അനുബന്ധം–1** ൽ നൽകിയിരിക്കുന്നു.

## 1. 2. അക്കൗണ്ടുകളുടെ ഓഡിറ്റ്

2012-13 ൽ ഒട്ടാകെ 2211 സ്ഥാപനങ്ങളുടെ വാർഷിക അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് 3164 ഓഡിറ്റ് റിപ്പോർട്ടുകൾ/ഓഡിറ്റ് നോട്ടുകളും പുറപ്പെടുവിച്ചിട്ടുണ്ട്. 2006 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 31.3.2013 ൽ തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം 28480 ആണ്. ആകെ 2220 എലിജിബിലിറ്റി/യൂട്ടിലൈസേഷൻ/ഓഡിറ്റ് സർട്ടിഫിക്കറ്റുകളാണ് 2012-13 ൽ പുറപ്പെടുവിച്ചിട്ടുള്ളത്. 9,98,361.64 ലക്ഷം രൂപയുടെ ചെലവുകൾ ഈ കാലയളവിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 43,078.21 ലക്ഷം രൂപയുടെ ചെലവുകൾ തടസ്സത്തിൽ വെക്കുകയും 11,451.5 ലക്ഷം രൂപയുടെ ചെലവുകൾ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്.

## 1. 3. അക്കൗണ്ട് സർട്ടിഫിക്കേഷൻ

സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ (അക്കൗണ്ടുകൾ) പരിശോധിച്ചശേഷം അവയെക്കുറിച്ചുള്ള അഭിപ്രായവും, റിപ്പോർട്ടും ഓഡിറ്റർ തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിൽ തയ്യാറാക്കുന്ന ഓഡിറ്റ് അഭിപ്രായമാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്ന പേരിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കു നൽകുന്നത്. വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിനൊപ്പം ഓഡിറ്റ് സർട്ടിഫിക്കറ്റ് കൂടി ചേർക്കുമ്പോഴാണ് ഒരു അക്കൗണ്ട് ഓഡിറ്റർ സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടായി തീരുന്നത്. ഓഡിറ്റ് സർട്ടിഫിക്കേഷൻ ഉറപ്പുവരുത്തുന്ന മറ്റൊരു പ്രധാന സംഗതി വാർഷിക വരവു-ചെലവ് കണക്കുകൾ സ്ഥാപനം സൂക്ഷിച്ച രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നുള്ളതാണ്. ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നാലു തരത്തിലുള്ളവയാണ്.

1) **<u>വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് (Unqualified Certificate)</u>**

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ചുള്ള എല്ലാ പ്രധാന കാര്യങ്ങളിലും ഓഡിറ്റർ തൃപ്തനാണെങ്കിൽ മാത്രം നൽകുന്ന സർട്ടിഫിക്കറ്റാണിത്. നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലും സ്വീകാര്യമായ അക്കൗണ്ടിംഗ് രീതിയും നയങ്ങളും പാലിച്ച് തയ്യാറാക്കിയിട്ടുള്ള ഇത്തരം അക്കൗണ്ടുകൾ വിശ്വസനീയതയുള്ളവയായിരിക്കും.

2) **<u>വിശേഷണത്തോട് കൂടിയ സർട്ടിഫിക്കറ്റ് (Qualified Certificate)</u>**

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകളിൽ ഗുരുതരമായ പിശകുകൾ ഉണ്ടാകുമ്പോഴാണ് ഈ വിഭാഗത്തിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നത്. ഏതെങ്കിലും തുകയെ/തുകകളെപ്പറ്റി ഓഡിറ്റർക്ക് വ്യക്തമായ ധാരണ ലഭിക്കാതെ വരിക, ഏതെങ്കിലും തുകയെ/തുകകളെപ്പറ്റി ഓഡിറ്റർക്ക് വ്യക്തമായ വിയോജിപ്പുണ്ടാവുക എന്നീ സാഹചര്യങ്ങളിലാണ് വിശേഷണത്തോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത്. ധനകാര്യ സ്റ്റേറ്റ്മെന്റിലെ ഈ വ്യത്യാസം പ്രാധാന്യമുള്ളതാണെങ്കിലും അക്കൗണ്ടിനെ അടിസ്ഥാനപരമായി ബാധിക്കുന്നതായിരിക്കില്ല.

### 3) നിരാകരണ സർട്ടിഫിക്കറ്റ് (Disclaimer Certificate)

അടിസ്ഥാനപരമായ കാര്യങ്ങളിൽപ്പോലും വ്യക്തതയില്ലാത്തതിനാൽ ഓഡിറ്റർക്ക് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റി നെപ്പറ്റി അഭിപ്രായം പറയാൻ സാധിക്കാതെ വരുമ്പോഴാണ് നിരാകരണ സർട്ടിഫിക്കറ്റ് നൽകേണ്ടി വരുന്നത്.

### 4) പ്രതികൂല സർട്ടിഫിക്കറ്റ് (Adverse Opinion)

വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സ്വീകാര്യമല്ലെന്ന് ഓഡിറ്റർ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റാണിത്. അടിസ്ഥാന പരമായ കാര്യങ്ങളിൽ വിയോജിപ്പ് ഉണ്ടാകുന്നതാണ് കാരണം.

**അക്കൗണ്ട് സർട്ടിഫിക്കേഷൻ 2011-12**

| ആകെ ഗ്രാമപഞ്ചായത്തുകൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 978 | 389 | 567 | 12 | 10 |

| ആകെ മുനിസിപ്പാലിറ്റികൾ | വിശേഷണങ്ങൾ ഇല്ലാത്തത് | വിശേഷണത്തോട് കൂടിയത് | നിരാകരണം/ പ്രതികൂലം | സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാത്തവ |
|---|---|---|---|---|
| 60 | 9 | 36 | - | 14 |

വാർഷിക കണക്കുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9-ാം വകുപ്പ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1.4. ചാരിറ്റബിൾ എൻഡോവ്മെന്റ്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് ചാരിറ്റബിൾ എൻഡോവ്മെന്റിന്റെ സംസ്ഥാന ട്രഷറർ പദവി വഹി ക്കുന്നത്. ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പ്രത്യേക പി.ഡി. അക്കൗണ്ടിൽ സൂക്ഷിക്കുകയും സർക്കാരിൽ നിന്നും വെസ്റ്റിംഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് ബാങ്കുകളിൽ സ്ഥിര നിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നു. ഓരോ വർഷവും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റർമാർ ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശത്തുകകൾ വിതരണം ചെയ്യുന്നു. ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടെയും പലിശത്തുകകളുടെയും കണക്കുകളുടെ സംക്ഷിപ്തം എല്ലാ വർഷവും സെപ്തംബർ 30 നു മുമ്പായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു.

31.3.2013 പ്രകാരം, ട്രഷററുടെ പേരിൽ 1316 എൻഡോവ്മെന്റുകളിലായി ആകെ 10,47,87,662/- രൂപ കോർപ്പസ് തുകയായുണ്ട്. 2012-13 ൽ കോർപ്പസ് തുകയോടൊപ്പം ഉപയുക്തമാക്കിയിട്ടില്ലാത്ത പലിശത്തുകയായ 77,41,815/-രൂപ കൂടി ചേർത്തിട്ടുണ്ട്.

**ചാരിറ്റബിൾ എൻഡോവ്മെന്റുമായി ബന്ധപ്പെട്ടുള്ള തുകകളുടെ വിശദാംശങ്ങൾ**

| ഇനം | സ്ഥിരനിക്ഷേപ തുക (രൂപ) | സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ (രൂപ) | വിവിധ ചാരിറ്റബിൾ എൻഡോവ്മെന്റ് അഡ്മിനിസ്ട്രേറ്റർമാർക്ക് അമാൽഗമേറ്റഡ് ഫണ്ടിലേക്ക് കൈമാറിയ തുകകൾ |
|---|---|---|---|
| ചാരിറ്റബിൾ എൻഡോവ്മെന്റുകൾക്കായുള്ള കോർപ്പസ് ഫണ്ട് | 2,54,95,847 | 19,98,794 | 3,25,619 |
| കോർപ്പസിലേക്ക് കൂട്ടി ച്ചേർത്ത ഉപയുക്തമാക്കാത്ത പലിശ | 77,41,815 | - | - |
| അമാൽഗമേറ്റഡ് ഫണ്ട് | 7,15,50,000 | 70,29,122 | 50,00,000 |
| **ആകെ** | **10,47,87,662** | **90,27,916** | **53,25,619** |

LOCAL FUND AUDIT DEPARTMENT

## 1.5. ചാർജ്/സർചാർജ് നടപടികൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ 20-ാം ചട്ടവും പ്രകാരം വരവിനങ്ങളിൽ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ചാർജ് നടപടികളിലൂടെയും, ചെലവിനങ്ങളിലെ നഷ്ടം സർചാർജ് നടപടി വഴിയും ഈടാക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച ശേഷം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(2) പ്രകാരമുള്ള ഫർദർ റിമാർക്സ്, 23(3) പ്രകാരമുള്ള ഫർദർ റിപ്പോർട്ട് എന്നിവയിൽ പ്രസക്തമായത് പുറപ്പെടുവിക്കുന്നതിനൊപ്പം പരിഹരിക്കപ്പെടാതെ നിൽക്കുന്ന ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാൻ ചാർജ്/സർചാർജ് പ്രൊപ്പോസൽ കൂടി ഡയറക്ടർക്ക് അയയ്ക്കുന്നു.

ചാർജ്/സർചാർജ് ശുപാർശയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിയായവർക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചട്ടം 20(2) പ്രകാരം ചാർജ്/സർചാർജ് നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് ലഭിച്ച് ആറുമാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിക്കെതിരെ നിശ്ചയിച്ചിരിക്കുന്ന നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ, സ്വീകാര്യമായ വിശദീകരണമോ നൽകണം. അല്ലാത്തപക്ഷം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 16(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20(7) എന്നിവ പ്രകാരം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് ആ വ്യക്തിക്കെതിരെ പുറപ്പെടുവിക്കുന്നു.

2012-13 ൽ 8.41 കോടി രൂപയുടെ നഷ്ടത്തിന് 642 സർചാർജ് നോട്ടീസുകളും, 52.39 ലക്ഷം രൂപയുടെ നഷ്ടത്തിന് 107 ചാർജ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 58,970/- രൂപയുടെ നഷ്ടത്തിന് 3 ചാർജ് സർട്ടിഫിക്കറ്റുകളും 19,44,643/- രൂപയുടെ നഷ്ടത്തിന് 29 സർചാർജ് സർട്ടിഫിക്കറ്റുകളും പുറപ്പെടുവിക്കുകയുണ്ടായി.

**2012-13 ൽ പുറപ്പെടുവിച്ച ചാർജ്/സർചാർജ് നോട്ടീസുകളുടെയും സർട്ടിഫിക്കറ്റുകളുടെയും വിശദാംശങ്ങൾ**

| വർഷം | ചാർജ് നോട്ടീസുകൾ | | സർചാർജ് നോട്ടീസുകൾ | | ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | ചാർജ് | സർചാർജ് |
| 2012-13 | 107 | 52,39,976 | 642 | 8,41,19,482 | 19,186 | 1,33,108 |

| വർഷം | ചാർജ് സർട്ടിഫിക്കറ്റുകൾ | | സർചാർജ് സർട്ടിഫിക്കറ്റുകൾ | | ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | ചാർജ് | സർചാർജ് |
| 2012-13 | 3 | 58,970 | 29 | 19,44,643 | - | 1,64,497 |

## 1.6. ഓഡിറ്റ് ചാർജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 19-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) എന്നിവ പ്രകാരം ഓഡിറ്റ് സ്ഥാപനങ്ങൾ അവയുടെ വരുമാനത്തിന്റെ 0.5% തുക ഓഡിറ്റ് ചാർജായി അടയ്ക്കേണ്ടതുണ്ട്. 28.2.2009 ലെ ജി.ഒ.(പി)നം.368/09/ധന. ഉത്തരവ് പ്രകാരം ഓഡിറ്റ് ചാർജ് ഒരു ശതമാനമായി ഉയർത്തി (2009-10 മുതൽ പ്രാബല്യത്തിൽ).10.5.2012 ലെ സ.ഉ.(അച്ചടി)നം.124/2012/തസ്വഭവപ്രകാരം ഓഡിറ്റ് ചാർജ് (കുടിശ്ശികയുൾപ്പെടെ) നൽകുന്നതിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഇതുമൂലം, ഓഡിറ്റ് ചാർജിനത്തിൽ ഉണ്ടായിരുന്ന വരവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

സർക്കാർ ഗ്രാന്റ് ലഭിക്കുന്ന അനാഥാലയങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, ജില്ലാ/താലൂക്ക് ലൈബ്രറി കൗൺസിലുകൾ, സൈനിക ബെനവലന്റ് ഫണ്ട്, കേരള പോലീസ് വെൽഫയർ & അമിനിറ്റി ഫണ്ട് എന്നിവയെ വിവിധ ഉത്തരവുകളിലൂടെ സർക്കാർ ഓഡിറ്റ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം ആകെ 1,94,74,795 രൂപ ഓഡിറ്റ് ചാർജായി ലഭിച്ചിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

## 1.7. ഓഡിറ്റ് പുരോഗതി

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, സർവ്വകലാശാലകൾ, വിവിധ ക്ഷേമനിധി ബോർഡുകൾ, ദേവസ്വം ബോർഡുകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തുടങ്ങി 2211 സ്ഥാപനങ്ങളിൽ 2012-13 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്യുകയുണ്ടായി. 11,48,094.62 ലക്ഷം രൂപയുടെ വരവ് കണക്കുകളും 9,98,361.64 ലക്ഷം രൂപയുടെ ചെലവുകണക്കുകളും ഓഡിറ്റിന് വിധേയമാക്കി. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | ആകെ വരവ് (ലക്ഷത്തിൽ) | ആകെ ചെലവ് (ലക്ഷത്തിൽ) | ചെലവ് നഷ്ടം/നിരാകരിച്ച തുക (ലക്ഷത്തിൽ) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 705 | 1647 | 660390.62 | 567712.39 | 3479.59 | 20888.24 |
| ബ്ലോക്ക് പഞ്ചായത്ത് | 86 | 224 | 147501.33 | 122521.43 | 264.43 | 5663.61 |
| ജില്ലാപഞ്ചായത്ത് | 12 | 17 | 74009.1 | 58128.76 | 173.6 | 6597.01 |
| മുനിസിപ്പാലിറ്റി | 44 | 95 | 96204.74 | 81191.41 | 214.82 | 5183.19 |
| കോർപ്പറേഷൻ | 5 | 7 | 33238.58 | 30326.36 | 74.97 | 1271.61 |
| സർവ്വകലാശാല | 9 | 9 | 76984.77 | 75358.2 | 125.14 | 1729.81 |
| മറ്റ് സ്ഥാപനങ്ങൾ | 1350 | 1154 | 59765.48 | 63123.09 | 7118.95 | 1749.74 |
| **ആകെ** | **2211** | **3153** | **1148094.62** | **998361.64** | **11451.5** | **43083.21** |

LOCAL FUND AUDIT DEPARTMENT

## 1.8. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന

### ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

#### ജില്ലാ ഓഡിറ്റ്ഓഫീസുകൾ (14 എണ്ണം)

1. തിരുവനന്തപുരം
2. കൊല്ലം
3. പത്തനംതിട്ട
4. ആലപ്പുഴ
5. കോട്ടയം
6. ഇടുക്കി
7. എറണാകുളം
8. തൃശൂർ
9. പാലക്കാട്
10. മലപ്പുറം
11. കോഴിക്കോട്
12. വയനാട്
13. കണ്ണൂർ
14. കാസറഗോഡ്

#### സമകാലീന ഓഡിറ്റ് ഓഫീസുകൾ (42 എണ്ണം)

##### മുനിസിപ്പൽ കോർപ്പറേഷനുകൾ (5 എണ്ണം)

1. തിരുവനന്തപുരം
2. കൊല്ലം
3. കൊച്ചി
4. തൃശൂർ
5. കോഴിക്കോട്

##### മുനിസിപ്പൽ കൗൺസിലുകൾ (12 എണ്ണം)

1. തിരുവല്ല
2. കോട്ടയം
3. ചങ്ങനാശ്ശേരി
4. ആലപ്പുഴ
5. ആലുവ
6. പെരുമ്പാവൂർ
7. പാലക്കാട്
8. തിരൂർ
9. വടകര
10. കണ്ണൂർ
11. തലശ്ശേരി
12. കാസറഗോഡ്

##### സർവ്വകലാശാലകൾ (11 എണ്ണം)

1. കേരള സർവ്വകലാശാല
2. കേരള കാർഷിക സർവ്വകലാശാല
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
4. മഹാത്മാഗാന്ധി സർവ്വകലാശാല
5. കോഴിക്കോട് സർവ്വകലാശാല
6. കാലടി സംസ്കൃത സർവ്വകലാശാല
7. കണ്ണൂർ സർവ്വകലാശാല
8. കേരള ആരോഗ്യ സർവ്വകലാശാല,തൃശ്ശൂർ
9. കേരള വെറ്റിനറി സർവ്വകലാശാല,വയനാട്
10. കേരള ഫിഷറീസ് സർവ്വ കലാശാല,എറണാകുളം
11. മലയാളം സർവ്വകലാശാല, തിരൂർ

##### ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ (2 എണ്ണം)

1. തലശ്ശേരി
2. പാലക്കാട്

##### വികസന അതോറിറ്റികൾ (2 എണ്ണം)

1. ട്രിഡ
2. ജി.സി.ഡി.എ.

##### ദേവസ്വം ബോർഡുകൾ (4 എണ്ണം)

1. തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഗുരുവായൂർ ദേവസ്വം ബോർഡ്
3. കൊച്ചിൻ ദേവസ്വം ബോർഡ്
4. മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്

##### മറ്റു സ്ഥാപനങ്ങൾ (7 എണ്ണം)

1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
2. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3. സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
4. കെ.എച്ച്.ആർ.ഡബ്ല്യു.എസ്
5. വെൽഫെയർ ഫണ്ട് ഓഡിറ്റ്
6. കാർഷിക കോളേജ്, വെള്ളായണി
7. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഓഡിറ്റ്

#### പരിശീലന കേന്ദ്രം (ഒന്ന്)

LOCAL FUND AUDIT DEPARTMENT

## അധ്യായം – 2

**പൊതുഅവലോകനം**

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തിവരുന്ന ക്ഷേമ-വികസന പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭരണഘടനാ ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി അധികാരവികേന്ദ്രീകരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനം കൂടിയാണ് കേരളം. 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസി പ്പാലിറ്റി നിയമം എന്നിവ നിലവിൽ വന്നതോടെ അധികാരത്തിനൊപ്പം വിഭവങ്ങളും ഉത്തരവാദിത്തങ്ങളും വികേന്ദ്രീകരിച്ചു നൽകുകയുണ്ടായി. ഇത് സംസ്ഥാനത്തെ തദ്ദേശസ്വയംഭണ സ്ഥാപനങ്ങളെ കൂടുതൽ കരുത്തുള്ള വയാക്കാൻ സഹായിച്ചിട്ടുണ്ട്.

2006 ൽ സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് ഒരു പ്രിൻസി പ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപിപ്പിച്ചു. അതോടൊപ്പം ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാപഞ്ചായത്തുകളിലും ലയിപ്പിച്ചു. ത്രിതല പഞ്ചായത്തുകളുടെ ഏകോപനം, സ്ഥലപരമായ സംയോ ജനം എന്നിവ സാധ്യമാക്കാൻ ഈ നടപടികളിലൂടെ കഴിഞ്ഞു. കൂടാതെ, പ്രാദേശികവികസന പദ്ധതികൾക്കൊപ്പം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ സംയോജനവും ഇതിലൂടെ സാധ്യമായി. വികസന കാഴ്ചപ്പാടുകളിൽ കൂടുതൽ വ്യക്തത കൈവരുത്തുവാനും ഈ നടപടികൾ ഉപകരിച്ചിട്ടുണ്ട്.

2011 മെയ് മുതൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ മൂന്ന് മന്ത്രാലയങ്ങളുടെ കീഴിലാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവർത്തിച്ചു വരുന്നത്.

ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ഭാഗമായാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണം നിലവിൽ വന്നിട്ടുള്ളത്. 1994 ൽ നടപ്പിൽ വന്ന കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. സമൂഹത്തിന്റെ മാറി വരുന്ന ആവശ്യ ങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കി ഭരണനിർവ്വഹണം കൂടുതൽ പ്രതികരണക്ഷമതയേറിയതും സുതാര്യവുമാക്കാൻ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 9, 10, 11 പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പി ലാക്കിയ വികേന്ദ്രീകൃതാസൂത്രണ നടപടികൾക്ക് ഒട്ടേറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജന ങ്ങൾക്കും ജനപ്രതിനിധികൾക്കും ആസൂത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും തിരിച്ചറിയാനുമുള്ള കഴിവുണ്ടായി എന്നതാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിലൂടെയുണ്ടായിട്ടുള്ള ഏറ്റവും പ്രധാന നേട്ടങ്ങളിലൊന്ന്. ദാരിദ്ര്യ നിർമ്മാർജ്ജനം, ദുർബലവിഭാഗങ്ങളുടെ ഉന്നമനം, കൃഷി അനുബന്ധമേഖലകളുടെ പുനരുജ്ജീവനം, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, അഗതികളുടെ പുനരധിവാസം, സംയോ ജിത പാർപ്പിടപദ്ധതികൾ തുടങ്ങിയവയൊക്കെ കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ മാതൃകാപരമായി നട ക്കുന്ന പ്രവർത്തനങ്ങളാണ്.

12-ാം പഞ്ചവൽസര പദ്ധതിയിലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വികേന്ദ്രീകൃതാ സൂത്രണം ശക്തമാക്കാനുള്ള ശ്രമങ്ങൾ സർക്കാർ തുടരുകയാണ്.

നിലവിൽ 1209 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ഇവയിൽ 1144 എണ്ണം ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് (978 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായ ത്തുകൾ). ആകെ നഗരതദ്ദേശ സ്ഥാപനങ്ങൾ 65 എണ്ണമാണുള്ളത് (60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷൻ).

LOCAL FUND AUDIT DEPARTMENT

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റനോട്ടത്തിൽ

| ക്രമ നം | ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം | എണ്ണം | വാർഡുകളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 73 | 1299 | 11 | 155 | 1 | 26 | 4 | 147 | 1 | 100 | 90 | 1727 |
| 2 | കൊല്ലം | 70 | 1274 | 11 | 153 | 1 | 26 | 3 | 102 | 1 | 55 | 86 | 1610 |
| 3 | പത്തനംതിട്ട | 54 | 811 | 8 | 106 | 1 | 17 | 3 | 99 | | | 66 | 1033 |
| 4 | ആലപ്പുഴ | 73 | 1186 | 12 | 158 | 1 | 23 | 5 | 186 | | | 91 | 1553 |
| 5 | കോട്ടയം | 73 | 1180 | 11 | 148 | 1 | 23 | 4 | 141 | | | 89 | 1492 |
| 6 | ഇടുക്കി | 53 | 814 | 8 | 104 | 1 | 16 | 1 | 35 | | | 63 | 969 |
| 7 | എറണാകുളം | 84 | 1369 | 14 | 185 | 1 | 26 | 11 | 369 | 1 | 74 | 111 | 2023 |
| 8 | തൃശ്ശൂർ | 88 | 1501 | 16 | 213 | 1 | 29 | 6 | 233 | 1 | 55 | 112 | 2031 |
| 9 | പാലക്കാട് | 91 | 1542 | 13 | 182 | 1 | 29 | 4 | 150 | | | 109 | 1903 |
| 10 | മലപ്പുറം | 100 | 1902 | 15 | 227 | 1 | 32 | 7 | 278 | | | 123 | 2439 |
| 11 | കോഴിക്കോട് | 75 | 1335 | 12 | 169 | 1 | 27 | 2 | 91 | 1 | 75 | 91 | 1697 |
| 12 | വയനാട് | 25 | 459 | 4 | 57 | 1 | 16 | 1 | 28 | | | 31 | 560 |
| 13 | കണ്ണൂർ | 81 | 1345 | 11 | 155 | 1 | 26 | 6 | 244 | | | 99 | 1770 |
| 14 | കാസർഗോഡ് | 38 | 663 | 6 | 83 | 1 | 16 | 3 | 113 | | | 48 | 875 |
| | **ആകെ** | **978** | **16680** | **152** | **2095** | **14** | **332** | **60** | **2216** | **5** | **359** | **1209** | **21682** |

അവലംബം : പഞ്ചായത്ത് ഗൈഡ് 2013

## 2.1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികവികസന പ്രവർത്തനങ്ങൾക്കായുള്ള വിഭവങ്ങൾ ലഭിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായം, തനത് വരുമാനം, വായ്പ തുടങ്ങിയവയിൽ നിന്നാണ്. വികസന ഫണ്ട്, വകുപ്പുകളിൽ നിന്നുള്ള ധനസഹായം, സംരക്ഷണ ഗ്രാന്റ്, പൊതുഉദ്ദേശ്യഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം, വായ്പകൾ എന്നീ ഇനങ്ങളിലായാണ് ഇവ ലഭിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തിക സ്രോതസ്സിന്റെ സിംഹഭാഗവും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡിലൂടെയാണ് ലഭിക്കുന്നത്.

**11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള**

**ധനസഹായം/വികസന ഫണ്ട് ( രൂപ കോടിയിൽ)**

| വാർഷിക പദ്ധതി | സംസ്ഥാന പദ്ധതി വിഹിതം | തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം/വികസന ഫണ്ട് | ശതമാനം |
|---|---|---|---|
| 2007-08 | 6950 | 1540 | 22.16 |
| 2008-09 | 7700 | 1694 | 22.00 |
| 2009-10 | 8920 | 1863 | 20.89 |
| 2010-11 | 10025 | 2050 | 20.45 |
| 2011-12 | 11030 | 2750 | 24.93 |
| **ആകെ** | **44625** | **9897** | **22.18** |

അവലംബം-സാമ്പത്തിക അവലോകനം- 2012

LOCAL FUND AUDIT DEPARTMENT

11-ാം പദ്ധതിയുടെ ആദ്യത്തെ നാലു വാർഷിക പദ്ധതികളിലും ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതത്തിൽ ക്രമാനുഗതമായി കുറവു വന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 2011-12 വർഷം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തോളം തുക വർദ്ധിപ്പിക്കുവാൻ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ഇതിനാലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം 2011-12 ൽ 24.93 ശതമാനമായി വർദ്ധിച്ചത്. 2007-08 മുതൽ 2010-11 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് സ്വരൂപിക്കുന്നതിലും കുറവുണ്ടായി. സംസ്ഥാന പദ്ധതി അടങ്കലിൽ ഓരോ വർഷവും ഉണ്ടാകുന്ന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായ വർദ്ധനവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവെക്കുന്ന പദ്ധതി വിഹിതത്തിൽ ഉണ്ടായിട്ടില്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികവാർന്ന പ്രകടനമാണ് 11-ാം പദ്ധതി കാലയളവിൽ കാഴ്ച വെച്ചിട്ടുള്ളത്. 2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലായി പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും ഉൽപ്പാദന മേഖലയിലേക്ക് വകയിരുത്താവുന്ന കുറഞ്ഞ പരിധി 30 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുകയും മൂലധന ആസ്തികളുടെ വർദ്ധനവിനായി ഉപയോഗിക്കുകയും ചെയ്തു.




അവലംബം : ബജറ്റ് രേഖകൾ 2010–11, 2011–12

## 2.2. പദ്ധതി വിഹിതത്തിന്റെ വിഭജനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതത്തെ പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി ) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം വിഭജിച്ച് നൽകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വെച്ചാണ് പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തുന്നത്.

പദ്ധതി വിഹിതങ്ങൾ വകയിരുത്തുന്നതിൽ 11-ാം പദ്ധതിയിൽ ഏതാനും വ്യവസ്ഥകൾ സ്വീകരിക്കുകയുണ്ടായി. അവ ഇനിപ്പറയുന്നു.

1) സംസ്ഥാന പദ്ധതി തുകയുടെ 9.81 ശതമാനം പ്രത്യേക ഘടകപദ്ധതിക്കും 2 % പട്ടികവർഗ്ഗ ഉപ പദ്ധതിക്കും വകയിരുത്തി.

2) പ്രത്യേകഘടക പദ്ധതിയിൽ മൊത്തം വിഹിതത്തിന്റെ 2/3 ഭാഗം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റി വെച്ചു. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 50:50 എന്ന അനുപാതത്തിൽ സംസ്ഥാന പദ്ധതിവിഹിത സ്കീമിലും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി പങ്കുവെക്കുന്നു.

3) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന വിഹിതം തീർച്ചപ്പെടുത്തിയാൽ പൊതുവിഭാഗം വിഹിതത്തിൽ നിന്നും തുക കുറവ് ചെയ്ത് മാറ്റിവെക്കുന്നു.

LOCAL FUND AUDIT DEPARTMENT

**2011-12 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച ധനസഹായം/വികസന ഫണ്ട് മേഖലാടിസ്ഥാനത്തിൽ (തുക ലക്ഷം രൂപയിൽ)**

| തദ്ദേശഭരണ സ്ഥാപനം | പൊതുവിഭാഗം | | പ്രത്യേകഘടക പദ്ധതി | | പട്ടികവർഗ്ഗ ഉപപദ്ധതി | | ആകെ | |
|---|---|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | അനുവദിച്ച തുക | ബജറ്റ് വിഹിതം | അനുവദിച്ച തുക | ബജറ്റ് വിഹിതം | അനുവദിച്ച തുക | ബജറ്റ് വിഹിതം | അനുവദിച്ച തുക |
| ഗ്രാമപഞ്ചായത്ത് | 99,560.19 | 118180.7 | 34,107.60 | 55,213.52 | 5,862.89 | 8049.99 | 139530.68 | 181444.21 |
| ബ്ലോക്ക് പഞ്ചായത്ത് | 23313.2 | 32858.64 | 11369.2 | 15192.82 | 1954.29 | 2580.69 | 36636.69 | 50632.15 |
| ജില്ലാ പഞ്ചായത്ത് | 20466.8 | 37010.03 | 11369.2 | 18334.41 | 1954.29 | 3378.91 | 33790.29 | 58723.35 |
| നഗരസഭകൾ | 20876.59 | 25746.11 | 5086.38 | 7924.76 | 137.52 | 192.64 | 26100.5 | 33863.51 |
| കോർപ്പറേഷൻ | 15915.22 | 21162.05 | 4090.62 | 7255.34 | 0 | 0.85 | 20005.84 | 28418.24 |
| **ആകെ** | **180,132.00** | **234,957.53** | **66,023.00** | **103,920.85** | **9,908.99** | **14,203.08** | **256,064.00** | **353,081.46** |

**അവലംബം – സാമ്പത്തിക അവലോകനം 2012**

എല്ലാ വിഭാഗങ്ങളിലുമുള്ള ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ സിംഹഭാഗവും ലഭിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്തുകൾക്കാണ്. യഥാക്രമം ജില്ലാപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളുമാണ് രണ്ടും, മൂന്നും സ്ഥാനങ്ങളിൽ.

## 2.3. പദ്ധതി വിഹിതത്തിന്റെ വിനിയോഗം

പൊതുവിഭാഗം, പ്രത്യേക ഘടകപദ്ധതി (എസ്.സി.പി) എന്നിവയുടെ വിനിയോഗത്തിൽ 2010-11 നേക്കാൾ പുരോഗതി 2011-12 ൽ ഉണ്ടായിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതി വിനിയോഗത്തിൽ നാമമാത്രമായ വർദ്ധനയേ സംഭവിച്ചിട്ടുള്ളൂ. 2010-11 ൽ പൊതുവിഭാഗത്തിൽ ആകെ അനുവദിക്കപ്പെട്ട തുക 1,89,904.37 ലക്ഷം രൂപയായിരുന്നു. ഈ വിഭാഗത്തിൽ 1,35,473.17 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആകെ അനുവദിക്കപ്പെട്ട തുകയുടെ 71.34 ശതമാനം ചെലവഴിക്കാൻ 2010-11 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്രത്യേകഘടക പദ്ധതിയിൽ 56.08 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 65.6 ശതമാനം എന്നിങ്ങനെയാണ് 2010-11 ൽ ചെലവായ മറ്റു തുകകൾ.

**2011-12 ലെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം (രൂപ ലക്ഷത്തിൽ)**

| തദ്ദേശഭരണ സ്ഥാപനം | പൊതുവിഭാഗം | | | പ്രത്യേക ഘടകപദ്ധതി | | | പട്ടികവർഗ്ഗ ഉപപദ്ധതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം | അനുവദിച്ച തുക | ചെലവ് | ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 118180.7 | 98,712.10 | 83.53 | 55,213.52 | 37191.17 | 67.36 | 8049.99 | 5098.32 | 63.33 | 181444.21 | 141001.59 | 77.71 |
| ബ്ലോക്ക് – പഞ്ചായത്ത് | 32858.64 | 26367.01 | 80.24 | 15192.82 | 11504.54 | 75.72 | 2580.69 | 2072.38 | 80.3 | 50632.15 | 39943.93 | 78.89 |
| ജില്ലാ പഞ്ചായത്ത് | 37010.03 | 28064.61 | 75.83 | 18334.41 | 12923.36 | 70.49 | 3378.91 | 2014.82 | 59.63 | 58723.35 | 43002.79 | 73.23 |
| നഗര സഭകൾ | 25746.11 | 20179.52 | 78.38 | 7924.76 | 4701.91 | 59.33 | 192.64 | 121.24 | 62.94 | 33863.51 | 25002.67 | 73.83 |
| കോർപ്പറേഷൻ | 21162.05 | 13068.7 | 61.76 | 7255.34 | 3448.42 | 47.53 | 0.85 | 0 | 0 | 28418.24 | 16517.12 | 58.12 |
| ആകെ | 234,957.53 | 186,391.94 | 79.33 | 103,920.85 | 69,769.40 | 67.14 | 14,203.08 | 9,306.76 | 65.53 | 353,081.46 | 265468.1 | 75.19 |

**അവലംബം – ഇൻഫർമേഷൻ കേരള മിഷൻ 2012**

LOCAL FUND AUDIT DEPARTMENT

പദ്ധതിവിഹിതങ്ങളുടെ മൊത്തത്തിലുള്ള വിനിയോഗത്തിൽ മുന്നിലുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ആകെ ലഭിച്ച പദ്ധതി വിഹിതത്തിന്റെ 78.89 ശതമാനം വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി വിനിയോഗത്തിൽ രണ്ടാമതുള്ളത് ഗ്രാമപഞ്ചായത്തുകളാണ് - 77.71 ശതമാനം.പൊതു വിഭാഗത്തിലുള്ള പദ്ധതി വിഹിതം ഏറ്റവുമധികം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത് ഗ്രാമപഞ്ചായത്തുകൾക്കാണ് - 83.53 ശതമാനം. ബ്ലോക്ക് പഞ്ചായത്തുകളാണ് ഇതിൽ രണ്ടാമതുള്ളത് - 80.24 ശതമാനം. പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ വിനിയോഗത്തിൽ മുന്നിൽ ബ്ലോക്കുപഞ്ചായത്തുകളാണ് - യഥാക്രമം 75.72 ശതമാനം, 80.30 ശതമാനം. പദ്ധതി വിഹിതത്തിന്റെ വിനിയോഗത്തിൽ ഏറ്റവും മോശപ്പെട്ട പ്രകടനം കാഴ്ചവെച്ചിട്ടുള്ളത് കോർപ്പറേഷനുകളാണ്. ആകെ ലഭിച്ച പദ്ധതി വിഹിതത്തിന്റെ 58.12 ശതമാനം മാത്രമാണ് കോർപ്പറേഷനുകൾക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്.




അവലംബം - ഇൻഫർമേഷൻ കേരള മിഷൻ - 2012

**ലഘുഅവലോകനങ്ങൾ**

## 2.4. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ജനങ്ങളുടെ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട വിപുലവും അനിവാര്യവുമായ ഒട്ടേറെ ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾ ജനസൗഹൃദപരമാക്കുക, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ 02.07.2009 ലെ 123/2009/തസ്വഭവ നം. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചത്.

"ആദ്യം വരുന്നവർക്ക് ആദ്യം" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ സേവനം നൽകുന്ന സംവിധാനമാണ് ഫ്രണ്ട് ഓഫീസ്. അപേക്ഷകളുടെയും മറ്റു തപാലുകളുടെയും സ്വീകരണം, സേവനം നൽകൽ, അപേക്ഷകളുടെ അപ്പോഴത്തെ സ്ഥിതിയും വിവിധ വിവരങ്ങളും ലഭ്യമാക്കൽ തുടങ്ങിയ മുഖാമുഖ പ്രവർത്തനങ്ങൾ പൂർണമായും ഫ്രണ്ട് ഓഫീസിലാണ് നിർവ്വഹിക്കപ്പെടുന്നത്.

നേരിട്ടും അല്ലാതെയും ലഭിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. തപാൽ പെട്ടി വഴി ലഭിക്കുന്ന തപാലുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ആദ്യവും, പരാതിപ്പെട്ടി വഴി ലഭിക്കുന്നവ അത് തുറക്കുന്ന ദിവസവും രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ വിതരണ രജിസ്റ്ററിൽ ചേർക്കേണ്ടതാണ് . പ്രസ്തുത രജിസ്റ്ററിലെ 1 മുതൽ 8 വരെ കോളങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് തന്നെ പൂരിപ്പിക്കേണ്ടതാണ്. കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്. അതാത് ദിവസം സേവനം ലഭ്യമാക്കേണ്ട തപാലുകളും അടിയന്തിര തപാലുകളും പരമാവധി 30 മിനിറ്റിനകവും മറ്റു തപാലുകൾ അന്നേ ദിവസം തന്നെ കഴിയുന്നത്ര വേഗത്തിലും, എന്നാൽ വൈകിട്ട് 4.00 മണിക്ക് മുൻപായും സെക്ഷനുകളിലേക്ക് കൈമാറേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടെയും പരാതികളുടെയും കാര്യത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസിൽ കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ അതാത് ദിവസം പൂർണ്ണമാക്കി അസിസ്റ്റന്റും സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. പൊതുജനങ്ങൾക്കും ജീവനക്കാർക്കും വേണ്ട പശ്ചാത്തല സൗകര്യങ്ങളും ഫ്രണ്ട് ഓഫീസിൽ ഒരുക്കേണ്ടതാണ്. വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിലും അവ മെസ്സേജ് ബുക്ക് വഴി നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കുള്ള എല്ലാ വരവുകളും ചട്ടപ്രകാരമുള്ള രസീതും നൽകി ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. കാഷ് നൽകൽ ഫ്രണ്ട് ഓഫീസ് വഴിയായിരിക്കണം.

02.07.2009 ലെ സ.ഉ (കൈ)123/09/തസ്വഭവ നം. ഉത്തരവ് പ്രകാരം ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 3 മണി വരെയായിരുന്നത് 16.10.2012 ലെ സ.ഉ (സാധാ) 2876/12/തസ്വഭവ നം. ഉത്തരവ് പ്രകാരം 10 മണി മുതൽ 5 മണി വരെയാക്കി ദീർഘിപ്പിച്ചു.

തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയുണ്ടായി.വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പരിശോധന നടത്തിയ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫ്രണ്ട് ഓഫീസിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്. നല്ലൊരു ശതമാനം ഗ്രാമപഞ്ചായത്തുകളിലും അപേക്ഷകൾ സ്വീകരിക്കലും, തൊഴിൽ കാർഡ് അനുവദിച്ചു നൽകലും ഫ്രണ്ട് ഓഫീസ് വഴിയല്ല. ക്യാഷ് ചെസ്റ്റ്, ടോക്കൺ സമ്പ്രദായം എന്നിവ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളുടെ രത്നച്ചുരുക്കം താഴെ കൊടുക്കുന്നു;

| ക്രമ നം. | ത.സ്വ.ഭ സ്ഥാപനം (ജില്ല) | കണ്ടെത്തിയ അപാകതകൾ | |
|---|---|---|---|
| | | ഭൗതിക സാഹചര്യങ്ങൾ | ഓഫീസ് പ്രവർത്തനം |
| 1 | കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | ഇന്റർകോം, പരാതിപ്പെട്ടി എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി അപൂർണം. 10.30 മുതൽ 3.30 വരെ മാത്രം ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നു. ജീവനക്കാരെ സഹായിക്കാൻ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ചുമതലപ്പെടുത്തുന്നില്ല. മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. |
| 2 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് (കൊല്ലം) | സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച ബോർഡ് സ്ഥാപിച്ചിട്ടില്ല. | മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. |
| 3 | ഇട്ടിവ ഗ്രാമപഞ്ചായത്ത് (കൊല്ലം) | ഫ്രണ്ട് ഓഫീസ് കൗണ്ടർ, ഓഡിറ്റ് കാലയളവ് വരെയും (02.08.12) പ്രവർത്തനക്ഷമമായില്ല. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. ജീവനക്കാരുടെ പ്രതിമാസ യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം ചർച്ച ചെയ്യപ്പെടുന്നില്ല. |
| 4 | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട) | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള റാമ്പ്, ഇരിപ്പിടങ്ങൾ,പരാതിപ്പെട്ടി എന്നിവ ഏർപ്പെടുത്തിയിട്ടില്ല. | MNREGS അപേക്ഷകൾ ഫ്രണ്ട് ഓഫീസ് വഴിയല്ല സ്വീകരിക്കുന്നത്. സേവനങ്ങൾ സെക്ഷനുകളിൽ നിന്നും നേരിട്ട് ലഭ്യമാക്കുന്നു. ഹെഡ് ക്ലർക്ക് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നില്ല. സ്റ്റാഫ് മീറ്റിംഗ് കൃത്യമായി കൂടുന്നില്ല. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 5 | കുറ്റൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട) | ചെക്ക് ലിസ്റ്റ് ഉപയോഗിക്കുന്നില്ല. നിലവിൽ ക്യാഷ് ചെസ്റ്റ് ഇല്ല. | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. |
| 6 | കുളനട ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട) | വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. ടെലിഫോൺ സൗകര്യം ഇല്ല | ജീവനക്കാർക്ക് വേണ്ട പരിശീലനം നൽകാത്തതിനാൽ സേവനം നൽകുന്നതിൽ കാലതാമസം വരുന്നു. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല |
| 7 | രാമങ്കരി ഗ്രാമപഞ്ചായത്ത് (ആലപ്പുഴ) | സേവനവിവര ബോർഡ് സ്ഥാപിച്ചിട്ടില്ല. റാമ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. | ഫോറം വിതരണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. |
| 8 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ) | എഴുത്തുമേശ, പരാതിപ്പെട്ടി എന്നിവ ഏർപ്പെടുത്തിയിട്ടില്ല. ടോയ്ലറ്റ് സംവിധാനം ഇല്ല. | ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നില്ല. മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം നടക്കുന്നില്ല. |
| 9 | കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് (ആലപ്പുഴ) | ഇരിപ്പിടം, മേശ, ഷെൽഫ്, ക്യാബിൻ, പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനം, ആവശ്യമായ സ്റ്റേഷനറി എന്നിവ ഒരുക്കിയിട്ടില്ല. | മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റാഫ് മീറ്റിംഗിലും ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല. |
| 10 | പെരുമ്പളം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ) | ഫ്രണ്ട് ഓഫീസ് സംവിധാനത്തിനായി ഒരു താൽക്കാലിക ക്യാബിൻ മാത്രമാണ് പണികഴിപ്പിച്ചിട്ടുള്ളത്. അടച്ചുറപ്പുള്ള മേശയോ, പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനമോ ഏർപ്പെടുത്തിയിട്ടില്ല. സ്റ്റേഷനറി സാധനങ്ങൾ, കുടിവെള്ളം, ടോയ്ലറ്റ് മുതലായ സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ സ്വീകരണവും തൊഴിൽ കാർഡ് വിതരണവും ഫ്രണ്ട് ഓഫീസ് വഴിയല്ല. മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. |
| 11 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് (ഇടുക്കി) | ഇന്റർകോം, കമ്പ്യൂട്ടർ എന്നിവ ഒരുക്കിയിട്ടില്ല. | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകുന്നില്ല. പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. വാർഷിക പൗരയോഗങ്ങൾ സംഘടിപ്പിക്കുന്നില്ല. |
| 12 | പുറപ്പുഴ ഗ്രാമപഞ്ചായത്ത് (ഇടുക്കി) | ഫ്രണ്ട് ഓഫീസ് കൗണ്ടർ, സ്റ്റേഷനറി, ഇരിപ്പിടങ്ങൾ തുടങ്ങിയവയൊന്നും ക്രമീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | മോണിട്ടറിംഗ് സംവിധാനം പ്രവർത്തനക്ഷമമല്ല. സ്റ്റാഫ് മീറ്റിംഗിൽ ഫ്രണ്ട് ഓഫീസ് സംവിധാനം വിലയിരുത്തപ്പെടുന്നില്ല. വാർഷിക പൗരയോഗങ്ങൾ സംഘടിപ്പിക്കുന്നില്ല. |
| 13 | മരിയാപുരം ഗ്രാമപഞ്ചായത്ത് (ഇടുക്കി) | കുടിവെള്ളം, പൊതുജനത്തിനായുള്ള ഇരിപ്പിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച അറിയിപ്പുകൾ ക്രമീകരിച്ചിട്ടില്ല. | സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രതിമാസം ഓഫീസ് മീറ്റിംഗ് ചേരുന്നില്ല. |
| 14 | കട്ടപ്പന ഗ്രാമപഞ്ചായത്ത് (ഇടുക്കി) | തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാമ്പ് സംവിധാനം, മേശ, കുടിവെള്ളം, ടോയ്ലെറ്റ് സംവിധാനം, സ്റ്റേഷനറി എന്നിവയൊന്നും സജ്ജീകരിച്ചിട്ടില്ല. വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. വാർഷിക പൗരയോഗങ്ങൾ സംഘടിപ്പിക്കുന്നില്ല. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 15 | അറക്കുളം ഗ്രാമപഞ്ചായത്ത് (ഇടുക്കി) | തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാംപ് സംവിധാനം, സ്റ്റേഷനറി, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യം തുടങ്ങിയവയൊന്നും ഒരുക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി, ഫോറം ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, ഡ്യൂട്ടി രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. വാർഷിക പൗരയോഗങ്ങൾ നടത്തുന്നില്ല. |
| 16 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് (ഇടുക്കി) | ഫ്രണ്ട് ഓഫീസിൽ പ്രവർത്തന സമയം രേഖപ്പെടുത്തിയിട്ടില്ല. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. വിവിധ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല. | ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുവെങ്കിലും ചുമതല കൈമാറുന്നയാളുടെയും ചുമതല ഏൽക്കുന്നയാളുടെയും ഒപ്പ് രേഖപ്പെടുത്തുന്നില്ല. |
| 17 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് (ഇടുക്കി) | തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാമ്പ് സംവിധാനം, പ്രഥമ ശുശ്രൂഷാ കിറ്റ്, സ്റ്റേഷനറി എന്നിവ ഒരുക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി, ഫോറം ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എന്നിവ അപൂർണമാണ്.മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. സ്റ്റാഫ് മീറ്റിംഗിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നില്ല. വാർഷിക പൗരയോഗങ്ങൾ നടത്തിയിട്ടില്ല. |
| 18 | കരുണാപുരം ഗ്രാമപഞ്ചായത്ത് (ഇടുക്കി) | ഫീഡിംഗ് റൂം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി, ഫോറം വിതരണ രജിസ്റ്റർ, മെസേജ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. |
| 19 | കുമളി ഗ്രാമപഞ്ചായത്ത് (ഇടുക്കി) | സേവനവിവരബോർഡ്, ഹാജർ ബോർഡ്, ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ, സർവ്വീസ് സ്റ്റാറ്റസ് ബോർഡ് എന്നിവ സ്ഥാപിച്ചിട്ടില്ല. | രജിസ്റ്ററുകൾ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. മോണിട്ടറിംഗ് സംവിധാനം പ്രവർത്തനക്ഷമമല്ല. വാർഷിക പൗരയോഗവും നടത്തുന്നില്ല. |
| 20 | ദേവികുളം കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് (ഇടുക്കി) | പൊതുജനത്തിനായുള്ള ഇരിപ്പിടം, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. | സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 21 | മണക്കാട് ഗ്രാമപഞ്ചായത്ത് (ഇടുക്കി) | പൗരാവകാശ രേഖ, സർവ്വീസ് സ്റ്റാറ്റസ് ബോർഡ് എന്നിവ ഫ്രണ്ട് ഓഫീസിൽ ഇല്ല. | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റിന്റെ സേവനം ലഭ്യമല്ല. ഫോറം ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ ഇല്ല. |
| 22 | കുടയത്തൂർ ഗ്രാമപഞ്ചായത്ത് (ഇടുക്കി) | കൈക്കുഞ്ഞുങ്ങളുമായി എത്തുന്ന അമ്മമാർ, സ്ത്രീകൾ തുടങ്ങിയവർക്ക് ഫ്രണ്ട് ഓഫീസിൽ ആവശ്യമായ ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടില്ല. | മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം കൂടുകയോ ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യുകയോ ചെയ്യുന്നില്ല. |
| 23 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് (ഇടുക്കി) | സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച അറിയിപ്പുകൾ ക്രമീകരിച്ചിട്ടില്ല. കമ്പ്യൂട്ടർ സംവിധാനം ഉപയോഗിക്കുന്നില്ല. | സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. |
| 24 | അടിമാലി ഗ്രാമപഞ്ചായത്ത് (ഇടുക്കി) | സേവനങ്ങളും നിബന്ധനകളും സംബന്ധിച്ച അറിയിപ്പുകൾ ക്രമീകരിച്ചിട്ടില്ല | സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 25 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് (ഇടുക്കി) | സേവന വിവര ബോർഡ്, ഹാജർ ബോർഡ്, ഗ്രാമസഭകൾ സംബന്ധിച്ച വിവരങ്ങൾ, സ്റ്റാറ്റസ് ബോർഡ് എന്നിവ പ്രദർശിപ്പിച്ചിട്ടില്ല. തപാൽ പ്പെട്ടി, റാംപ് സംവിധാനം, അപേക്ഷ ഫോറങ്ങൾ, കുടിവെള്ളം, പരാതിപ്പെ ട്ടി, വാഷ്ബേസിൻ, പ്രഥമ ശുശ്രൂഷാ കിറ്റ്, ടെലഫോൺ സൗകര്യം, സ്റ്റേഷ നറി മുതലായ സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. | രേഖകളിലും രജിസ്റ്ററുകളിലും പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. പൊതുജന വിലയിരുത്തൽ, വാർഷിക പൗരയോഗങ്ങൾ എന്നിവ നടപ്പാക്കിയിട്ടില്ല. സ്റ്റാഫ് മീറ്റിംഗിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല. |
| 26 | കങ്ങഴ ഗ്രാമപഞ്ചായത്ത് (കോട്ടയം) | ക്യാഷ് ചെസ്റ്റ് നിലവിലില്ല | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയി ട്ടില്ല. മെസേജ് ബുക്ക്, ഫോറ വിതരണ രജിസ്റ്റർ ഇവ സൂക്ഷിക്കുന്നില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. |
| 27 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് (കോട്ടയം) | ഫ്രണ്ട് ഓഫീസ് കൗണ്ടർ, സ്റ്റേഷനറി, ഇന്റർകോം, ഫസ്റ്റ് എയിഡ്, ടെലഫോൺ, തപാൽപ്പെട്ടി, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ ഇവയൊന്നും ഏർപ്പെടുത്തിയിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി അപൂർണം. മെസേജ് ബുക്ക്, ടോക്കൺ സമ്പ്രദായം എന്നിവ ഏർപ്പെടുത്തിയിട്ടില്ല. |
| 28 | കടനാട് ഗ്രാമപഞ്ചായത്ത് (കോട്ടയം) | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീ സിൽ എഴുതി സൂക്ഷിച്ചിട്ടില്ല. | കൈപ്പറ്റ് രസീത് നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വരവുകൾ രസീത് നൽകി ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ദിവസേന ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം പരിശോധിക്കുന്നില്ല. |
| 29 | മതിലകം ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ) | സ്റ്റേജിനായി പണിത സ്ഥലം മുറിയാക്കി മാറ്റിയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ചെക്ക് ലിസ്റ്റ് ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. | മോണിട്ടറിംഗ് സംവിധാനം, പൊതുജന വിലയിരുത്തൽ സംവിധാനം ഇവ ഏർപ്പെടുത്തിയിട്ടില്ല. |
| 30 | കലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്) | | തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള അപേക്ഷകളുടെ സ്വീകരണം, തൊഴിൽ കാർഡ് വിതരണം എന്നിവ ഫ്രണ്ട് ഓഫീസ് വഴിയല്ല. പൊതുജന വിലയിരുത്തൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. |
| 31 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്) | യു.പി.എസ് ബാക്ക് അപ്പ് ഇല്ലാത്ത ഒരു കമ്പ്യൂട്ടർ മാത്രമാണ് ഫ്രണ്ട് ഓഫീസിലുള്ളത്. | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ അപേക്ഷകളുടെ സ്വീകരണം, തൊഴിൽ കാർഡ് വിതരണം എന്നിവ ഫ്രണ്ട് ഓഫീസ് വഴിയല്ല. |
| 32 | ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് (പാലക്കാട്) | | തപാലുകളോടൊപ്പം ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ എന്നിവ രജിസ്റ്റർ ചെയ്ത് സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഫ്രണ്ട് ഓഫീ സിൽ സഹായിക്കുന്നതിനായി അറ്റന്ററെ നിയോഗിച്ചിട്ടില്ല. |
| 33 | പറപ്പൂർ ഗ്രാമപഞ്ചായത്ത് (മലപ്പുറം) | ഫ്രണ്ട് ഓഫീസിന് ആവശ്യമായ സ്ഥല സൗകര്യം ഇല്ല. ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടർവത്ക്കരിച്ചിട്ടില്ല. | സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നു. ഫ്രണ്ട് ഓഫീസ് ഡയറി അപൂർണമാണ്. |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 34 | ആനക്കയം ഗ്രാമപഞ്ചായത്ത് (മലപ്പുറം) | ജനങ്ങൾക്ക് ഇരിക്കുവാനുള്ള മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ക്യാഷ് ചെസ്റ്റ് സൂക്ഷിക്കുന്നില്ല. | തപാലുകൾക്ക് ക്രമത്തിൽ നമ്പർ നൽകിയിട്ടില്ല. ആധാരം, ബോണ്ട് എന്നിവ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഫോറങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. മോണിറ്ററിംഗ് നടത്തുന്നില്ല. സ്റ്റാഫ് മീറ്റിംഗിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നില്ല. |
| 35 | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് (മലപ്പുറം) | കമ്പ്യൂട്ടർവൽക്കരണം സാധ്യമായിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി അപൂർണ്ണമാണ്. മെസേജ് ബുക്ക് സൂക്ഷിക്കുന്നില്ല, ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. |
| 36 | താഴെക്കാട് ഗ്രാമപഞ്ചായത്ത് (മലപ്പുറം) | - | ഫ്രണ്ട് ഓഫീസ് ഡയറി, മെസേജ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. MNREGS അപേക്ഷ സ്വീകരിക്കലും കാർഡ് വിതരണവും ഫ്രണ്ട് ഓഫീസ് വഴിയല്ല. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയോ സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും കൂടുകയോ ചെയ്യുന്നില്ല. |
| 37 | ചീക്കോട് ഗ്രാമപഞ്ചായത്ത് (മലപ്പുറം) | ഫ്രണ്ട് ഓഫീസ് ക്യാബിൻ, കമ്പ്യൂട്ടർ, ഇന്റർകോം, തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാമ്പ് സംവിധാനം ഇവയൊന്നും ഏർപ്പെടുത്തിയിട്ടില്ല. സേവന വിവര ബോർഡും,, വിവരാവകാശ നിയമം, ജനന മരണ രജിസ്ട്രേഷൻ തുടങ്ങിയവ പ്രകാര മുള്ള ബോർഡുകളും സ്ഥാപിച്ചിട്ടില്ല. | രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ അപൂർണ്ണമാണ്. തപാലുകൾ കൈപ്പറ്റുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല. ഡ്യൂട്ടി രജിസ്റ്റർ, ഫോറം വിതരണ രജിസ്റ്റർ, മെസേജ് ബുക്ക് ഇവ സൂക്ഷിച്ചിട്ടില്ല. രേഖകളും രജിസ്റ്ററുകളും സൂപ്പർവൈസർ പരിശോധിക്കുന്നില്ല. |
| 38 | എടവണ്ണ ഗ്രാമപഞ്ചായത്ത് (മലപ്പുറം) | ഫ്രണ്ട് ഓഫീസ് കൗണ്ടർ ഇല്ല. ഷെൽഫ്, ക്യാബിൻ, തപാൽപ്പെട്ടി, സൗകര്യപ്രദമായ ഇരിപ്പിടം, എഴു ത്തുമേശകൾ, സ്റ്റേഷനറികൾ, ക്യാഷ് സൂക്ഷിക്കാനുള്ള സംവിധാനം ഇവയൊന്നും ഏർപ്പെടുത്തിയിട്ടില്ല. | രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി, മെസേജ് ബുക്ക് എന്നിവ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. മോണിട്ടറിംഗ് സംവിധാനം നിലവിലില്ല. ഫോറം വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 39 | മണിയൂർ ഗ്രാമപഞ്ചായത്ത് (കോഴിക്കോട്) | ആവശ്യമായ ഇരിപ്പിടങ്ങൾ, എഴുത്തുമേശ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. | മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. |
| 40 | എളയാവൂർ ഗ്രാമപഞ്ചായത്ത് (കണ്ണൂർ) | വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | ഫ്രണ്ട് ഓഫീസ് ഡയറി, മെസേജ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. |
| 41 | പെരളശ്ശേരി ഗ്രാമപഞ്ചായത്ത് (കണ്ണൂർ) | സർവ്വീസ് സ്റ്റാറ്റസ് ബോർഡ്, ഹാജർ ബോർഡ് എന്നിവ സ്ഥാപിച്ചിട്ടില്ല. മതിയായ ഇരിപ്പിടങ്ങൾ ഒരുക്കിയിട്ടില്ല. | ഫോറം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 42 | ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് (കണ്ണൂർ) | | രജിസ്ട്രേഷൻ വിതരണ രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല. |
| 43 | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് (കണ്ണൂർ) | ഫ്രണ്ട് ഓഫീസിൽ സ്ഥാപിക്കേ വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | രജിസ്റ്ററുകൾ പൂർണ്ണമായും എഴുതി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തന ചുമതല ഡ്യൂട്ടി രജിസ്റ്ററിൽ ചേർത്ത് കൈമാറുന്നില്ല. |

LOCAL FUND AUDIT DEPARTMENT

## മാതൃകാപ്രവർത്തനങ്ങൾ

1) തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിലെത്തുന്ന സാധാരണക്കാർ, നിരക്ഷരർ എന്നിവരെ സഹായിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സംഘം (നീലപ്പട) പ്രതിഫലം വാങ്ങാതെ അപേക്ഷകൾ പൂരിപ്പിച്ചു നൽകുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും, ഫ്രണ്ട് ഓഫീസ് പരിസരം ശുചിയായി സൂക്ഷിക്കുന്നതിനും, കുടിവെള്ള സൗകര്യം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നു.

2) കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിലും പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിലും ഫ്രണ്ട് ഓഫീസ് പ്രവർത്തനം മാർഗ്ഗരേഖ എല്ലാം പാലിച്ച് മാതൃകാപരമായ രീതിയിലാണ് നടക്കുന്നത്.

3) പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിലും ഏറെ പരിമിതികൾക്കിടയിലും ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

സർക്കാർ ഉത്തരവ് പ്രകാരം, എഴുതി സൂക്ഷിക്കാൻ നിർദ്ദേശിച്ച രജിസ്റ്ററുകൾ പൂർണമായി എഴുതി സൂക്ഷിക്കുകയും ലഭിച്ച തപാലുകളുടെ തീർപ്പാക്കൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുകയും രജിസ്റ്ററുകൾ യഥാസമയം പരിശോധിക്കുകയും ചെയ്യേണ്ടതാണ്. പൊതുജനങ്ങൾക്കും ഫ്രണ്ട് ഓഫീസ് ജീവനക്കാർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മോണിട്ടറിംഗ് സമിതി രൂപീകരിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്യുകയും വേണം.

പൊതുജനത്തിന് സമയബന്ധിതമായ സേവനം ഉറപ്പുവരുത്തുന്നതിന് നിലവിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2.5. നഗരസഭകളും പരസ്യനികുതിയും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനങ്ങളിലെ ഒരു പ്രധാന ഇനമാണ് പരസ്യനികുതി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 271 മുതൽ 276 വരെ വകുപ്പുകളിലാണ് പരസ്യനികുതി സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 271-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ അംഗീകാരത്തോടുകൂടി പരസ്യനികുതി നിരക്ക് നിശ്ചയിക്കുവാനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതും 276-ാം വകുപ്പ് പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനായുള്ള ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഓരോ വർഷവും നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വിവിധ നഗരസഭകളിലെ പരസ്യനികുതി പിരിവ് ഓഡിറ്റ് അവലോകനം ചെയ്യുകയുണ്ടായി.

ഒരു നികുതി സ്രോതസ്സ് എന്ന നിലയിൽ പരസ്യനികുതിയെ ഉപയുക്തമാക്കാൻ കൊല്ലം നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

| വർഷം | ബഡ്ജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് |
|---|---:|---:|
| 2008-09 | 10000000 | 781371 |
| 2009-10 | 6000000 | 797981 |
| 2010-11 | 8500000 | 1600200 |
| 2011-12 | 2500000 | 212421 |

പരസ്യ നികുതിയിനത്തിലുള്ള വരുമാനം സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല തെരുവ് വിളക്കുകളുടെ പോസ്റ്റുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഒഴികെയുള്ള തുകയാണ് യഥാർത്ഥ വരവായി കാണിച്ചിട്ടുള്ളത്.

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല. നിലവിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തക അവകാശം ലേലം ചെയ്തു നൽകുകയാണ് ചെയ്യുന്നത്.

LOCAL FUND AUDIT DEPARTMENT

## നഗരസഭ നേരിട്ട് നികുതി പിരിച്ചപ്പോൾ വരുമാനത്തിൽ രണ്ടര ഇരട്ടിയിലേറെ വർദ്ധന

വാണിജ്യസിരാകേന്ദ്രമായ കൊച്ചിയിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള അവകാശം ലേലത്തിലൂടെ സ്വകാര്യവ്യക്തികൾക്ക് നൽകി വരികയായിരുന്നു. 2012-13 ൽ നഗരസഭ നേരിട്ട് പരസ്യനികുതി പിരിച്ചെടുത്തപ്പോൾ വരുമാനത്തിൽ വൻവർദ്ധനവാണ് ഉണ്ടായത്. 2011-12 വർഷത്തിൽ 82.60 ലക്ഷം രൂപ വരുമാനം ലഭിച്ചപ്പോൾ 2012-13 വർഷത്തിൽ 2.07 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. കഴിഞ്ഞ 4 വർഷത്തെ പരസ്യ നികുതിയുടെ പിരിവ് വിവരം താഴെകൊടുക്കുന്നു.

| വർഷം | പിരിവ് രീതി | ലഭിച്ച തുക |
|---|---|---|
| 2009-10 | കരാറുകാരൻ | 41,00,004 |
| 2010-11 | കരാറുകാരൻ | 45,05,000 |
| 2011-12 | കരാറുകാരൻ | 82,60,000 |
| 2012-13 | നഗരസഭ നേരിട്ട് | 2,07,47,206 |

ആലപ്പുഴ നഗരസഭയിൽ ബൈലോ തയ്യാറാക്കാതെയാണ് പരസ്യ നികുതി പിരിവിനുള്ള അവകാശംവർഷാവർഷങ്ങളിൽ ലേലം ചെയ്യുന്നത്.

പെരുമ്പാവൂർ നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നത് 11.07.1991 ൽ വിജ്ഞാപനം ചെയ്ത നിരക്കുകളുടെ അടിസ്ഥാനത്തിലാണ്. 1994 ൽ കേരള മുനിസിപ്പാലിറ്റി നിയമം രൂപം കൊണ്ടുവെങ്കിലും ഈ ആക്ടിലെ വകുപ്പുകൾക്കനുസൃതമായി പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈലോ നഗരസഭ കൗൺസിൽ ഇതുവരെ പാസ്സാക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. 01.04.2009 മുതൽ നികുതി നിരക്കുകൾ വീണ്ടും പുതുക്കിക്കൊണ്ട് വിജ്ഞാപനം വന്നുവെങ്കിലും കൗൺസിൽ ഇതിന്റെ അടിസ്ഥാനത്തിൽ നിരക്കു പുനർനിർണ്ണയിക്കാതെ രണ്ടു പതിറ്റാണ്ടുകൾക്കു മുൻപ് നിശ്ചയിച്ച നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴും പരസ്യനികുതി ഈടാക്കുന്നത്.

പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ നിയമാനുസൃത പരസ്യനികുതി സംബന്ധിച്ച ബൈലോ നിലവിലില്ല. വകുപ്പ് 276 പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന നികുതി പിരിച്ചെടുക്കുന്നതിന് മാത്രമാണ് ലേലം നൽകാവുന്നത് എന്നിരിക്കെ നികുതി ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കരാറുകാരനാകുകയും അവയിന്മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ലാതാകുന്ന അവസ്ഥയുമാണ് നിലവിലുള്ളത്.

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ പരസ്യനികുതി സംബന്ധിച്ച നിയമാവലി ഉണ്ടാക്കിയിട്ടില്ല. നിയമാവലിയുടെ അഭാവത്തിൽ പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരവിനത്തിൽ വൻ കുറവ് സംഭവിക്കുന്നു. 2008-09, 2009-10, 2010-11 വർഷങ്ങളിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ലേലത്തുകയിൽ ഓരോ വർഷവും കുറവാണ് സംഭവിച്ചിട്ടുള്ളത്.

പരസ്യനികുതി സോൾവെൻസി ഇല്ലാത്ത ഒരു ഇനമായതിനാൽ ലേലം ഉറപ്പിച്ച അറിയിപ്പ് കിട്ടിയ ഉടനെ ലേലസംഖ്യ മൊത്തമായി ലേലം കൊണ്ട വ്യക്തി അടവാക്കേണ്ടതാണെന്ന് ലേല നിബന്ധനകളിൽ വ്യക്തമായിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടുകാണുന്നില്ല.

സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 567 പ്രകാരം വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കിയിട്ടല്ല പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേല നടപടികളിലൂടെ കൈമാറിയത്. നഗരസഭാ അതിർത്തിക്കുള്ളിലെ പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നീ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ പരസ്യനികുതി സംബന്ധിച്ച് കരട് ബൈലോ നേരത്തെ തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം നേടുകയോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിരുന്നില്ല. പയ്യന്നൂർ നഗരസഭ 2008-09, 2009-10, 2010-11 വർഷങ്ങളിൽ കുത്തകലേലം നൽകിയതുവഴി പരസ്യനികുതിയിനത്തിലുണ്ടായ വരുമാനത്തിന്റെ വിവരം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | ഇനം | 2008-09 | 2009-10 | 2010-11 |
|---|---|---|---|---|
| 1 | മുനിസിപ്പൽ പ്രദേശത്തെ പരസ്യ നികുതി പിരിവ് | ₹ 22800 | ₹ 32000 | ₹ 35000 |
| 2 | ഗാന്ധി മൈതാനിയിലെ 25 പരസ്യ ബോർഡുകളിൽ പരസ്യം പതിക്കുന്നതിനുള്ള അവകാശം | ₹ 21150 | ₹ 31275 | ₹ 32050 |
| 3 | മെയിൻ റോഡിലെ 55 വൈദ്യുതി തൂണുകളിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള അവകാശം | ₹ 60775 | ₹ 151000 | ₹ 154000 |
| | ആകെ | ₹ 104725 | ₹ 214275 | ₹ 221050 |

കണ്ണൂർ നഗരസഭയിൽ പരസ്യനികുതിയിനത്തിലെ വരവും അവയുടെ കാലാനുസൃത വർദ്ധനയും താരതമേ്യന കുറവാണ്. കഴിഞ്ഞ നാലുവർഷങ്ങളിലെ പരസ്യനികുതിയിനത്തിലെ ലേല വരുമാനം താഴെ കാണിക്കുന്നു.

| വർഷം | ലേല തുക | വർദ്ധന ശതമാനം |
|---|---|---|
| 2009-10 | 245100 | |
| 2010-11 | 315000 | 28.52 |
| 2011-12 | 325000 | 3.17 |
| 2012-13 | 360000 | 10.77 |

നഗരസഭയുടെ ഭൂമിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക് പ്രത്യേകം സ്ഥലവാടകയൊന്നും ഈടാക്കുന്നില്ല. ആയതിനാൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് പരസ്യനികുതി കരാറുകാരനാണ്. നഗരസഭ ഭൂമിയിലും റോഡുകളിലെ ഡിവൈഡറുകളിലും, വിളക്ക് കാലുകളിലും, മറ്റും പരസ്യബോർഡ് സ്ഥാപിക്കുന്നതിന്റെ സ്ഥലവാടക പ്രത്യേകമായി നിശ്ചയിക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. ലേല നടപടികളിലൂടെ പരസ്യനികുതി പിരിച്ചെടുക്കാനുള്ള അവകാശം ലഭിക്കുന്ന കരാറുകാരൻ നഗരസഭയിലെ സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ സ്ഥലത്തും കെട്ടിടങ്ങളിലും പ്രദർശിപ്പിക്കുന്നു. പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ടെന്നും നഗരസഭ നിശ്ചയിച്ചു നൽകിയ നിരക്കിൽ തന്നെയാണ് പരസ്യനികുതി പിരിച്ചുവരുന്നതെന്നും വ്യക്തത വരുത്തുവാൻ നഗരസഭ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ നിബന്ധനകൾ കരാറുകാരൻ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ യാതൊരു നടപടിയും അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. നഗരസഭയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ല. നഗരസഭാ ഭൂമിയിലും കെട്ടിടങ്ങളിലും ഇഷ്ടാനുസരണം പതിക്കപ്പെടുന്ന പരസ്യങ്ങളുടെ സ്ഥലവാടക നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും തനത് വരുമാനം കുറവായതിനാൽ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നടത്താൻ സർക്കാർ ധനസഹായത്തെ ആശ്രയിക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വൻകിട കമ്പനികൾ മുതൽ ചെറുകിട കച്ചവടക്കാർ വരെ ഉൽപ്പന്ന വിപണനത്തിന് വൻതുക പരസ്യങ്ങൾക്കായി ചെലവഴിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചാൽ നഗരസഭകൾക്ക് തനതു വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാകും. ചെറുകിട പട്ടണങ്ങളിലും, ദേശീയ-സംസ്ഥാനപാതകളിലും മറ്റും പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്താൻ ശാസ്ത്രീയ രീതി ആവിഷ്കരിക്കേണ്ടതുണ്ട്. നഗരസഭകളുടെ പരസ്യനികുതി പിരിവിന്റെ നിബന്ധനകളും നടപടിക്രമങ്ങളും വിശദീകരിക്കുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കാനും ആയത് സമയബന്ധിതമായി നടപ്പാക്കാനും സർക്കാർ നടപടി അനിവാര്യമാണ്. പരസ്യനികുതി നഗരസഭ നേരിട്ട് പിരിച്ചപ്പോൾ കൊച്ചിയിലുണ്ടായ വൻവരുമാന വർദ്ധനവ് പ്രത്യേക പഠന വിധേയമാക്കാനും ഈ രീതി എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.

## 2.6. ലൈബ്രറികളുടെയും/സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 (1) ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിദ്യാഭ്യാസമേഖലയിലെ ചുമതലകളിൽപ്പെടുന്നതാണ് 'വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും'.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാംസ്കാരിക നിലയങ്ങളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്താണ് ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുമതല നിറവേറ്റുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുണ്ട്.

സാംസ്കാരിക നിലയങ്ങളുടെയും ലൈബ്രറികളുടെയും നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തുകയുണ്ടായി. പതിനൊന്നിന പരിപാടിയുടെ ഭാഗമായി എഴുപതുകളിൽ ആരംഭിച്ച സാംസ്കാരിക നിലയങ്ങളിൽ പലതും തകർച്ചയുടെ വക്കിലാണ്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാത്തതും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതും ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ വായനക്കാരെ ആകർഷിക്കാൻ ലൈബ്രറികൾക്ക് കഴിയുന്നില്ല. പത്രങ്ങളും ആനുകാലികങ്ങളും വേണ്ടത്ര ഇല്ല. ചില സ്ഥലങ്ങളിൽ ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതേസമയം ലൈബ്രേറിയന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥാപനങ്ങളുമുണ്ട്.

06.08.2010 ലെ ജി.ഒ(എം.എസ്) 170/2010/തസ്വഭവ ഉത്തരവുപ്രകാരം സംസ്ഥാനത്തെ 300 സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്മാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ അംഗീകരിക്കുയുണ്ടായി. എന്നാൽ 10 ഉം 15 ഉം വർഷങ്ങളായി പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ ഇത്തരം ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമായിരിക്കുകയാണ്. നിയമാവലിയും നടത്തിപ്പ് കമ്മിറ്റിയുമില്ലാതെ പ്രവർത്തിക്കുന്ന ലൈബ്രറികൾ നാഥനില്ലാത്ത അവസ്ഥയിലാണ്. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് കൃത്യമായി നടത്തുന്നില്ല. വർഷങ്ങൾക്കുമുൻപ് ലൈബ്രറികളിൽ അംഗത്വമെടുത്തവർ പിന്നീട് പുതുക്കുന്നില്ല.

വിവിധ സ്ഥാപനങ്ങളിലെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമനം | ലൈബ്രറി/തദ്ദേശസ്വയം ഭരണ സ്ഥാപനം | ജില്ല | അംഗങ്ങൾ | നടത്തിപ്പ് സംവിധാനങ്ങൾ | പ്രധാന പോരായ്മകൾ | കമ്പ്യൂട്ടർ/ ഇന്റർനെറ്റ് |
|---|---|---|---|---|---|---|
| 1 | ലൈബ്രറി സാംസ്കാരിക നിലയം, നിലമാമൂട്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | 54 | - | ആവശ്യത്തിന് ഫർണിച്ചറില്ല, കുടിവെള്ള സംവിധാനമില്ല. | ഇല്ല |
| 2 | ടി. എം വർഗീസ് സ്മാരക ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ | | 6770 | നിയമാവലിയുണ്ട് ; നടത്തിപ്പ് കമ്മിറ്റിയില്ല. | പുസ്തകങ്ങൾ വയ്ക്കാനുള്ള റാക്കുകൾ ഇല്ല | ഇല്ല |
| 3 | മൂന്നാംകുറ്റി ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ | കൊല്ലം | 1598 | നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല | സ്ഥല പരിമിതി | ഇല്ല |
| 4 | വെളിയിൽക്കുളങ്ങര ചിൽഡ്രൻസ് ലൈബ്രറി & സാംസ്കാരിക നിലയം (കൊല്ലം കോർപ്പറേഷൻ) | | 70 | നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല | കെട്ടിടം ശോച്യാവസ്ഥയിൽ | ഇല്ല |
| 5 | മുനിസിപ്പൽ ലൈബ്രറി, ആലപ്പുഴ | ആലപ്പുഴ | 2254 | നിയമാവലി ഇല്ല | ജീവനക്കാരുടെ കുറവ് | കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. |



LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| 6 | ഉള്ളൂർ സ്മാരക മുനിസിപ്പൽ ലൈബ്രറി, ചങ്ങനാശ്ശേരി നഗരസഭ | | - | നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയുണ്ട് | ഫർണിച്ചർ കുറവ്. ഫാൻ, ലൈറ്റ് എന്നിവയില്ല. | ഇല്ല |
| 7 | രാമപുരം ലൈബ്രറി & റീഡിംഗ് റൂം, രാമപുരം ഗ്രാമപഞ്ചായത്ത് | കോട്ടയം | 278 | നടത്തിപ്പ് കമ്മറ്റിയില്ല. | ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. | ഇല്ല |
| 8 | മണിമല ഗ്രാമപഞ്ചായത്ത് | | 196 | നിയമാവ ലിയില്ല | വായനാമുറി, അനു ബന്ധ സൗകര്യങ്ങൾ എന്നിവയില്ല. | ഇല്ല |
| 9 | ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ലൈബ്രറി, ഉടുമ്പൻചോല | ഇടുക്കി | 218 | - | ലൈബ്രേറിയൻ ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. സ്ഥല സൗകര്യം കുറവ് | ഇല്ല. |
| 10 | വൈറ്റില സോണൽ ലൈബ്രറി, കൊച്ചി കോർപ്പറേഷൻ | എറണാകുളം | 109 | നടത്തിപ്പ് കമ്മിറ്റിയുണ്ട് | സ്ഥല പരിമിതി | കമ്പ്യൂട്ടർ ഉണ്ടെ ങ്കിലും പ്രവർത്തി ക്കുന്നില്ല. |
| 11 | കുറ്റിപ്പുഴ കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല, ആലുവ നഗരസഭ | | 11122 | നടത്തിപ്പ് കമ്മിറ്റി, നിയ മാവലി എന്നിവയുണ്ട് | കെട്ടിടം ചോർന്നൊലിക്കുന്നു | ഇല്ല |
| 12 | താനൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം & ലൈബ്രറി | | 723 | നിയമാവലി ഉണ്ട്. നട ത്തിപ്പ് കമ്മിറ്റി ഇല്ല. | സ്ഥിരം ലൈബ്രേറി യന്റെ സേവനം ലഭ്യമല്ല. | ഇല്ല |
| 13 | സെൻട്രൽ ലൈബ്രറി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 2600 | നടത്തിപ്പ് കമ്മിറ്റി, നിയ മാവലി എന്നിവ യുണ്ട് | സൗകര്യങ്ങൾ കുറവ് | ഇല്ല |
| 14 | അല്ലാമ ഇക്ബാൽ സ്മാരക ലൈബ്രറി, തിരൂർ നഗരസഭ | | 2397 | നടത്തിപ്പ് കമ്മിറ്റി, നിയ മാവലി എന്നിവ യുണ്ട് | ലൈബ്രേറിയൻ ഇല്ല | കമ്പ്യൂട്ടർ ഉണ്ടെ ങ്കിലും പ്രവർത്തി ക്കുന്നില്ല. |
| 15 | ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | വയനാട് | - | - | 2006 മുതൽ പ്രവർത്തിക്കുന്നില്ല. | ഇല്ല |
| 16 | ഗ്രാമോദയ പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം, മേപ്പയൂർ ഗ്രാമപഞ്ചായത്ത് | കോഴിക്കോട് | 72 | നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല | കെട്ടിടത്തിൽ സ്ഥല സൗകര്യം കുറവ് | ഇല്ല |
| 17 | പി. എം. കൃഷ്ണമേ നോൻ സ്മാരക ഗ്രന്ഥാലയം & വായനശാല, രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | | 199 | നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല | ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. | ഇല്ല |
| 18 | പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി, ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് | കണ്ണൂർ | 1585 | നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവ യുണ്ട് | സ്വന്തമായി ഭൂമിയും കെട്ടിടവുമില്ല. | ഇല്ല |

LOCAL FUND AUDIT DEPARTMENT

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളുടെയു സാംസ്ക്കാരിക നിലയങ്ങളുടെയും പ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പ് അവലോകനം നടത്തുകയും ഇവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും വേണം.

## 2.7. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി

2003 ലെ കേരള മുനിസിപ്പാലിറ്റി/കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം-3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതം അനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരന്തനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭ/ഗ്രാമപഞ്ചായത്തിലും ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ എത്തുന്നവരിൽ നിന്നും കെട്ടിട നിർമ്മാണപെർമിറ്റിനായി അപേക്ഷിക്കുന്നവരിൽ നിന്നും നാമമാത്രമായ തുക ഈടാക്കിയാണ് നിധി സ്വരൂപിക്കുന്നത്. എന്നാൽ സമ്മർദ്ദം ചെലുത്തിയോ പ്രലോഭനങ്ങളോ വാഗ്ദാനങ്ങളോ നൽകിയോ തുക സ്വരൂപിക്കാൻ പാടുള്ളതല്ല. നിധിയിലേക്ക് നഗരസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് നൽകുന്ന സംഭാവനകളിലേക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകേണ്ടതാണ്. നിധിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് സൂക്ഷിച്ചു പോരേണ്ടതാണ്.ദുരിതാശ്വാസനിധി ചട്ടങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തെരഞ്ഞെടുത്ത് സ്ഥാപനങ്ങളിൽ അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പല നഗരസഭകളിലും/ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല.28.5.2005 മുതൽ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സംഭാവനകൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഭിച്ച സംഭാവനകൾക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകിയിട്ടില്ല. 23.5.2011 മുതൽ മാത്രമാണ് അപ്രകാരം രസീത് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും സംഭാവനകൾ നൽകിയവരുടെ പേരുകളും സെക്രട്ടറി പ്രതിമാസം യോഗത്തിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും ആയവ സംബന്ധിച്ച കണക്കുകൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭകളിൽ അറിയിക്കുകയും ചെയ്യുന്നില്ല.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, ഏലംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസഹായം നൽകിയിട്ടില്ല. ചട്ടം 3(2) പ്രകാരം നിധിയിലേക്ക് ധനസഹായം നടത്തുന്നതിന് യാതൊരു വിധ നിർബന്ധങ്ങൾ ചെലുത്തുകയോ സമ്മർദ്ദങ്ങൾ പ്രയോഗിക്കുകയോ പാടില്ല. എന്നാൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾക്ക് ദുരിതാശ്വാസ നിധിയിലേക്ക് നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിലേക്ക് തുകകളൊന്നും വരവ് വന്നിട്ടില്ല.

| ജില്ല | സ്ഥാപനം |
|---|---|
| കോട്ടയം | കുമരകം ഗ്രാമപഞ്ചായത്ത് |
| വയനാട് | പൊഴുതന ഗ്രാമപഞ്ചായത്ത് |
| പാലക്കാട് | പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | കണിച്ചാർ ഗ്രാമപഞ്ചായത്ത് |

നിധിയിൽ നിന്നും ധനസഹായം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ നഗരസഭാധ്യക്ഷന്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ പരിശോധിക്കുന്നതിനായി ഭരണസമിതിയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാധ്യക്ഷൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറും

LOCAL FUND AUDIT DEPARTMENT

ആയിരിക്കും. സബ് കമ്മിറ്റിയുടെ അല്ലെങ്കിൽ നഗരസഭാധ്യക്ഷൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറി നിധിയിൽ നിന്നും തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ് (ചട്ടം -4).

ചുവടെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിയതിന് അനുബന്ധമായ വൗച്ചറുകൾ സൂക്ഷിക്കുകയോ വരവ് കണക്കുകൾക്ക് ജി.ഒ(ആർ.റ്റി) 3803/04 തസ്വഭവ 30.10.2004 ൽ നിഷ്കർഷിച്ച പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുകയോ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ, അനുവദിച്ച ധനസഹായം എന്നിവയുടെ വിവരം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജില്ല | ധനസഹായം സംബന്ധിച്ച അപാകതകൾ |
|---|---|---|---|
| 1. | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് | കോട്ടയം | 1. ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകളുടെ വിവരം ലഭ്യമല്ല.<br>2. ധനസഹായം നൽകുന്നതിന് ചട്ടം 4(3) പ്രകാരമുള്ള സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.<br>3. ധനസഹായം അനുവദിച്ച വൗച്ചറുകൾ, ക്യാഷ് ബുക്ക്, മറ്റു രേഖകൾ, തെളിവുകൾ എന്നിവ സൂക്ഷിക്കുന്നില്ല. |
| 2 | മുളക്കുളം ഗ്രാമപഞ്ചായത്ത് | | 1. വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>2. ധനസഹായം ലഭിച്ചവരുടെ പേരു വിവരങ്ങൾ യഥാസമയം സെക്രട്ടറി ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയോ, ഗ്രാമസഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല. |
| 3 | കടനാട് ഗ്രാമപഞ്ചായത്ത് | | തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച അനുബന്ധ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. |
| 4 | തിരൂർ നഗരസഭ | മലപ്പുറം | 1. ധനസഹായം കൈപ്പറ്റിയവരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.<br>2. ധനസഹായം നൽകിയതിന്റെ കണക്കുകൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നില്ല. |
| 5 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | | അപേക്ഷയില്ലാതെ ധനസഹായം നൽകുന്നു |
| 6 | കണ്ണൂർ നഗരസഭ | കണ്ണൂർ | വരവ്-ചെലവ് കണക്കുകൾ എല്ലാമാസവും കൗൺസിലിനു മുമ്പാകെ വയ്ക്കുന്നില്ല. |
| 7 | കണിച്ചാർ ഗ്രാമപഞ്ചായത്ത് | | 1. അപേക്ഷ, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നില്ല.<br>2. സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിട്സ് പുസ്തകം സൂക്ഷിക്കുന്നില്ല. |
| 8 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് | | അപേക്ഷ, അന്വേഷണ റിപ്പോർട്ട്, സബ് കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദനീയമായ പരിധി ലംഘിച്ച് തുക നൽകുന്നു. |

LOCAL FUND AUDIT DEPARTMENT

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ ക്രമവിരുദ്ധമായി ദുരിതാശ്വാസ നിധി അക്കൗണ്ടിൽ നിന്നും 10,000/-രൂപ മെമ്പർമാർക്ക് വീതിച്ചു നൽകാൻ തീരുമാനിച്ചുവെന്നും 20.4.11 ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടനാട് ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധിയിൽ നിന്നും ചെലവഴിച്ച 7,965/-രൂപ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല. കാറ്റിലും മഴയിലും കടപുഴകി വീണ മരങ്ങൾ മുറിച്ചു മാറ്റിയതിന് 5,000/-രൂപയും (1000 + 4000) ഭക്ഷണ ചെലവിന് 1,365/-രൂപയും ജനറേറ്ററിന് 600/-രൂപയും എന്നിങ്ങനെയാണ് 7,965/-രൂപ ചെലവാക്കിയിട്ടുള്ളത്. പ്രകൃതി ദുരന്തത്തോടനുബന്ധിച്ചുള്ള അടിയന്തിര ചെലവുകൾ പ്രസിഡന്റിന്റെ അസാധാരണ ചെലവുകളിൽപ്പെടുത്തി ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ചെലവിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി, ലഭിക്കുന്ന അപേക്ഷകളിന്മേൽ വാർഡ് കൗൺസിലറുടെ ശുപാർശ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് ധനസഹായം നൽകുന്നത്. രോഗിയുടെ സാമ്പത്തികാവസ്ഥ, രോഗത്തിന്റെ ഗൗരവാവസ്ഥ എന്നിവയ്ക്കും മുൻഗണന നൽകിയാണ് ധനസഹായം അനുവദിക്കുന്നത്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നഗരസഭാ ചെയർമാന്റെയും കൗൺസിൽ അംഗങ്ങളുടെയും സംഭാവനയായ 31,185/- രൂപയും നഗരസഭാ സെക്രട്ടറിയുടെയും ജീവനക്കാരുടെയും വിഹിതമായ 23,800/- രൂപയുമടക്കം 2010-11 വർഷം അരലക്ഷത്തിലധികം രൂപ സംഭാവനയായി ദുരിതാശ്വസനിധിയിൽ ലഭിച്ചു.

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താവിന്റെ അപേക്ഷ അന്വേഷണ റിപ്പോർട്ട്, സബ് കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ 1,300/- രൂപ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയിട്ടുണ്ട്. അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ കൂടാതെയോ അന്വേഷണം നടത്താതെയോ പ്രസിഡന്റിനു അനുവദിക്കാവുന്ന പരമാവധി തുക 500/- രൂപയാണ്. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് 6.7.2009 നു ശേഷം ദുരിതാശ്വാസ നിധിയിലേക്ക് യാതൊരു വരവും 07.9.2009 നുശേഷം യാതൊരു ചെലവും നടത്തിയിട്ടില്ലാത്തതിനാൽ ഫലത്തിൽ ദുരിതാശ്വാസ നിധി നിഷ്ക്രിയമാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരിതാശ്വാസ നിധിയെ സംബന്ധിച്ച കണക്കുകളുമായി ബന്ധപ്പെട്ട ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സംഭാവന നൽകിയവരുടെയും കൈപ്പറ്റിയവരുടെയും പേരു വിവരങ്ങൾ മാസാമാസം കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് സെക്രട്ടറി ഒപ്പിട്ട അച്ചടിച്ച രസീത് നൽകേണ്ടതാണ്. രസീത് പ്രത്യേകം അച്ചടിച്ച് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് ആദായനികുതി ഇളവുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സബ് കമ്മിറ്റി യോഗം കൂടാതെ ധനസഹായം നൽകാൻ പാടുള്ളതല്ല.

## 2.8. തുടർസാക്ഷരതാ പരിപാടി

സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ സാക്ഷരതാനിരക്ക് 2011 ൽ 93.91 ശതമാനമാണ്. സാക്ഷരതയിൽ പത്തനംതിട്ട ജില്ല (96.93%) ഏറ്റവും മുന്നിലും പാലക്കാട് ജില്ല (88.49%) ഏറ്റവും പിന്നിലുമാണ്. സാക്ഷരതാ പ്രവർത്തനത്തിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം 1998 ഒക്ടോബർ മുതൽ തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സാക്ഷരതാമിഷന്റെ കീഴിലുള്ള വിദ്യാകേന്ദ്രങ്ങൾ മുഖേനയാണ് പ്രാദേശികതലത്തിൽ തുടർ വിദ്യാഭ്യാസ പദ്ധതി നടന്നു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പദ്ധതി നടത്തിപ്പിൽ ഓണറേറിയം വ്യവസ്ഥയിൽ പ്രേരക്മാർ പ്രവർത്തിച്ചുവരുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും തങ്ങളുടെ അറിവും കഴിവും പങ്കാളിത്തവും മെച്ചപ്പെടുത്താൻ സഹായകമായ ബഹുമുഖ അനൗപചാരിക വിദ്യാഭ്യാസ സംവിധാനമാണ് തുടർവിദ്യാഭ്യാസ പരിപാടി. തുടർവിദ്യാഭ്യാസത്തിൽ നാലുതരം വ്യത്യസ്ത പരിപാടികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

1. തുല്യതാപരിപാടികൾ
2. വരുമാനവർദ്ധകപരിപാടികൾ
3. ജീവിത ഗുണനിലവാരവർദ്ധക പരിപാടികൾ
4. വ്യക്തി താൽപര്യപോഷണ പരിപാടികൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാക്ഷരതാ പരിപാടികൾ നടപ്പാക്കൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. 1994 ലെ മുനിസിപ്പാലിറ്റി നിയമം 30(1)-ാം വകുപ്പ് 1-ാം പട്ടിക പ്രകാരം നഗരസഭകൾക്കും സാക്ഷരതാപരിപാടികൾ നടപ്പാക്കാനുള്ള ചുമതലയുണ്ട്. ഈ ചുമതല നിറവേറ്റിയത് സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി.

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (ഒന്നാംഘട്ട തുല്യത) യിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 15 നും 60 നും മധ്യേ പ്രായമുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മുഴുവൻ പേരെയും ജനകീയ

LOCAL FUND AUDIT DEPARTMENT

ഭരണസമിതിയുടെ പിന്തുണയോടെ ബഹുജനക്യാമ്പയിനായി ഒരു നിശ്ചിത സമയത്തിനുള്ളിൽ നാലാം ക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നൽകുന്നു. ഇതിൻ പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്ത് (ഇപ്പോൾ നഗരസഭ), കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവയെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ കിരൺ ഒന്നാംഘട്ടം പദ്ധതിയിലൂടെ 12044 പേരും രണ്ടാം ഘട്ടത്തിലൂടെ 2741 പേരും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടി. കോഴിക്കോട്-ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ബാലുശ്ശേരി ബ്ലോക്ക്, കൂരാച്ചുണ്ട്, നന്മണ്ട ഗ്രാമപഞ്ചായത്തുകൾ, പാലക്കാട്-കണ്ണാടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ -ഭരണിക്കാവ് ബ്ലോക്ക്, തിരുവനന്തപുരം-പാറശ്ശാല ഗ്രാമപഞ്ചായത്ത്, കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് എന്നിവ നാലാംതരം ഒന്നാംഘട്ടം തുല്യത നേടി. കാസറഗോഡ് ജില്ലയിലെ വിജ്ഞാൻ ജ്യോതി പദ്ധതിയും വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും പ്രാധാന്യം നൽകിക്കൊണ്ട് അക്ഷരജ്വാലാ പദ്ധതിയും മലപ്പുറം ജില്ലയിലെ അക്ഷരദീപം പദ്ധതിയും ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്.

നാലാം ക്ലാസ്സ് തുല്യത പാസ്സായവർ, ഇടയ്ക്കുവച്ച് പഠനം നിർത്തിയവർ, 5, 6, 7 ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്നിവർക്കൊക്കെ വേണ്ടിയാണ് ഏഴാംതരം തുല്യത (രണ്ടാംഘട്ടം) പരിപാടി. കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഏഴാംതരം തുല്യത പൂർത്തിയാക്കിയിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പാണ് പത്താംതരം തുല്യതാകോഴ്സ്. പത്ത് മാസം ദൈർഘ്യമുള്ള ഈ കോഴ്സ് പാസ്സാകുന്നവർക്ക് എസ്.എസ്.എൽ.സി.ക്കു തുല്യമായി അംഗീകരിച്ച സർട്ടിഫിക്കറ്റാണ് നൽകുന്നത്. ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുവേണ്ടിയാണ് ഭൂരിഭാഗം പഠിതാക്കളും ഏഴാംതരം തുല്യത, പത്താംതരം തുല്യത എന്നീ പരീക്ഷകൾ എഴുതുന്നത്.

തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും നിരക്ഷരരെ ഏതെങ്കിലും ഭവനത്തിൽ ഒരുമിച്ചുകൂട്ടിയാണ് ക്ലാസ്സുകൾ നടത്തുന്നത്. വിവിധ തൊഴിൽ പരിശീലനങ്ങൾ, സൗജന്യ ചികിത്സാ ക്യാമ്പുകൾ, വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള സാന്ത്വനം ക്ലാസ്സുകൾ പഞ്ചായത്തിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് ബാലവേദി എന്നിവയും നടത്തുന്നുണ്ട്.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ തൊഴിൽ പരിശീലനത്തിന് തയ്യൽ മെഷീൻ യൂണിറ്റും, സാരി പെയിന്റിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഏരൂർ ഗ്രാമപഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം നാല്, ഏഴ്, പത്ത് ക്ലാസ്സുകളിലെ തുല്യതാ പഠനത്തിലുള്ള പഠിതാക്കളെ തയ്യാറാക്കലാണ്. കൂടാതെ സാക്ഷരതാ പുസ്തക വിതരണം, ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ അപേക്ഷാഫോമുകളുടെ വിതരണം, അവ തയ്യാറാക്കുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നു.

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ തുടർസാക്ഷരതയുടെ ഭാഗമായി ഭക്ഷ്യസംസ്ക്കരണം, സോപ്പ്/പൗഡർ നിർമ്മാണം, തയ്യൽ/എംബ്രോയിഡറി, കൂൺ കൃഷി, പുഷ്പകൂട നിർമ്മാണം, ബുക്ക് ബയന്റിംഗ്, തുടങ്ങിയ മുപ്പത്തിയഞ്ചോളം ഇനങ്ങളിലായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ബുക്ക് ബയന്റിംഗിൽ പരിശീലനം നേടിയിരുന്ന വിദ്യാശ്രീ കുടുംബശ്രീ യൂണിറ്റ് നടത്തുന്ന പ്രൊഡക്ഷൻ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. എരുമേലി ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മണിമല ഗ്രാമപഞ്ചായത്തിന്റെ തുല്യതാ പരിപാടിയിൽ പങ്കെടുത്തവർക്ക് ഉപരിപഠനം നടത്താൻ സൗകര്യമുണ്ട്.

ഇടുക്കി ജില്ലയിലെ കടയത്തൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശലനിർമ്മാണം, മലയാളം ടൈപ്പിംഗ് പരിശീലനം, ട്യൂഷൻ ക്ലാസ്സുകൾ എന്നിവ വരുമാന വർദ്ധക പരിപാടികളായി നടപ്പിലാക്കുന്നു. മരിയാപുരം ഗ്രാമപഞ്ചായത്തിൽ സേവന തൽപ്പരരായ പ്രേരകുമാരുടെ പ്രവർത്തനം തുടർവിദ്യാഭ്യാസ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. സാക്ഷരതാ പഠിതാക്കൾക്കുവേണ്ടി കലോത്സവങ്ങളിലും നടത്തുന്നു.അടിമാലി ഗ്രാമപഞ്ചായത്തിൽ 2012 മെയ് മാസത്തിലാണ് സാക്ഷരതാ പരിപാടിക്ക് തുടക്കം കുറിച്ചത്. പീരുമേട്, ഉപ്പുതറ, ഇടവെട്ടി എന്നീ ഗ്രാമപഞ്ചായത്തുകളിലും സാക്ഷരതാപ്രവർത്തനങ്ങൾക്കായി തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും തമിഴ് പഠിതാക്കൾ ആയതിനാൽ ഇവർക്ക് ആവശ്യമായ പഠനസഹായികളും സാമഗ്രികളുംലഭ്യമല്ല.

LOCAL FUND AUDIT DEPARTMENT

തൃശ്ശൂർ ജില്ലയിലെ പൂക്കോട് ഗ്രാമപഞ്ചായത്തിൽ പ്രേരക്മാർ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്ന പരിപാടിയിലൂടെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിക്കൊടുക്കാൻ സഹായിക്കുന്നു. വ്യക്തിഗത താൽപ്പര്യ പരിപോഷണ പരിപാടിയിലൂടെ കുട്ടികൾക്ക് കഥ, കവിതാ മത്സരങ്ങൾ, തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തും ജില്ലാ സാക്ഷരതാമിഷനും ചേർന്ന് നടപ്പാക്കിയ നവീനമായ പ്രവർത്തനമാണ് സമ്പൂർണ്ണ ബ്രെയിൽ സാക്ഷരത പരിപാടി. ജില്ലാപഞ്ചായത്തിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചത്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ പഠിതാക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും തുല്യതാപരിപാടി വിജയകരമായി നടക്കുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 3668/-രൂപയും 2011-12 ൽ 15,000/- രൂപയും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന് വകയിരുത്തിയെങ്കിലും ഒന്നും തന്നെ ചെലവഴിച്ചിരുന്നില്ല.

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ നേരത്തെ പ്രവർത്തിച്ചു വന്നിരുന്ന മൂന്ന് തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇപ്പോൾ ഒരെണ്ണമായി ചുരുങ്ങി. കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് തുടർവിദ്യാകേന്ദ്രങ്ങളിലും ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ടെലിവിഷൻ എന്നീ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. പ്രേരകുമാർക്ക് വിവിധ വാർഡുകളിലെ യാത്രാസൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായും നാമമാത്രമായ ഓണറേറിയം മാത്രമാണ് ലഭിക്കുന്നതെന്നും വിവിധതരം തൊഴിൽ പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിന് ഫണ്ടിന്റെ ലഭ്യതക്കുറവും ചൂണ്ടിക്കാണിക്കുകയുണ്ടായി. മുഴുപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകളിൽ ജനപങ്കാളിത്തം കുറവാണ്. പഞ്ചായത്തിലെ പ്രവർത്തനം നിലച്ച തുടർവിദ്യാകേന്ദ്രം പുനരാരംഭിക്കുന്നതിനോ അവിടെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങൾ മറ്റേതെങ്കിലും തുടർവിദ്യാകേന്ദ്രത്തിലേക്ക് മാറ്റി ഉപയോഗിക്കുന്നതിനോ നടപടികൾ ആവശ്യമാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തുടർവിദ്യാകേന്ദ്രങ്ങളിലേക്കുള്ള പഠിതാക്കളെ സർവ്വേകളിലൂടെ കണ്ടെത്തി, തുടർപഠനത്തിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നൽകി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ട ശ്രമങ്ങൾ സാക്ഷരതാകേന്ദ്രങ്ങളിൽ മികച്ച രീതിയിൽ നടന്നുവരുന്നതായാണ് കാണുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ സ്ഥല സൗകര്യങ്ങളുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. ആയതിനാൽ പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിനോ പുസ്തകങ്ങൾ വായിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. കുടിവെള്ളം, വൈദ്യുതി, ഇരിപ്പിടങ്ങൾ, കമ്പ്യൂട്ടറുകൾ, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവയുടെ കുറവ് തുടർസാക്ഷരതാ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതായ ധനസഹായം യഥാസമയം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. ഇതുകാരണം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകേണ്ടതായും ആയതിന് ഭരണസമിതി തീരുമാനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടി വരുന്നതിനാലും യഥാസമയം പ്രേരകുമാർക്ക് ഓണറേറിയം, ടി.എ.ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിടുന്നു. തുടർവിദ്യാഭ്യാസ പരിപാടിക്കായി പദ്ധതി വിഹിതത്തിൽ നിന്നോ, തനതു ഫണ്ടിൽ നിന്നോ പ്രത്യേക ഫണ്ട് മാറ്റിവെയ്ക്കുക, വിവിധ ഏജൻസികളുടെ വിദ്യാകേന്ദ്രങ്ങളെ ബന്ധിപ്പിക്കുക, തൊഴിൽ പരിശീലനങ്ങളും ഇതര പ്രോഗ്രാമുകളും നടത്തുന്നതിന് സാക്ഷരതാമിഷൻ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഗ്രാമപഞ്ചായത്തിന്റെ തുടർ വിദ്യാഭ്യാസ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കുക മുതലായ നടപടികളിലൂടെ തുടർ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. പ്രേരക്മാർക്ക് ഇപ്പോൾ നൽകുന്ന നാമമാത്രമായ ഓണറേറിയം ഉയർത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും നടപടി വേണം.

LOCAL FUND AUDIT DEPARTMENT

## തുല്യതാപരീക്ഷയും ഗുണഭോക്താക്കളും

| ജില്ല | പഞ്ചായത്ത് | വർഷം | തുല്യതാപരീക്ഷ വിജയിച്ചവർ/ പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | 4-ാംതരം | 7-ാംതരം | 10-ാംതരം |
| തിരുവനന്തപുരം | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 2010-11 | 8 | 7 | 7 |
| കൊല്ലം | പന്മന ഗ്രാമപഞ്ചായത്ത് | 2009-10 | 4 | 6 | 22 |
| | | 2010-11 | 6 | 8 | 24 |
| കോട്ടയം | മുട്ടപ്പള്ളി ഗ്രാമപഞ്ചായത്ത് | 2010-11 | 8 | 8 | 7 |
| | കനകപ്പാലം ഗ്രാമപഞ്ചായത്ത് | 2010-11 | 9 | 10 | 7 |
| | എരുമേലി ഗ്രാമപഞ്ചായത്ത് | 2010-11 | - | - | 12 |
| ഇടുക്കി | കടയത്തൂർ ഗ്രാമപഞ്ചായത്ത് | 2010-11 | 20 | 10 | 12 |
| | | 2011-12 | 5 | 5 | 10 |
| | ഞരളപ്പുഴ ഗ്രാമപഞ്ചായത്ത് | 2010-11 | 20 | 20 | 10 |
| | | 2011-12 | 5 | 15 | 10 |
| | കാഞ്ഞാർ ഗ്രാമപഞ്ചായത്ത് | 2010-11 | 10 | 5 | 13 |
| | | 2011-12 | 5 | 15 | 16 |
| മലപ്പുറം | കോഡൂർ ഗ്രാമപഞ്ചായത്ത് | 2011-12 | 28 | 11 | 11 |
| | തിരുവാലി ഗ്രാമപഞ്ചായത്ത് | 2011-12 | 29 | 13 | 46 |
| | കുറുവ ഗ്രാമപഞ്ചായത്ത് | 2009-10 | - | - | 20 |
| | | 2010-11 | - | - | 41 |
| | ഏലംകുളം ഗ്രാമപഞ്ചായത്ത് | 2009-10 | 10 | 10 | 28 |
| | | 2010-11 | 8 | 9 | 25 |
| | തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് | 2010-11 | 157 | 88 | 115 |
| | | 2011-12 | 33 | 77 | 134 |
| | ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 2009-10 | 4 | 9 | 8 |
| | | 2010-11 | 4 | 6 | 11 |
| | ചാലിയാർ ഗ്രാമപഞ്ചായത്ത് | 2010-11 | 31 | 27 | - |
| | എടപ്പറ്റ ഗ്രാമപഞ്ചായത്ത് | 2008-09 | 5 | 4 | 12 |
| | ” | 2009-10 | 4 | 4 | - |
| | ” | 2010-11 | 4 | 5 | - |
| | ” | 2011-12 | 7 | 9 | 4 |

LOCAL FUND AUDIT DEPARTMENT

അദ്ധ്യായം – 3

# പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ



♦ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യപരിപാലനം



♦ ♦ കൃഷിഫാമുകളും കാർഷികാഭിവൃദ്ധിയും



♦ ♦ ♦ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും



♦ ♦ ♦ ♦ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

LOCAL FUND AUDIT DEPARTMENT

LOCAL FUND AUDIT DEPARTMENT

# 3.1. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം




## പ്രവർത്തനക്ഷമതാ റിപ്പോർട്ട്

LOCAL FUND AUDIT DEPARTMENT

കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നായി ഖരമാലിന്യപരിപാലനം മാറിക്കഴിഞ്ഞിട്ടുണ്ട്. വ്യക്തമായ ആസൂത്രണവും, കൃത്യമായ നിർവ്വഹണവും ഇല്ലാത്തതിനാൽ ഖരമാലിന്യ സംസ്ക്കരണം ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ ഈ മേഖലയിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഗുണകരമായ ഫലങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യത്തിനും പരിസ്ഥിതിക്കും കനത്ത ഭീഷണി മാലിന്യങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുമ്പോഴും,അനുയോജ്യമായ ശാസ്ത്രീയമാർഗ്ഗങ്ങൾ അവയുടെ നിർമ്മാർജ്ജനത്തിനായി നടപ്പാക്കാനായിട്ടില്ല.കാര്യക്ഷമമായ ഖരമാലിന്യശേഖരണ സംവിധാനങ്ങളുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ നാമമാത്രമാണ്. അശാസ്ത്രീയമായ ഖരമാലിന്യസംസ്ക്കരണമാണ് മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളിലും നടക്കുന്നത്. വലിയൊരു ശതമാനം ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകളും, ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനരഹിതങ്ങളാണ്. ഖരമാലിന്യപരിപാലനരംഗത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല. ഈ മേഖലയിലെ പുതിയ വെല്ലുവിളികളായ ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, നിർമ്മാണമേഖലയിലെ മാലിന്യങ്ങൾ എന്നിവ കൈകാര്യം ചെയ്യാൻ കൃത്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിൽ വന്നിട്ടില്ല. ഭരണതലത്തിൽ എന്നതിനു പുറമേ, ജനങ്ങളുടെ ക്രിയാത്മക സഹകരണത്തോടും കൂടിയേ വിജയകരമായ ഖരമാലിന്യപരിപാലന സംവിധാനങ്ങൾ നടപ്പിലാക്കാനാവൂ.

| വിഷയവിവരം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | 3.1.1 | 37 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 3.1.2 | 38 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 3.1.3 | 39 |
| ഓഡിറ്റിന്റെ രീതി, വ്യാപ്തി | 3.1.4 | 39 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 3.1.5 | 40 |
| മാലിന്യങ്ങളുടെ ഉൽപ്പാദനം | 3.1.5.1 | 40 |
| ഖരമാലിന്യങ്ങളുടെ ഉറവിടങ്ങൾ | 3.1.5.2 | 43 |
| ഖരമാലിന്യങ്ങളുടെ ഘടന | 3.1.5.3 | 44 |
| ഖരമാലിന്യശേഖരണ സംവിധാനങ്ങൾ | 3.1.5.4 | 44 |
| ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിക്കുന്നില്ല | 3.1.5.5 | 49 |
| ഖരമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ പ്രാകൃതം | 3.1.5.6 | 49 |
| നിലവിലുള്ള ഖരമാലിന്യ പരിപാലന മാർഗ്ഗങ്ങൾ | 3.1.5.7 | 51 |
| അശാസ്ത്രീയമായ ഖരമാലിന്യസംസ്ക്കരണം | 3.1.5.8 | 53 |
| തദ്ദേശസ്ഥാപനങ്ങളും മാലിന്യസംസ്ക്കരണത്തിനുള്ള ഭൂമിയും | 3.1.5.9 | 55 |
| ഖരമാലിന്യ ഉൽപ്പാദനവും, പ്ലാന്റുകളുടെ സ്ഥാപിതശേഷിയും | 3.1.5.10 | 56 |
| പ്ലാന്റുകൾക്ക് അനുവദിച്ച തുകകൾ നിഷ്ക്രിയം | 3.1.5.11 | 61 |
| ബയോഗ്യാസ് പ്ലാന്റുകൾ വൻപരാജയമായി | 3.1.5.12 | 63 |
| തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുവിനിയോഗം കാര്യക്ഷമമല്ല | 3.1.5.13 | 67 |
| തദ്ദേശസ്ഥാപനങ്ങളിലെ ജനകീയ പ്രക്ഷോഭങ്ങൾ | 3.1.5.14 | 70 |
| വികേന്ദ്രീകൃത ഖരമാലിന്യപരിപാലനം | 3.1.5.15 | 72 |
| പ്ലാസ്റ്റിക്കിന്റെ വിപത്തുകൾ | 3.1.5.16 | 74 |
| ശുചിത്വമിഷൻ | 3.1.5.17 | 75 |
| **ഖരമാലിന്യപരിപാലനരംഗത്തെ പുതിയ വെല്ലുവിളികൾ** | 3.1.6 | 78 |
| ആശുപത്രി മാലിന്യങ്ങൾ | 3.1.6.1 | 78 |
| ഇ - മാലിന്യങ്ങൾ | 3.1.6.2 | 80 |
| നിർമ്മാണ മേഖലയിലെ മാലിന്യങ്ങൾ | 3.1.6.3 | 82 |
| **നിഗമനങ്ങൾ** | 3.1.7 | 83 |
| **ശുപാർശകൾ** | 3.1.8 | 84 |

LOCAL FUND AUDIT DEPARTMENT

## 3.1.1. ആമുഖം

ദ്രുതഗതിയിലുള്ള നഗരവൽക്കരണവും, ഉപഭോഗരീതികളിൽ പ്രതിദിനമുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ കേരളത്തിലെ ഖരമാലിന്യങ്ങളുടെ അളവിൽ ഗണ്യമായ വർദ്ധനയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനങ്ങൾക്കും, പരിസ്ഥിതിക്കും താങ്ങാൻ കഴിയുന്നതിനും അപ്പുറത്തേക്ക് മാലിന്യങ്ങളുടെ പുറംതള്ളൽ വർദ്ധിച്ചു കഴിഞ്ഞു.



തിരുവനന്തപുരം നഗരത്തിലെ പാതയോരത്തെ മാലിന്യകൂമ്പാരം

44 പുഴകളും, ലക്ഷക്കണക്കിന് കിണറുകളും, ആയിരക്കണക്കിന് കുളങ്ങളും, എണ്ണമറ്റ തോടുകളും, ജലസ്രോതസ്സുകളുമുള്ള കേരളം പോലൊരു ചെറിയ ഭൂപ്രദേശത്ത് ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ ദിവസവും സംസ്ക്കരിക്കപ്പെടാതിരിക്കുമ്പോൾ പ്രശ്നം വളരെ സങ്കീർണ്ണമായി മാറുന്നു. വർഷത്തിൽ ശരാശരി 160 ദിവസമെങ്കിലും കേരളത്തിൽ മഴ ലഭിക്കുന്നു. അതുകൊണ്ട് തന്നെ മാലിന്യസംസ്ക്കരണം ശരിയായി നടക്കാതിരുന്നാൽ കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്കും, ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും അത് കാരണമാകും.

കേരളത്തിലെ ഉയർന്ന ജനസാന്ദ്രത, മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനും, വിജയകരമായി പ്രവർത്തിപ്പിക്കാനും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചതുരശ്ര കിലോമീറ്ററിന് 859 പേർ എന്നതാണ് സംസ്ഥാനത്തെ ജനസാന്ദ്രത. എന്നാൽ നഗരപ്രദേശങ്ങളിൽ ഇത് ചതുരശ്ര കിലോമീറ്ററിന് 3000 ത്തിനും മേലെയാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേരളത്തിലെ നഗരജനസംഖ്യയിൽ 95% ത്തിന്റെ വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. ഖരമാലിന്യ ഉൽപ്പാദനത്തിൽ കുതിച്ചുചാട്ടമാണ് കേരളത്തിലുണ്ടാവാൻ പോകുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.ഖരമാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്നു തന്നെ കൃത്യമായി വേർതിരിച്ചു ശേഖരിക്കാൻ കഴിയാതെ പോകുന്നതാണ്, മാലിന്യ സംസ്ക്കരണ രംഗത്തെ പ്രതിസന്ധിയുടെ കാരണങ്ങളിൽ പ്രധാനം. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഗുണകരമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ മാത്രമേ ഈ സ്ഥിതിയിൽ മാറ്റം വരുത്താനാവൂ.

കേരളത്തിൽ ഒരു ടൺ ഖരമാലിന്യം പരിപാലനം ചെയ്യുന്നതിന് 1200 രൂപ മുതൽ 2400 രൂപ വരെയാണ് ചെലവ് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇങ്ങനെ നോക്കുമ്പോൾ കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും മാലിന്യപരിപാലനത്തിനായി സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്നത്. പക്ഷേ, ഇത്തരമൊരു കനത്ത മുതൽ മുടക്കിന് അനുസൃതമായ പ്രയോജനം ലഭിക്കുന്നില്ല എന്നു മാത്രമല്ല, പകർച്ചവ്യാധികൾ പടരാൻ പാകത്തിൽ കേരളം മലിനമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രത കൂടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇക്കാരണത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമം അനുശാസിക്കുന്ന ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് മാലിന്യസംസ്ക്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയുന്നില്ല. പൊതുജനങ്ങളിൽ നിന്നുള്ള ശക്തമായ എതിർപ്പുമൂലം കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും മാലിന്യസംസ്ക്കരണ കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

ഖരമാലിന്യങ്ങൾ മൂലമുള്ള പ്രതിസന്ധികൾ സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുമ്പോഴും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ ഖരമാലിന്യപരിപാലന പദ്ധതികൾ ഇല്ല എന്നുള്ളത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. തദ്ദേശസ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പുലർത്തുന്ന ഉദാസീനതയാണ് പൊതുജന പ്രക്ഷോഭങ്ങൾക്ക് കാരണമായിത്തീരുന്നത്.

LOCAL FUND AUDIT DEPARTMENT

കേരളത്തിലെ ഖരമാലിന്യങ്ങളിൽ 80% ത്തോളം ജൈവമാലിന്യങ്ങളാണ്. ജൈവമാലിന്യങ്ങൾ അഴുകുമ്പോൾ 25-30%വരെ മീഥേനായി മാറും. തുറസായ സ്ഥലങ്ങളിൽ കിടന്നഴുകുന്ന മാലിന്യങ്ങൾ അന്തരീക്ഷത്തിലേക്ക് മീഥേൻ വാതകം വ്യാപിക്കാൻ ഇടയാക്കുന്നു. കാർബൺ ഡൈ ഓക്സൈഡിനേക്കാൾ 20 മടങ്ങ് ആഗോളതാപനശേഷിയുള്ള വാതകമാണ് മീഥേൻ. ഇതു ബയോഗ്യാസായി ഊർജ്ജാവശ്യത്തിന് ഉപയോഗിക്കുവാൻ സാധ്യതയുള്ളതുമാണ്.

ലോകം 1950 കളിൽ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയായ വിൻഡ്രോകമ്പോസ്റ്റിങ്ങാണ് മാലിന്യസംസ്ക്കരണത്തിനായി കേരളത്തിൽ ഉപയോഗിക്കുന്നത്. കേന്ദ്രനിയമങ്ങളും വിൻഡ്രോകമ്പോസ്റ്റിങ് ആണ് നഗരമാലിന്യ സംസ്ക്കരണത്തിന് മുഖ്യമായും ശുപാർശ ചെയ്യുന്നത്. എന്നാൽ കേരളത്തിന് അനുയോജ്യമല്ലാത്ത സാങ്കേതികവിദ്യയാണിത്. വിൻഡ്രോകമ്പോസ്റ്റിങ് നടത്താൻ അന്തരീക്ഷ ആർദ്രത 55% ത്തിൽ കൂടാൻ പാടില്ല. എന്നാൽ, ഇന്ത്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നായ കേരളത്തിൽ അന്തരീക്ഷ ആർദ്രത പൊതുവേ ഇതിലും കൂടുതലായിരിക്കും. മഴക്കാലത്ത് കേരളത്തിലെ അന്തരീക്ഷ ആർദ്രത 90% നും മേലെയാണ്. ഖരമാലിന്യ പരിപാലനരംഗത്ത് കേരളം പുതിയ സാങ്കേതിക വിദ്യകൾ പരീക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

പരമ്പരാഗതമായ മാലിന്യപ്രശ്നങ്ങളിൽ വ്യക്തമായ ആസൂത്രണവും, പ്രവർത്തനങ്ങളും ഇല്ലാത്ത അവസ്ഥയിലേക്കാണ് ഇ-മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ഭീഷണിയുമുള്ളത്. ഏറ്റവും അപകടകാരികളായ മാലിന്യങ്ങളുടെ ഗണത്തിൽപ്പെടുന്ന ഇ-മാലിന്യങ്ങളും, ആശുപത്രി മാലിന്യങ്ങളും കൈകാര്യം ചെയ്യാൻ സംസ്ഥാനത്ത് യാതൊരു സംവിധാനവുമില്ല. നാല് നൂറ്റാണ്ടിലേറെക്കാലം ജീർണ്ണിക്കാൻ സമയമെടുക്കുന്ന പ്ലാസ്റ്റിക് വലിയൊരു വിപത്തായി മാറിക്കഴിഞ്ഞു.

കേന്ദ്രീകൃതമായ ഖരമാലിന്യപരിപാലന സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഇപ്പോഴുള്ളത്. എന്നാൽ വളരെ ചെറിയൊരു വിജയശതമാനം മാത്രമേ ഇതിനുള്ളൂവെന്ന് ഉദാഹരണങ്ങൾ തെളിയിക്കുന്നു. കൂടാതെ ലോകം കൈയൊഴിഞ്ഞ ഖരമാലിന്യ സംസ്ക്കരണ മാതൃക കൂടിയാണിത്. വികേന്ദ്രീകൃതമായ ഖരമാലിന്യ സംസ്ക്കരണ പരിപാടികളിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാകൂ. ഇപ്പോൾ ഈ ദിശയിലാണ് സർക്കാരിന്റെയും പ്രവർത്തനങ്ങൾ.



കോഴിക്കോട് നഗരത്തിലെ അശാസ്ത്രീയമായ മാലിന്യം കത്തിക്കൽ

LOCAL FUND AUDIT DEPARTMENT

### 3.1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

**ഇനിപ്പറയുന്നവയായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ ;**

- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങളുടെ ഉറവിടം, ഉൽപ്പാദനം, സംസ്ക്കരണം എന്നിവയെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?
- ❖ ഖരമാലിന്യങ്ങളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നുണ്ടോ?
- ❖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ ശേഖരണ സംവിധാനം കാര്യക്ഷമമാണോ? മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോ?
- ❖ ഖരമാലിന്യ സംസ്ക്കരണത്തിനായി തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ? ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകളും, ബയോഗ്യാസ് പ്ലാന്റുകളും ശരിയായി പ്രവർത്തിക്കുന്നുണ്ടോ?

- ഖരമാലിന്യപരിപാലനാർത്ഥം ചെലവഴിച്ച തുകകൾ ഗുണകരമായി തീർന്നിട്ടുണ്ടോ? ഈ മേഖലയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാണോ ?
- മാലിന്യസംസ്ക്കരണ രംഗത്ത് തദ്ദേശസ്ഥാപനങ്ങൾ വികേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോ?
- മാലിന്യസംസ്ക്കരണാർത്ഥം തദ്ദേശസ്ഥാപനങ്ങൾ ഭൂമി വാങ്ങിയിട്ടുണ്ടോ? ആയത് പ്രയോജനപ്പെടുത്തുന്നുണ്ടോ?
- പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോ?
- ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണബോർഡ്, ശുചിത്വമിഷൻ എന്നിവയുടെ സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോ ?
- മാലിന്യസംസ്ക്കരണത്തിന് ജനകീയ പ്രക്ഷോഭങ്ങൾ തടസ്സമാകുന്നുണ്ടോ? അവ പരിഹരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ട നടപടികളേവ?
- ആശുപത്രി മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവയുടെ പരിപാലനം എത്രത്തോളം കാര്യക്ഷമമാണ്?

### 3.1.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219(എ) മുതൽ 219 (എസ്) വരെയുള്ള വകുപ്പുകൾ
- 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ.
- 2000 ത്തിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ
- 1998 ലെ ആശുപത്രി മാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ
- 2011 ലെ ഇ-മാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ
- സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളും, നിർദ്ദേശങ്ങളും
- ശുചിത്വമിഷന്റെ നിർദ്ദേശങ്ങളും, മാർഗ്ഗരേഖകളും.
- മുനിസിപ്പൽ ഖരമാലിന്യപരിപാലന മാന്വലിലെ പ്രസക്തഭാഗങ്ങൾ
- ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്രസംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും, നിർദ്ദേശങ്ങളും, നയ പരിപാടികളും.

LOCAL FUND AUDIT DEPARTMENT

### 3.1.4. ഓഡിറ്റിന്റെ രീതി, വ്യാപ്തി

കേരളത്തിലെ 45 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2010-11, 2011-12 വർഷങ്ങളിൽ ഖരമാലിന്യപരിപാലനരംഗത്ത് നടന്നിട്ടുള്ള പ്രവർത്തനങ്ങൾ 2012 സെപ്തംബർ, നവംബർ മാസങ്ങളിലായി പ്രവർത്തനക്ഷമതാ പരിശോധനയ്ക്ക് വിധേയമാക്കി . മേൽ തദ്ദേശസ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, നേരിട്ടുള്ള സ്ഥല സന്ദർശനം, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ശുചിത്വമിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള വിവര ശേഖരണം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റിന് വിധേയമാക്കിയ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 2 ആയി നൽകിയിരിക്കുന്നു. പഠനം നടത്തിയ സ്ഥാപനങ്ങളിൽ 23 എണ്ണം ഗ്രാമപഞ്ചായത്തുകളും, 17 എണ്ണം നഗരസഭകളും 5 എണ്ണം സിറ്റികോർപ്പറേഷനുകളുമാണ്.

# 3.1.5. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. കേരളത്തിലെ മാലിന്യങ്ങളുടെ ഉൽപാദനം – കണക്കുകൾ ലഭ്യമല്ല

കേരളത്തിൽ പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യ ഉൽപാദനത്തെ സംബന്ധിച്ചുള്ള ആധികാരികമായ കണക്കുകൾ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങളും തുലോം കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിൽ ഉണ്ടാകുന്ന മാലിന്യ ഉൽപാദനത്തിന്റെ കൃത്യമായ കണക്കുകൾ സൂക്ഷിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ടെങ്കിലും, അതൊട്ടും തന്നെ പാലിക്കപ്പെടുന്നില്ല. ഖരമാലിന്യത്തിന്റെ അളവു തിട്ടപ്പെടുത്താൻ കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗം തികച്ചും അശാസ്ത്രീയമാണ്. ഓരോ ദിവസവും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവിനനുസരിച്ച് മാത്രമാണ് ആകെ ഖരമാലിന്യങ്ങളുടെ അളവ് കണക്കാക്കുന്നത്. ഖരമാലിന്യങ്ങൾ സംസ്കരണത്തിനു കൊണ്ടുപോകുന്നതിന് മുൻപ് അളവ് തിട്ടപ്പെടുത്താനുള്ള സംവിധാനങ്ങൾ നിലവിലുള്ള നഗരസഭകൾ/മുനിസിപ്പാലിറ്റികൾ എന്നിവ വിരലിൽ എണ്ണാവുന്നവയാണ്. ഇക്കാരണങ്ങൾ കൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യങ്ങളുമായി ബന്ധപ്പെട്ടു നൽകുന്ന കണക്കുകൾ ഒട്ടുംതന്നെ ആധികാരികമല്ല. വിവിധ സ്രോതസ്സുകളിൽ നിന്നു ദിനംപ്രതിയുള്ള മാലിന്യ ഉൽപാദനത്തിന്റെ തോതുകളും ശരിയായി കണക്കാക്കപ്പെട്ടിട്ടില്ല.

ഖരമാലിന്യപരിപാലന സംവിധാനത്തിലെ വളരെ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവ് ശരിയായി തിട്ടപ്പെടുത്തുക എന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാര്യക്ഷമമായ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ സാധ്യമാകൂ. കേരളം അതീവഗുരുതരമായ ഖരമാലിന്യസംസ്ക്കരണ പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോഴും, അടിസ്ഥാനപരമായ വിവരശേഖരണം പോലും നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് വലിയ വീഴ്ചയാണ്. അടിസ്ഥാന വിവരങ്ങളുടെ അഭാവമാണ് ഖരമാലിന്യ പരിപാലന പദ്ധതികൾ പാളിപ്പോകുന്നതിന്റെ പിന്നിലെ പ്രധാന കാരണം.

കേരളത്തിലെ ഖരമാലിന്യ ഉൽപാദനത്തെക്കുറിച്ചുള്ള സമഗ്ര പഠനറിപ്പോർട്ടുകൾ ദുർലഭമാണ്. ഈ മേഖലയിൽ നടന്നിട്ടുള്ള എടുത്തു പറയാവുന്ന പഠനം 2006 ൽ കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി (കെ.എസ്.യു.ഡി.പി.) നടത്തിയിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഖരമാലിന്യ ഉൽപാദനത്തെ കുറിച്ചുള്ള ഒരു പഠന റിപ്പോർട്ട് ശുചിത്വമിഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**കേരളത്തിലെ ഖരമാലിന്യ ഉൽപാദനം**

| തദ്ദേശസ്വയംഭരണ സ്ഥാപനം | ജനസംഖ്യ (2001) | പ്രതിശീർഷ മാലിന്യ ഉൽപാദനം (ഗ്രാം) | ആകെ മാലിന്യ ഉൽപാദനം (ടൺ/ പ്രതിദിനം) | ജനസംഖ്യ (2006) | പ്രതിശീർഷ മാലിന്യ ഉൽപാദനം (ഗ്രാം) | ആകെ മാലിന്യ ഉൽപാദനം (ടൺ/ പ്രതിദിനം) |
|---|---|---|---|---|---|---|
| കോർപ്പറേഷനുകൾ (5) | 2456618 | 435 | 1069 | 2543812 | 465 | 1183 |
| മുനിസിപ്പാലിറ്റികൾ (53) | 2731093 | 250 | 683 | 2328030 | 268 | 758 |
| ഗ്രാമപഞ്ചായത്തുകൾ (999) | 23574449 | 175 | 4126 | 24411200 | 187 | 4565 |
| **ആകെ ഖരമാലിന്യ ഉൽപാദനം** | | | **5878** (2001) | | | **6506** (2006) |

**(അവലംബം ശുചിത്വമിഷൻ പഠനറിപ്പോർട്ട് – 2006)**

കേരളത്തിലെ പ്രതിശീർഷ മാലിന്യഉൽപാദനം 2006 ലെ കണക്കുകൾ പ്രകാരം 306.6 ഗ്രാമാണ്. കോർപ്പറേഷനുകളിൽ ഇത് കൂടുതലും, ഗ്രാമപഞ്ചായത്തുകളിൽ കുറവുമാണ്.

ലോകബാങ്കിന്റെ നഗരവികസന വിഭാഗം (കിഴക്കൻ ഏഷ്യ-പസഫിക് മേഖല), ഖരമാലിന്യ ഉൽപാദനത്തിൽ പ്രതിവർഷമുണ്ടാകുന്ന വർദ്ധനവിന്റെ തോതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ഖരമാലിന്യ ഉൽപാദനത്തിൽ പ്രതിവർഷമുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ തോതും കണ്ടെത്തിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

ആകെ ദേശീയോത്പാദനം (ജി.എൻ.പി), പ്രതിശീർഷ മാലിന്യ ഉൽപ്പാദനം എന്നിവ തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ, പ്രതിവർഷം മാലിന്യ ഉൽപ്പാദനത്തിലുണ്ടാകുന്ന വർദ്ധനവിന്റെ നിരക്ക് 1.41% ആണെന്നാണ് ലോകബാങ്ക് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഖരമാലിന്യ ഉൽപ്പാദനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് ഇനിപ്പറയും പ്രകാരമാണ്.

**കേരളത്തിലെ പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം**

| **തദ്ദേശസ്വയംഭരണ സ്ഥാപനം** | **ആകെ ഖരമാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം)** | | | | | | |
|---|---|---|---|---|---|---|---|
| | **2006** | **2007** | **2008** | **2009** | **2010** | **2011** | **2012** |
| കോർപ്പറേഷനുകൾ | 1183 | 1200 | 1216 | 1233 | 1250 | 1268 | 1285 |
| മുനിസിപ്പാലിറ്റികൾ | 758 | 769 | 780 | 791 | 801 | 812 | 823 |
| ഗ്രാമപഞ്ചായത്തുകൾ | 4561.5 | 4629 | 4694 | 4760 | 4827 | 4895 | 4964 |
| **ആകെ ഖരമാലിന്യ ഉൽപ്പാദനം** | **6502.5** | **6598** | **6690** | **6784** | **6878** | **6975** | **7072** |

ഖരമാലിന്യ ഉൽപ്പാദനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവിന്റെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ, 2012 ൽ കേരളത്തിലെ പ്രതിദിന മാലിന്യ ഉൽപ്പാദനം 7072 ടണ്ണാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ പ്രതിവർഷമുള്ള ഖരമാലിന്യോൽപ്പാദനത്തിന്റെ അളവ് പട്ടികയിൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ പ്രതിവർഷ ഖരമാലിന്യ ഉൽപ്പാദനം**

| **തദ്ദേശസ്വയംഭരണ സ്ഥാപനം** | **ആകെ ഖരമാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം)** | | |
|---|---|---|---|
| | | | |
| കോർപ്പറേഷനുകൾ | 456250 | 462820 | 469025 |
| മുനിസിപ്പാലിറ്റികൾ | 292365 | 296380 | 300395 |
| ഗ്രാമപഞ്ചായത്തുകൾ | 1761855 | 1786675 | 1811860 |
| **ആകെ ഖരമാലിന്യ ഉൽപ്പാദനം** | **2510470** | **2545875** | **2581280** |

*കേരളത്തിലെ പ്രതിവർഷ ഖരമാലിന്യ ഉൽപ്പാദനം 2012 ൽ 25.81 ലക്ഷം ടൺ ആണ്.*

## ഖരമാലിന്യത്തിന്റെ അളവ്- തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന കണക്കുകളിൽ വൈരുദ്ധ്യം.

കേരളത്തിലെ കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും തങ്ങളുടെ പരിധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവിനെക്കുറിച്ച് നൽകുന്ന കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നവയല്ല. 2010-11 വർഷത്തിലെ വാർഷിക പത്രികയുടെ ഭാഗമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു നൽകിയ കണക്കുകളും, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു നൽകിയ കണക്കുകളും തമ്മിൽ വൈരുദ്ധ്യമുണ്ട്. ഉദാഹരണങ്ങൾ പട്ടികയിൽ;

| കോർപ്പറേഷൻ | പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം (ടൺ) | |
|---|---|---|
| | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു നൽകിയ പത്രികയിലെ കണക്ക് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയ കണക്ക് |
| തിരുവനന്തപുരം | 100 | 328.77 |
| കൊല്ലം | 110 | 45 |
| കൊച്ചി | വിവരം നൽകിയിട്ടില്ല | 250 |
| തൃശ്ശൂർ | 33 | 80 |
| കോഴിക്കോട് | 300 | 70.1 |

LOCAL FUND AUDIT DEPARTMENT

| മുനിസിപ്പാലിറ്റി | പ്രതിദിന ഖരമാലിന്യ ഉൽപ്പാദനം (ടൺ) | |
|---|---|---|
| | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു നൽകിയ പത്രികയിലെ കണക്ക് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയ കണക്ക് |
| തിരുവല്ല | 15 | 0.54 |
| കായംകുളം | 16 | 12.87 |
| ആലപ്പുഴ | 57.5 | വിവരം നൽകിയിട്ടില്ല |
| ചങ്ങനാശ്ശേരി | 12 | 6 |
| കോട്ടയം | 30 | വിവരം നൽകിയിട്ടില്ല |
| ആലുവ | വിവരം നൽകിയിട്ടില്ല | 18 |
| പെരുമ്പാവൂർ | വിവരം നൽകിയിട്ടില്ല | 0.60 |
| തിരൂർ | 15 | 6 |
| തലശ്ശേരി | 40 | വിവരം നൽകിയിട്ടില്ല |
| കണ്ണൂർ | 35 | 21.9 |
| കാസർഗോഡ് | 15 | 0.68 |

തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവിനെ സംബന്ധിച്ച് കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും കൃത്യമായ ധാരണയില്ലെന്ന് മേൽകണക്കുകൾ വ്യക്തമാക്കുന്നു. ഒരു ഏജൻസിക്കും വകുപ്പിനും ഒരേ വിഷയം സംബന്ധിച്ച് നൽകിയ കണക്കുകളിലാണ് ഇത്രയും വലിയ അന്തരമുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ ഗൗരവം ഈ വിഷയത്തിൽ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

## ഖരമാലിന്യങ്ങളുടെ അളവു സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ കൃത്യമായ പഠനം നടത്തുന്നില്ല

ഖരമാലിന്യ പരിപാലന പദ്ധതികൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുവാനും, വിജയകരമായി നടത്തിക്കൊണ്ടുപോകാനും വിവരശേഖരണം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ ഒട്ടുംതന്നെ ആശാവഹമല്ല. തങ്ങളുടെ പരിധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെപ്പറ്റിയുള്ള പഠനവും, വിവരശേഖരണവും നടത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിരളമാണ്. ഖരമാലിന്യപരിപാലന സംവിധാനങ്ങൾ പരാജയപ്പെടാൻ ഇതു കാരണമാകുന്നു. ഖരമാലിന്യങ്ങളെപ്പറ്റി വിവിധ തദ്ദേശസ്ഥാപനങ്ങൾ നടത്തിയിട്ടുള്ള പഠനങ്ങൾ/വിവരശേഖരണങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ;

| ഗ്രാമപഞ്ചായത്ത് | പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ) | ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനം/വിവരശേഖരണം |
|---|---|---|
| പോത്തൻകോട് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| കൊട്ടാരക്കര | 2500 | പഠനം നടത്തിയിട്ടുണ്ട് |
| ചിറ്റാർ | 550 | പഠനം നടത്തിയിട്ടില്ല |
| കട്ടപ്പന | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ഉഴവൂർ | 45 | പഠനം നടത്തിയിട്ടില്ല |
| വടവുകോട്-പുത്തൻകുരിശ് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| അരിമ്പൂർ | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ആലത്തൂർ | 1157 | പഠനം നടത്തിയിട്ടുണ്ട് |
| കൊണ്ടോട്ടി | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| സുൽത്താൻബത്തേരി | 1700 | പഠനം നടത്തിയിട്ടില്ല |
| മുഴപ്പിലങ്ങാട് | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| മംഗൽപാടി | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |

LOCAL FUND AUDIT DEPARTMENT

മിക്ക ഗ്രാമപഞ്ചായത്തുകളും, ഖരമാലിന്യങ്ങളെപ്പറ്റി പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്ന് പട്ടിക വ്യക്തമാക്കുന്നു. കൂടാതെ വ്യക്തമായ പഠനം നടത്താതെയാണ് പല പഞ്ചായത്തുകളും, മാലിന്യങ്ങളുടെ അളവിനെപ്പറ്റി നിഗമനത്തിൽ എത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ അവസ്ഥയും വ്യത്യസ്തമല്ല. വിശദാംശങ്ങൾ പട്ടികയിൽ

| **മുനിസിപ്പാലിറ്റികൾ** | **പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ)** | **ഖരമാലിന്യ ഉൽപ്പാദനത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനം/വിവരശേഖരണം** |
|---|---|---|
| തിരുവല്ല | 200 | പഠനം നടത്തിയിട്ടില്ല |
| കായംകുളം | 4700 | പഠനം നടത്തിയിട്ടില്ല |
| ആലപ്പുഴ | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ചങ്ങനാശ്ശേരി | 2190 | പഠനം നടത്തിയിട്ടില്ല |
| കോട്ടയം | കണക്കാക്കിയിട്ടില്ല | പഠനം നടത്തിയിട്ടില്ല |
| ആലുവ | 6570 | പഠനം നടത്തിയിട്ടുണ്ട് |
| പെരുമ്പാവൂർ | 219 | പഠനം നടത്തിയിട്ടില്ല |
| തിരൂർ | 21900 | പഠനം നടത്തിയിട്ടില്ല |
| തലശ്ശേരി | 7200 | പഠനം നടത്തിയിട്ടില്ല |
| കണ്ണൂർ | 8000 | പഠനം നടത്തിയിട്ടുണ്ട് |
| കാസർഗോഡ് | 250 | പഠനം നടത്തിയിട്ടില്ല |

മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ നിലവിൽ വന്നിട്ട് 12 വർഷങ്ങൾ കഴിഞ്ഞിട്ടും, ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള ഏറ്റവും അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ പോലും നടത്താൻ പല മുനിസിപ്പാലിറ്റികൾക്കും കഴിഞ്ഞിട്ടില്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഖരമാലിന്യങ്ങളെപ്പറ്റി കൃത്യമായ പഠനങ്ങൾ നടത്തി വ്യക്തമായ കണക്കുകൾ തയ്യാറാക്കാൻ മുനിസിപ്പാലിറ്റികൾ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

## 2. ഖരമാലിന്യങ്ങളുടെ ഉറവിടങ്ങൾ

ശാസ്ത്രീയമായ ഖരമാലിന്യപരിപാലന പദ്ധതിക്ക് ഉറവിടങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണ അത്യന്താപേക്ഷിതമാണ്. കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉറവിടങ്ങൾക്ക് ഏകീകൃതമായ സ്വഭാവമാണുള്ളത്. കേരളത്തിലെ ആകെ ഖരമാലിന്യങ്ങളുടെ 80% ന്റെയും ഉറവിടം വീടുകളാണെന്നാണ് ശുചിത്വമിഷൻ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നത്. ഹോട്ടലുകൾ, തെരുവുകൾ, ആശുപത്രികൾ, നിർമ്മാണരംഗം, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയാണ് കൂടുതൽ ഖരമാലിന്യങ്ങൾ പുറംതള്ളുന്ന മറ്റു മേഖലകൾ. കേരളത്തിലെ ഖരമാലിന്യ ഉറവിടങ്ങളുടെ വിശദാംശങ്ങൾ ഡയഗ്രമായി നൽകിയിരിക്കുന്നു **(അവലംബം ശുചിത്വമിഷൻ റിപ്പോർട്ട്).**

**കേരളത്തിലെ ഖരമാലിന്യങ്ങളുടെ ഉറവിടങ്ങൾ**




LOCAL FUND AUDIT DEPARTMENT

## 3. ഖരമാലിന്യങ്ങളുടെ ഘടന

ഒരു പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ ഘടനയിൽ അവിടത്തെ കാലാവസ്ഥയ്ക്കും, ജീവിത രീതികൾക്കും നിർണ്ണായകമായ സ്വാധീനമുണ്ട്. കേരളത്തിലെ ഖരമാലിന്യങ്ങളുടെ 78% വരെ ജൈവ(അഴുകുന്ന) മാലിന്യങ്ങളാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കൂടാതെ, ഖരമാലിന്യങ്ങളുടെ ഈ സ്വഭാവം കൊണ്ട് തന്നെ ഇവയുടെ പരിപാലന സംവിധാനങ്ങൾ സമയബന്ധിതമായിരിക്കേണ്ടത് അടിയന്തിരമായ സംഗതിയാണ്. അല്ലാത്തപക്ഷം, മാലിന്യങ്ങൾ ചീഞ്ഞുനാറി മലിനീകരണമുണ്ടാക്കുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യും.

കേരളത്തിലെ ഖരമാലിന്യങ്ങളിലുള്ള ജൈവവസ്തുക്കളുടെ ആധിക്യം മറ്റു സാധ്യതകളും മുന്നോട്ടുവെയ്ക്കുന്നുണ്ട്. ജൈവവളം നിർമ്മാണം, ബയോഗ്യാസ് ഉൽപ്പാദനം എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമാണ് കേരളത്തിലെ ജൈവമാലിന്യങ്ങളുടെ ഘടന.

**കേരളത്തിലെ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യങ്ങളുടെ ഘടന.**

| നഗരസഭ/ മുനിസിപ്പാലിറ്റി | ഖരമാലിന്യത്തിലെ പ്രധാന ഘടകങ്ങൾ (ശതമാനത്തിൽ) | | | | | | |
|---|---|---|---|---|---|---|---|
| | ജൈവ വസ്തുക്കൾ | പേപ്പർ | പ്ലാസ്റ്റിക് | ലോഹങ്ങൾ | ഗ്ലാസ്സ് | റബ്ബർ & ലെതർ | മറ്റുള്ളവ (തുണി, പാഴ് വസ്തുക്കൾ |
| തിരുവനന്തപുരം | 69.09 | 2.25 | 2.79 | 1.02 | 1.30 | 2.11 | 11.52 |
| കൊല്ലം | 88.34 | 3.10 | 2.95 | 0.32 | 0.76 | 0.84 | 3.69 |
| ചങ്ങനാശ്ശേരി | 76.60 | 10.20 | 4.90 | 0.20 | 0.50 | 0.60 | 7.0 |
| കോട്ടയം | 73.45 | 6.80 | 4.25 | 2.0 | 2.25 | 2.20 | 9.05 |
| കൊച്ചി | 79.78 | 4.87 | 4.83 | 0.35 | 1.06 | 1.50 | 7.6 |
| ആലുവ | 70.83 | 9.72 | 6.94 | 1.38 | 1.0 | 1.77 | 8.36 |
| തൃശ്ശൂർ | 82.51 | 2.74 | 2.26 | 0.25 | 0.47 | 1.31 | 10.45 |
| കോഴിക്കോട് | 83.9 | 3.32 | 2.05 | 0.71 | 1.85 | 1.50 | 6.67 |
| കണ്ണൂർ | 68.73 | 8.20 | 6.67 | 1.40 | 1.60 | 1.67 | 11.73 |

(അവലംബം: കെ.എസ്.യു.ഡി.പി.സർവ്വേ-2006, എസ്.ഇ.യു.എഫ്. പഠന റിപ്പോർട്ട്-2007)

മേൽ പഠനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ നഗരഖരമാലിന്യങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയുള്ള സാമാന്യ ധാരണയിലെത്താം.

**കേരളത്തിലെ നഗരഖരമാലിന്യങ്ങളുടെ ഉള്ളടക്കം (ശതമാനത്തിൽ)**

| ജൈവ വസ്തുക്കൾ | പേപ്പർ | പ്ലാസ്റ്റിക് | ലോഹങ്ങൾ | ഗ്ലാസ് | റബ്ബർ & ലെതർ | മറ്റുള്ളവ (തുണി, തടി, പാഴ് വസ്തുക്കൾ |
|---|---|---|---|---|---|---|
| 77.02 | 5.68 | 4.18 | 0.85 | 1.20 | 1.50 | 8.45 |

കേരളത്തിലെ നഗരഖരമാലിന്യങ്ങളിൽ ജൈവവസ്തുക്കൾ കഴിഞ്ഞാൽ കൂടുതലായുള്ളത് മറ്റു മാലിന്യങ്ങളായ തടി, തുണി, പാഴ് വസ്തുക്കൾ എന്നിവയുൾപ്പെടുന്ന വിഭാഗമാണ്. പേപ്പർ, പ്ലാസ്റ്റിക്, ലോഹങ്ങൾ, ഗ്ലാസ് എന്നീ മാലിന്യങ്ങൾ കൂടുതലായി കാണുന്നത്. മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യങ്ങളിലാണ്.

## 4. ഖരമാലിന്യശേഖരണ സംവിധാനത്തിൽ പോരായ്മകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219(എ) പ്രകാരം, ചവറുകളും, ഖരമാലിന്യങ്ങളും നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്തുകളാണ് ഏർപ്പാട് ചെയ്യേണ്ടത്.കാര്യക്ഷമമായ ഖരമാലിന്യ പരിപാലനം നിലനിൽക്കുന്ന പ്രദേശങ്ങളുടെയെല്ലാം പ്രധാന പ്രത്യേകത ശാസ്ത്രീയമായ ശേഖരണ സംവിധാനങ്ങളാണ്. ഖരമാലിന്യങ്ങളുടെ ഉൽപ്പാദനത്തോത് കൂടിയ സ്ഥലങ്ങളിൽ മികച്ച ശേഖരണ മാർഗ്ഗങ്ങൾ ഏർപ്പാട് ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ, ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് ഒട്ടേറെ പോരായ്മകളുണ്ട്. ഇതുമൂലം മാലിന്യങ്ങളെ ശരിയായ വിധം സംഭരിച്ച് സംസ്ക്കരണ കേന്ദ്രത്തിൽ സമയബന്ധിതമായി എത്തിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഖരമാലിന്യങ്ങളെ ഇനം തിരിച്ചാണ് ശേഖരിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്താത്തത് സംസ്ക്കരണ പരിപാടികൾ പാളിപോകുന്നതിനുപുറമേ ഒട്ടേറെ പൊതുപണവും മനുഷ്യാധ്വാനവും വ്യഥാവിലാക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്.

കൃത്യമായ ശേഖരണസംവിധാനങ്ങൾ ഇല്ലാത്തതിനാൽ, ഖരമാലിന്യങ്ങൾ കുന്നുകൂട്ടിയിടുന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ പലതിന്റെയും അവസ്ഥ. ഇതുമൂലം പൊതുസ്ഥലത്തേക്ക് വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളുടെ അളവ്

ദിനംപ്രതി വർദ്ധിക്കുന്നു. ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ഖരമാലിന്യസംവിധാനങ്ങൾ പട്ടികയിൽ.

**ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ**

| ഗ്രാമപഞ്ചായത്ത് | പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം (ടൺ) | മാലിന്യശേഖരണത്തിനുള്ള തൊഴിലാളികൾ | മാലിന്യം ശേഖരിക്കുന്ന വാഹനങ്ങൾ |
|---|---|---|---|
| പോത്തൻകോട് | കണക്കാക്കിയിട്ടില്ല | ഇല്ല | ഇല്ല |
| കൊട്ടാരക്കര | 6.85 | 20 | 1 |
| ചിറ്റാർ | 1.51 | 3 | ഇല്ല |
| ഉഴവൂർ | 0.12 | 6 | രണ്ട് വീൽ ബാരോ |
| വടവുകോട്- പുത്തൻകുരിശ് | കണക്കാക്കിയിട്ടില്ല | 8 | 1 |
| അരിമ്പൂർ | കണക്കാക്കിയിട്ടില്ല | 1 (പാർട്ട് ടൈം സ്വീപ്പർ) | ഇല്ല |
| ആലത്തൂർ | 3.17 | 8 | 1 (ട്രാക്ടർ) |
| കൊണ്ടോട്ടി | കണക്കാക്കിയിട്ടില്ല | 4 (ദിവസകൂലി) | ഇല്ല |
| സുൽത്താൻബത്തേരി | 4.66 | 10 | 2 ട്രാക്ടർ |
| മുഴുപ്പിലങ്ങാട് | കണക്കാക്കിയിട്ടില്ല | ഇല്ല | ഇല്ല |
| മംഗൽപാടി | കണക്കാക്കിയിട്ടില്ല | 4 | 1 |

ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ ഇപ്പോഴും ശൈശവദശയിൽ തന്നെയാണെന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട ഖരമാലിന്യശേഖരണസംവിധാനങ്ങളാണ് കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമുള്ളത്. മാലിന്യശേഖരണ തൊഴിലാളികളുടെയും, വാഹനങ്ങളുടെയും എണ്ണം വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്തങ്ങളാണ്. കുടുംബശ്രീ/ജനശ്രീ പ്രവർത്തകരുടെ സഹായത്തോടെ വീടുവീടാന്തിരം ഖരമാലിന്യം ശേഖരിക്കുന്ന മുനിസിപ്പൽ സ്ഥാപനങ്ങളുമുണ്ട്.

**കോർപ്പറേഷനുകളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ**

| കോർപ്പറേഷൻ | പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന ഖരമാലിന്യം (ടൺ) | മാലിന്യം ശേഖരിക്കുന്ന തൊഴിലാളികൾ | മാലിന്യശേഖരണത്തിൽ ഏർപ്പെട്ടിട്ടുള്ള കുടുംബശ്രീ / ജനശ്രീ പ്രവർത്തകർ | മാലിന്യം ശേഖരിക്കുന്ന വാഹനങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 328.77 | 922 | 850 | - |
| കൊല്ലം | 50 | 279 | 200 | 15 |
| കൊച്ചി | 250 | 1299 | - | - |
| തൃശ്ശൂർ | 80 | 246 | 16 | 30 |
| കോഴിക്കോട് | 70.1 | 594 | 370 | 51 |

പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യ ഉൽപ്പാദത്തിന് ആനുപാതികമായി തൊഴിലാളികളോ, വാഹനങ്ങളോ മുനിസിപ്പാലിറ്റികൾക്കില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ശരിയായ തരത്തിലുള്ള മാലിന്യ നീക്കത്തിന് ഇത് തടസ്സമായിത്തീരുന്നുണ്ട്.

**മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യശേഖരണ സംവിധാനങ്ങൾ**

| മുനിസിപ്പാലിറ്റി | പ്രതിദിനമുള്ള ഖരമാലിന്യ ഉൽപ്പാദനം (ടൺ) | മാലിന്യം ശേഖരിക്കുന്ന തൊഴിലാളികളുടെ എണ്ണം | മാലിന്യ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ പ്രവർത്തകർ | മാലിന്യം ശേഖരിക്കുന്നതിനുള്ള വാഹനങ്ങൾ |
|---|---|---|---|---|
| തിരുവല്ല | 0.55 | - | 9 | 2 |
| കായംകുളം | 12.88 | 30 | - | 4 |
| ആലപ്പുഴ | - | - | 92 | - |
| ചങ്ങനാശ്ശേരി | 6 | 66 | - | 2 |
| കോട്ടയം | - | 181 | 12 | 9 |
| ആലുവ | 18 | 86 | 30 | 3 |
| പെരുമ്പാവൂർ | 0.6 | 56 | - | 3 |
| തിരൂർ | 6 | - | - | - |
| തലശ്ശേരി | 19.73 | 153 | - | 10 |
| കണ്ണൂർ | 21.92 | 143 | - | 14 |
| കാസർഗോഡ് | 0.68 | - | - | - |

LOCAL FUND AUDIT DEPARTMENT



ഖരമാലിന്യശേഖരണവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള സംവിധാനങ്ങളിൽ പൊരുത്തക്കേടുകളുണ്ട്. പ്രതിദിനം 12.88 ടൺ ഖരമാലിന്യങ്ങൾ പുറംതള്ളുന്ന കായംകുളം മുനിസിപ്പാലിറ്റിയിൽ ശേഖരിക്കാനുള്ളത് 30 തൊഴിലാളികളും 4 വാഹനങ്ങളുമാണ്. എന്നാൽ ഒരു ടണ്ണിൽ താഴെ മാത്രം പ്രതിദിനഖരമാലിന്യ ഉൽപ്പാദനമുള്ള പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ശേഖരിക്കാൻ 56 തൊഴിലാളികളും 3 വാഹനങ്ങളുമുണ്ട്.

**ഖരമാലിന്യശേഖരണം കാര്യക്ഷമമല്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനം ഉണ്ടാവുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യാൻ കഴിയുന്നില്ല. ഖരമാലിന്യശേഖരണ സംവിധാനം കാര്യക്ഷമമല്ല എന്നതാണ് ഈ വസ്തുത സൂചിപ്പിക്കുന്നത്. തങ്ങളുടെ പ്രദേശങ്ങൾക്കുള്ളിൽ ഉണ്ടാവുന്ന ഖരമാലിന്യങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നുവെന്ന് അവകാശപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തീരെ ചെറിയൊരു ശതമാനം മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ ശേഖരണത്തിലുള്ള കാര്യക്ഷമതയില്ലായ്മ രൂക്ഷമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മാലിന്യ ഉൽപ്പാദനത്തിൽ പ്രതിവർഷം സംഭവിക്കുന്ന വർദ്ധനവ് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുകയാണ്.

**ഖരമാലിന്യശേഖരണത്തിലെ കാര്യക്ഷമത- ഗ്രാമപഞ്ചായത്തുകൾ**

| ഗ്രാമപഞ്ചായത്ത് | പ്രതിവർഷമുള്ള മാലിന്യം (ടൺ) | പ്രതിവർഷം ശേഖരിക്കപ്പെടുന്ന മാലിന്യം |
|---|---|---|
| കൊട്ടാരക്കര | 2500 | 2190 ലോഡ് |
| ചിറ്റാർ | 550 | 200 |
| കട്ടപ്പന | - | 1825 |
| ഉഴവൂർ | 45 | ഭാഗികം |
| വടവുകോട്-പുത്തൻകുരിശ് | - | 234 |
| ആലത്തൂർ | 1157 | 900 |
| കൊടുവായൂർ | 1000 | 600 |
| സുൽത്താൻബത്തേരി | 1700 | 1700 |

LOCAL FUND AUDIT DEPARTMENT

തങ്ങളുടെ പ്രദേശത്തുണ്ടാകുന്ന ഖരമാലിന്യങ്ങളെപ്പറ്റിയോ, അവയുടെ ശേഖരണത്തെപ്പറ്റിയോ വ്യക്തമായ കണക്കുകൾ നൽകാൻ പല ഗ്രാമപഞ്ചായത്തുകൾക്കും കഴിയുന്നില്ല. തങ്ങളുടെ പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യങ്ങൾ മുഴുവൻ ശേഖരിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ ഇതിനായുള്ള സംവിധാനങ്ങൾ ഒട്ടും തന്നെ വ്യക്തമല്ല. കേവലം രണ്ട് ട്രാക്ടറുകൾ മാത്രമാണ് മാലിന്യനീക്കത്തിനായി ഗ്രാമപഞ്ചായത്തിനുള്ളത്. ഇതുപയോഗിച്ച് പ്രതിദിനം നാലരടൺ മാലിന്യങ്ങൾ ശേഖരിക്കുന്നു എന്നത് വിശ്വസനീയമായ വിവരവുമല്ല.

മുനിസിപ്പൽ പ്രദേശങ്ങളിലെ ഖരമാലിന്യ ശേഖരണ നടപടികൾ വേണ്ടത്ര കാര്യക്ഷമമല്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അപൂർവ്വം മുനിസിപ്പാലിറ്റികൾക്ക് മാത്രമേ തങ്ങളുടെ പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന മാലിന്യങ്ങൾ മുഴുവനായി ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ശേഖരിക്കാതെ അവശേഷിക്കുന്ന ഖരമാലിന്യങ്ങൾ എന്തു ചെയ്യുന്നു എന്നതും വ്യക്തമല്ല. ഇവ പരിസ്ഥിതിക്കും, ജനജീവിതത്തിനും ദോഷമുണ്ടാക്കുന്ന രീതിയിൽ തെരുവുകളിൽ അവശേഷിക്കുന്നു എന്നു വേണം അനുമാനിക്കാൻ.

**മാലിന്യശേഖരണ കാര്യക്ഷമത – മുനിസിപ്പാലിറ്റികൾ**

| മുനസിപ്പാലിറ്റി | മാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം) | ശേഖരിക്കപ്പെടുന്ന മാലിന്യം (ടൺ/പ്രതിദിനം) |
|---|---|---|
| നെടുമങ്ങാട് | 19 | 5 |
| ആറ്റിങ്ങൽ | 15 | 14 |
| നെയ്യാറ്റിൻകര | 8 | 8 |
| പുനലൂർ | 8.5 | 5 |
| കരുനാഗപ്പള്ളി | 5.5 | 2 - 2.5 |
| തിരുവല്ല | 15 | 12 |
| കോട്ടയം | 30 | 30 |
| ചങ്ങനാശ്ശേരി | 12 | 8 |
| ആലപ്പുഴ | 57.5 | 27.5 |
| ചേർത്തല | 14 | 5 |
| ചെങ്ങന്നൂർ | 8 | 6.5 |
| കോതമംഗലം | 7 | 7 |
| പാലക്കാട് | 40 - 45 | 42 |
| ഒറ്റപ്പാലം | 10 | 8 |
| തൊടുപുഴ | 11 | 8 |
| കൽപ്പറ്റ | 10 | 7.1 |
| മലപ്പുറം | 16 | 11 |
| കാസർഗോഡ് | 15 | 8 |
| കൊടുങ്ങല്ലൂർ | 5 | 1 |
| തലശ്ശേരി | 40 | 30 |
| കണ്ണൂർ | 35 | 25 |
| കൂത്തുപറമ്പ് | 8 | 3 |

**(അവലംബം – സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനു മുനിസിപ്പാലിറ്റികൾ നൽകിയ 2010 – 11 ലെ കണക്ക്).**

തങ്ങളുടെ പരിധിക്കുള്ളിൽ പ്രതിദിനമുണ്ടാകുന്ന ഖരമാലിന്യങ്ങളുടെ പകുതിപോലും ശേഖരിക്കാൻ കഴിയാത്ത മുനിസിപ്പാലിറ്റികൾ ഉണ്ട് എന്നത് ഖരമാലിന്യശേഖരണ സംവിധാനത്തിലെ വൻപരാജയത്തെയാണ് കാണിക്കുന്നത്. നെടുമങ്ങാട്, കരുനാഗപ്പള്ളി, ആലപ്പുഴ, ചേർത്തല, കൊടുങ്ങല്ലൂർ എന്നിവ ഈ ഗണത്തിൽപ്പെടുന്ന മുനിസിപ്പാലിറ്റികളാണ്. നെടുമങ്ങാട്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളിലെ പ്രതിദിന മാലിന്യശേഖരണം, ഉൽപ്പാദിപ്പിക്കപ്പെടുന്നതിന്റെ മൂന്നിലൊന്നിനും താഴെയാണ്.

കോർപ്പറേഷനുകളിലെ ഖരമാലിന്യശേഖരണവും കാര്യക്ഷമമല്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

**മാലിന്യശേഖരണ കാര്യക്ഷമത – കോർപ്പറേഷനുകൾ**

| കോർപ്പറേഷൻ | മാലിന്യ ഉൽപ്പാദനം (ടൺ/പ്രതിദിനം) | മാലിന്യശേഖരണം (ടൺ/പ്രതിദിനം) |
|---|---|---|
| തിരുവനന്തപുരം | 100 | 65 |
| കൊല്ലം | 110 | 40 |
| തൃശ്ശൂർ | 33 | 33 |
| കോഴിക്കോട് | 300 | - |

**(അവലംബം സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിനു കോർപ്പറേഷനുകൾ നൽകിയ 2010 – 11 ലെ കണക്ക്)**

തൃശ്ശൂർ കോർപ്പറേഷൻ മാത്രമാണ് പ്രതിദിനമുണ്ടാകുന്ന മാലിന്യം മുഴുവൻ ശേഖരിക്കുന്നുവെന്ന് അവകാശപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരത്തിത് 65% ആണ്. എന്നാൽ കൊല്ലത്തെ മാലിന്യശേഖരണം കേവലം 36% മാത്രമാണ്.

LOCAL FUND AUDIT DEPARTMENT

## നഗരവൽക്കരണ വിസ്ഫോടനവും ഖരമാലിന്യവും

ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ദൃശ്യമാകാത്ത നഗരവൽക്കരണ പ്രവണതകളാണ് കേരളവുമായി ബന്ധപ്പെട്ടുള്ള 2011 സെൻസസിലെ വിവരങ്ങൾ വ്യക്തമാക്കുന്നത്. കേരളത്തിലെ നഗരജനസംഖ്യ ആകെ ജനസംഖ്യയുടെ 47.72% മായി കുതിച്ചുയർന്നിരിക്കുകയാണ്. 2001 നും 2011 നും ഇടയ്ക്ക് നഗരജനസംഖ്യയിൽ ഉണ്ടായ വളർച്ചാനിരക്ക് 92.72% മാണ്. എന്നാൽ ഇതേ കാലയളവിൽ ഗ്രാമീണ ജനസംഖ്യയിൽ -25.96% ന്റെ കുറവുണ്ടായി. വിശദാംശങ്ങൾ പട്ടികയിൽ:



കൊച്ചി നഗരത്തിലെ മാലിന്യക്കൂമ്പാരം

| സെൻസസ് വർഷം | ജനസംഖ്യ | | | ആകെ ജനസംഖ്യയിൽ (%) | | ജനസംഖ്യയിലെ വ്യതിയാനം (%) | |
|---|---|---|---|---|---|---|---|
| | ഗ്രാമവാസികൾ | നഗരവാസികൾ | ആകെ | ഗ്രാമവാസികൾ | നഗരവാസികൾ | ഗ്രാമീണർ | നഗരവാസികൾ |
| 2001 | 23574449 | 8266925 | 31841374 | 74.04 | 25.96 | - | - |
| 2011 | 17455506 | 15932171 | 33887677 | 52.28 | 47.72 | -25.96 | 92.72 |

ഗ്രാമീണരുടെ എണ്ണത്തിൽ നിർണ്ണായകമായ കുറവും, നഗരവാസികളിൽ ഗണ്യമായ വർദ്ധനയുമാണ് ഒരു സെൻസസ് കാലയളവിനുള്ളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കേരളത്തിലെ ടൗണുകളുടെ എണ്ണം 159 ൽ നിന്നും 520 ആയി ഉയർന്നതാണ് നഗരജനസംഖ്യയിൽ വൻ വർദ്ധനവുണ്ടാക്കിയിരിക്കുന്നത്. സംസ്ഥാനമൊട്ടാകെയുള്ള ജനസംഖ്യ വർദ്ധനവ് കേവലം 4.86% മാത്രമായിരിക്കെയാണ് നഗരജനസംഖ്യയിൽ 93% ത്തോളം വർദ്ധനവ് സംഭവിച്ചിരിക്കുന്നത്.നഗരജനസംഖ്യയിലും, ടൗണുകളുടെ എണ്ണത്തിലും ഉണ്ടായിരിക്കുന്ന കുതിച്ചുചാട്ടം ഖരമാലിന്യപരിപാലനരംഗത്ത് സംസ്ഥാനം വരും നാളുകളിൽ നേരിടാൻ പോകുന്ന കനത്ത വെല്ലുവിളികളെയാണ് സൂചിപ്പിക്കുന്നത്.

## ചവർവീപ്പകൾക്ക് ചെലവഴിച്ച പണം പാഴാകുന്നു

ഖരമാലിന്യ പരിപാലനത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഘട്ടമാണ് ശാസ്ത്രീമായ ശേഖരണ സംവിധാനങ്ങൾ. ഖരമാലിന്യ സംസ്ക്കരണം വിജയകരമായി നടക്കുന്ന എല്ലാ നഗരങ്ങളിലും, ശേഖരണ രീതിയിൽ അവലംബിക്കുന്ന കൃത്യതയാണ് ശ്രദ്ധേയമായ വസ്തുത.ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്ക്കരിക്കാനും, നിർമ്മാർജ്ജനം ചെയ്യാനും ഉതകുന്ന വിധത്തിൽ മാലിന്യശേഖരണ സംവിധാനം ഏർപ്പെടുത്തണമെന്ന് 2000 ലെ മുനിസിപ്പൽ ഖരമാലിന്യ ചട്ടം അനുശാസിക്കുന്നു. ഇതിനായി വിവിധ നിറങ്ങളിലുള്ള മൂടിയോടുകൂടിയ ചവർവീപ്പകൾ ലഭ്യമാക്കണമെന്ന് മേൽ നിയമത്തിൽ പറയുന്നു. ജൈവമാലിന്യങ്ങൾക്ക് പച്ച, അജൈവമാലിന്യങ്ങൾക്ക് വെള്ള, മറ്റ് മാലിന്യങ്ങൾക്ക് കറുപ്പ് എന്നിങ്ങനെയാണ് ചവർ വീപ്പകൾ ഏർപ്പാടു ചെയ്യേണ്ടത്. പല ഗ്രാമപഞ്ചായത്തുകളിലും ചവർ വീപ്പകൾ വാങ്ങിക്കൂട്ടിയിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കപ്പെടുന്നില്ല. ലക്ഷക്കണക്കിന് രൂപ ഇതുവഴി പാഴ്ചെലവ് ആയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ;



തൃശ്ശൂർ കോർപ്പറേഷനിൽ ഉപയോഗിക്കാതെ കിടക്കുന്ന ചവർവീപ്പകൾ

| ഗ്രാമപഞ്ചായത്ത് | ചവർവീപ്പകൾ വാങ്ങിയ വർഷം | ചെലവായ തുക (രൂപ) | ചവർവീപ്പകളുടെ എണ്ണം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| ചിറ്റാർ | 2009-10 | 50000 | - | ഉപയോഗശൂന്യം |
| ആലത്തൂർ | 2011-12 | - | 193 | വിതരണം പൂർണ്ണമല്ല |
| മംഗൽപാടി | 2011-12 | 400000 | 200 | വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു |
| കട്ടപ്പന | 2005-06 | - | - | വിതരണം പൂർണ്ണമല്ല. |

## 5. ഖരമാലിന്യങ്ങളെ ശാസ്ത്രീയമായി വേർതിരിക്കുന്നില്ല

കാര്യക്ഷമമായ ഖരമാലിന്യപരിപാലനത്തിന്, ശാസ്ത്രീയമായി ഖരമാലിന്യങ്ങളെ വേർതിരിക്കേണ്ടതുണ്ട്. എന്നാൽ ഉറവിടങ്ങളിൽ നിന്നും ഖരമാലിന്യങ്ങളെ ശേഖരിക്കുമ്പോൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നൽകി കാണുന്നില്ല. ജൈവ-ജൈവേതര മാലിന്യങ്ങളെ ഉറവിടങ്ങളിൽ നിന്നു തന്നെ കൃത്യമായി വേർതിരിക്കാത്തതാണ് കേരളത്തിലെ ഖരമാലിന്യ സംസ്ക്കരണത്തിലെ പ്രധാന പ്രതിസന്ധി. കൂടാതെ സംസ്ക്കരണത്തിനു ശേഷമുണ്ടാകുന്ന ഉപയോഗശൂന്യമായ വസ്തുക്കളുടെ (Rejects) അളവിലും ഇത് വൻ വർദ്ധനക്കു കാരണമാകുന്നുണ്ട്. മാലിന്യങ്ങളെ ശരിയായി വേർതിരിക്കാത്തത്, സംസ്ക്കരണ പ്ലാന്റുകളിലെ യന്ത്രഭാഗങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ കുടുങ്ങുവാൻ കാരണമാകുന്നു. ഇതുമൂലം പ്ലാന്റുകളുടെ പ്രവർത്തനം പലതവണ നിർത്തിവെയ്ക്കേണ്ടതായും വരുന്നു. ഇപ്രകാരം പ്ലാന്റുകൾ നിർത്തിയിടുന്നത് ഉൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

ഖരമാലിന്യങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിച്ചതിനുശേഷമാണ് ഒട്ടുമിക്ക തദ്ദേശസ്ഥാപനങ്ങളിലും അവയെ വേർതിരിക്കുന്നത്. പ്ലാന്റുകളിൽ ഉണ്ടാവുന്ന മാലിന്യങ്ങളുടെ ഭീമമായ അളവുമൂലം ഇത്തരത്തിലുള്ള വേർതിരിക്കൽ ശരിയായി നടക്കില്ല. കൂടാതെ വളരെയേറെ മനുഷ്യാധ്വാനവും, പണവും അനാവശ്യമായി ഇതിലൂടെ പാഴാവുന്നു.

വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും, ജൈവമാലിന്യങ്ങളും പ്രത്യേകം വേർതിരിച്ച് നൽകാൻ പൊതുജനങ്ങൾ ശ്രദ്ധിക്കുന്നില്ല. മൂടിയുള്ളതും, ജൈവ-അജൈവ മാലിന്യങ്ങൾ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളവയുമായ വാഹനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നന്നേ കുറവാണ്. മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ വലിയൊരു ശതമാനവും കാലഹരണപ്പെട്ടവയുമാണ്.

ഉറവിടങ്ങളിൽ നിന്നു തന്നെ മാലിന്യങ്ങളെ കൃത്യമായി വേർതിരിച്ചു ശേഖരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്.

**ഖരമാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത വാഹനങ്ങൾ**

1994 ലെ കേരളപഞ്ചായത്ത് നിയമം അനുശാസിക്കുന്നത് (219-എം) മാലിന്യങ്ങൾ നീക്കം ചെയ്യാൻ മൂടിയില്ലാത്ത വാഹനങ്ങൾ ഉപയോഗിക്കരുത് എന്നാണ്. പരിസരശുചിത്വം നിലനിർത്താനും, ജനജീവിതത്തിന് തടസ്സമില്ലാതിരിക്കാനും ഈ നിയമം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനുപയോഗിക്കുന്ന ബഹുഭൂരിപക്ഷം വാഹനങ്ങളും മേൽനിയമം പാലിക്കുന്നില്ല. ശരിയായവിധം മൂടിയില്ലാത്ത വാഹനങ്ങളാണ് പല ഗ്രാമപഞ്ചായത്തുകളും ഉപയോഗിക്കുന്നത്.

ശരിയായവിധത്തിൽ മൂടിയുള്ള വാഹനം മാത്രമേ ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനായി ഉപയോഗിക്കാവൂ എന്ന് മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും, കൈകാര്യം ചെയ്യലും) ചട്ടങ്ങളും അനുശാസിക്കുന്നു. ഖരമാലിന്യങ്ങളെ വാഹനങ്ങളിൽ നീക്കം ചെയ്യുമ്പോൾ അവ പൊതുജനങ്ങൾക്ക് ദൃശ്യമാകരുതെന്ന് മേൽ ചട്ടം നിർദ്ദേശിക്കുന്നു. എന്നാൽ കൃത്യമായ മൂടിയുള്ളതും, ജൈവ-അജൈവ മാലിന്യങ്ങളെ വെവ്വേറെ ശേഖരിക്കാൻ പ്രത്യേകം അറകൾ ഉള്ളവയുമായ വാഹനങ്ങൾ നഗരസഭകളിലും കുറവാണ്.



ഖരമാലിന്യം ശേഖരിക്കാൻ ഉപയോഗിക്കുന്ന
മൂടിയില്ലാത്ത വാഹനം - കൊല്ലം കോർപ്പറേഷൻ

## 6. ഖരമാലിന്യസംസ്ക്കരണ – നിർമ്മാർജ്ജന സംവിധാനങ്ങൾ പ്രാകൃതം

ഖരമാലിന്യ പരിപാലനത്തിലെ ഏറ്റവും പ്രാധാന്യമേറിയ ഘട്ടങ്ങളാണ് സംസ്ക്കരണം, നിർമ്മാർജ്ജനം എന്നിവ. കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവലംബിച്ചു വരുന്ന മൂന്ന് പ്രധാന ഖരമാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ ഇനി പറയുന്നു.

1. പ്ലാന്റുകളിൽ സംസ്ക്കരിച്ച് ജൈവവളമാക്കൽ
2. ബയോഗ്യാസ് പ്ലാന്റുകളിലൂടെ ജൈവവാതകമാക്കൽ
3. ലാന്റ് ഫില്ലിങ്ങിലൂടെ മറവു ചെയ്യൽ

എന്നാൽ ഖരമാലിന്യശേഖരണം, നീക്കം ചെയ്യൽ എന്നിവയിൽ സ്വീകരിച്ചു പോരുന്ന അശാസ്ത്രീയത, കൃത്യതയില്ലായ്മ എന്നിവമൂലം സംസ്ക്കരണം/ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കൂടാതെ, സംസ്ക്കരണ പ്ലാന്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ കൂടിക്കിടക്കുന്ന ആയിരക്കണക്കിന് ടൺ മാലിന്യങ്ങൾ, കേരളത്തിലെ ഖരമാലിന്യ സംസ്ക്കരണരംഗത്തെ ദയനീയത വ്യക്തമാക്കുന്നു.

മാലിന്യസംസ്ക്കരണാർത്ഥം പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായവ സ്ഥാപിക്കുവാനായി കോടിക്കണക്കിന് രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത് വേണ്ടത്ര ഗുണപ്രദമായിട്ടില്ല. കേരളത്തിലെ നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറെയും കൃത്യമായ മാലിന്യസംസ്ക്കരണ സംവിധാന

LOCAL FUND AUDIT DEPARTMENT

## നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ

| | | |
|---|---|---|
| ഖരമാലിന്യസംസ്ക്കരണ സംവിധാനം സ്ഥാപിക്കുവാൻ അധികാരപത്രം നേടിയ | | |
| മുനിസിപ്പാലിറ്റികൾ | - | 12 |
| കോർപ്പറേഷനുകൾ | - | 3 |
| അധികാരപത്രത്തിനായി അപേക്ഷിച്ചിട്ടുള്ളവ | | |
| മുനിസിപ്പാലിറ്റികൾ | - | 37 |
| കോർപ്പറേഷനുകൾ | - | 5 |
| സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നിലവിലുള്ള മുനിസിപ്പാലിറ്റികൾ | - | ഇല്ല |
| ഖരമാലിന്യപരിപാലന സംവിധാനം ഭാഗികമായി പ്രവർത്തിക്കുന്ന | | |
| മുനിസിപ്പാലിറ്റികൾ | - | 37 |
| വീടുവീടാന്തരമുള്ള ഖരമാലിന്യശേഖരണ സംവിധാനമുള്ള | | |
| മുനിസിപ്പാലിറ്റികൾ | - | 13 |
| കോർപ്പറേഷനുകൾ | - | 5 |
| സാനിട്ടറി ലാന്റ്ഫില്ലിനായി ഭൂമി കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ | - | 8 |
| മാലിന്യങ്ങളിൽ നിന്നുള്ള ഊറൽ ദ്രാവകങ്ങൾ (Leachate) ശേഖരിക്കുവാനോ, ശുദ്ധീകരിക്കാനോ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള | | |
| മുനിസിപ്പാലിറ്റികൾ/നഗരസഭകൾ | - | ഇല്ല. |

(അവലംബം - സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് റിപ്പോർട്ട് 2010 - 11)

ങ്ങൾ ഇല്ലാത്തവയാണെന്ന് മലിനീകരണ നിയന്ത്രണബോർഡിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.മുനിസിപ്പൽ ഖരമാലിന്യചട്ടം (പരിപാലനവും, കൈകാര്യം ചെയ്യലും) 2000 പ്രകാരം, ഖരമാലിന്യപരിപാലന സംവിധാനങ്ങൾ നിലവിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരപത്രം ലഭിച്ച കോർപ്പറേഷനുകൾ മൂന്നും, മുനിസിപ്പാലിറ്റികൾ പന്ത്രണ്ടും മാത്രമാണ്. ഒട്ടാകെ 37 മുനിസിപ്പാലിറ്റികൾ മാത്രമാണ് ഇതുവരെ മലിനീകരണ നിയന്ത്രണബോർഡിന്റെ അധികാരപത്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. (അവലംബം- Furnishing Annual Report on Implementation of Municipal Solid waste Rules-2000, for the year 2010-11) വേണ്ടത്ര അടിസ്ഥാന സൗകര്യമോ, സമയബന്ധിതമായ കാര്യപരിപാടിയോ ഇല്ലാതെ സമർപ്പിക്കപ്പെട്ട അപേക്ഷകളും ഇക്കൂട്ടത്തിലുണ്ടെന്ന് മലിനീകരണ നിയന്ത്രണബോർഡിന്റെ റിപ്പോർട്ടിൽ പറയുന്നു. കൂടാതെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ നേരിടുന്ന പ്രദേശങ്ങളിൽ നടപ്പാക്കാൻ പദ്ധതിയുള്ള പരിപാടികളും ഇത്തരത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതായി മേൽ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വൃത്തിയോടെ പ്രവർത്തിക്കുന്ന ലാന്റ്ഫിൽ സംവിധാനം സംസ്ഥാനത്തെ ഒരു മുനിസിപ്പാലിറ്റിക്കും ഇല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് വ്യക്തമാക്കുന്നു. മാലിന്യനിർമ്മാർജ്ജന രംഗത്തുള്ള ദയനീയാവസ്ഥയാണിത് കാണിക്കുന്നത്.

മുനിസിപ്പൽ ഖരമാലിന്യചട്ടം (പരിപാലനവും, കൈകാര്യം ചെയ്യലും) 2000 ന്റെ ഷെഡ്യൂൾ-1 അനുശാസിക്കുന്നത്, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ 2003 ഡിസംബർ 31 നകം ഖരമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ആരംഭിച്ചിരിക്കണം എന്നതാണ്. എന്നാൽ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ 2010-11 റിപ്പോർട്ട് വ്യക്തമാക്കുന്നത് ഷെഡ്യൂൾ-1 ഭാഗികമായെങ്കിലും നടപ്പാക്കിയത് 37 മുനിസിപ്പാലിറ്റികൾ മാത്രമാണ് എന്നാണ്. മേൽ ഷെഡ്യൂൾ പ്രകാരമുള്ള അധികാരപത്രം ലഭിച്ച മുനിസിപ്പാലിറ്റികൾ പന്ത്രണ്ടും, കോർപ്പറേഷനുകൾ മൂന്നുമാണ്.

ഖരമാലിന്യങ്ങളുടെ വീടുവീടാന്തരമുള്ള ശേഖരണം കേവലം 13 മുനിസിപ്പാലിറ്റികൾ മാത്രമേ നടപ്പിൽ വരുത്തിയിട്ടുള്ളൂ. ഖരമാലിന്യങ്ങളെ ലാന്റ്ഫിൽ ചെയ്യുവാനായി ഭൂമി കണ്ടെത്തിയിട്ടുള്ള മുനിസിപ്പാലിറ്റികൾ കേവലം എട്ടെണ്ണം മാത്രമാണ്. മാലിന്യസംസ്ക്കരണമെന്ന പേരിൽ മുനിസിപ്പാലിറ്റികളുടെ അധീനതയിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളുക മാത്രമാണ് (Dumping) പല മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഏക ഖരമാലിന്യനിർമ്മാർജ്ജന പദ്ധതി. ഖരമാലിന്യങ്ങളെ തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ട് കത്തിക്കുന്ന മുനിസിപ്പാലിറ്റികളും കുറവല്ല. ഖരമാലിന്യപരിപാലനത്തിലെ അടിസ്ഥാനപ്രമാണങ്ങൾ പോലും പാലിക്കുവാൻ വലിയൊരളവ് മുനിസിപ്പാലിറ്റികൾക്കും കഴിയുന്നില്ലെന്നത് ഇത് വ്യക്തമാക്കുന്നു.

LOCAL FUND AUDIT DEPARTMENT

**മാലിന്യസംസ്ക്കരണത്തിന് യാതൊരു സംവിധാനവുമില്ലാത്ത കേരളത്തിലെ മുനിസിപ്പാലിറ്റികൾ**

| മുനിസിപ്പാലിറ്റി | നിലവിലുള്ള മാലിന്യസംസ്ക്കരണ സംവിധാനം |
|---|---|
| നെയ്യാറ്റിൻകര | ഭൂമി കണ്ടെത്തിയിട്ടില്ല |
| നെടുമങ്ങാട് | ലാന്റ് ഫില്ലിംഗ് സ്വകാര്യ ഭൂമിയിൽ |
| വർക്കല | വിവരം ലഭ്യമല്ല |
| പരവൂർ | ഇല്ല |
| കരുനാഗപ്പള്ളി | ഇല്ല |
| തിരുവല്ല | ഇല്ല |
| അടൂർ | ഇല്ല |
| ചങ്ങനാശ്ശേരി | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| വൈക്കം | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| മാവേലിക്കര | ഇല്ല |
| നോർത്ത് പരവൂർ | ഇല്ല |
| ആലുവ | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| കളമശ്ശേരി | ഇല്ല |
| മരട് | ഇല്ല |
| കുന്ദംകുളം | ഇല്ല |
| പാലക്കാട് | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| ഒറ്റപ്പാലം | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| ഷൊർണ്ണൂർ | ലാന്റ് ഫില്ലിംഗിന് ഭൂമിയില്ല |
| തൊടുപുഴ | ഇല്ല |
| കൽപ്പറ്റ | തുറസായ സ്ഥലത്ത് കത്തിക്കുന്നു |
| നീലേശ്വരം | ഇല്ല |
| തലശ്ശേരി | ഇല്ല |
| കണ്ണൂർ | ഇല്ല |

(അവലംബം- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് 2010-11)

തങ്ങളുടെ പ്രദേശങ്ങൾക്കുള്ളിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് നിർദ്ദിഷ്ട പ്രദേശത്ത് തള്ളുന്നതു മാത്രമായി ഖരമാലിന്യ പരിപാലനത്തെ ഒതുക്കിയിട്ടുള്ള ഒട്ടേറെ മുനിസിപ്പാലിറ്റികളുണ്ട്. ഉദാഹരണങ്ങൾ:

തിരുവല്ല, അടൂർ, മാവേലിക്കര, ഏലൂർ, വടക്കൻ പറവൂർ, ചെങ്ങന്നൂർ, തളിപ്പറമ്പ്, ആലുവ, കളമശ്ശേരി, മരട്, തൊടുപുഴ, കൽപ്പറ്റ, തലശ്ശേരി, കണ്ണൂർ, മട്ടന്നൂർ.

## 7. നിലവിലുള്ള ഖരമാലിന്യപരിപാലന മാർഗ്ഗങ്ങൾ

നഗരഖരമാലിന്യങ്ങളിലെ ജൈവാവശിഷ്ടങ്ങൾ 80% ത്തോളമാണ്. അവ വേഗത്തിൽ അഴുകുന്നത് ദുർഗന്ധത്തിനും, പരിസരമലിനീകരണത്തിനും ഇടയാക്കുന്നു. അതിനാൽത്തന്നെ, നഗരഖരമാലിന്യങ്ങൾ സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. ഖരമാലിന്യ പരിപാലനത്തിനായി ഇന്ത്യയിലെ നഗരങ്ങളിൽ നിലവിലുള്ള പ്രധാന മാർഗ്ഗങ്ങളാണ് സാനിട്ടറി ലാന്റ്ഫിൽ, ഭസ്മീകരണം (Incineration), ഊർജ്ജമാക്കി മാറ്റൽ (Waste to Energy Projects) എന്നിവ.

(i) **സാനിട്ടറി ലാന്റ്ഫിൽ:-** കേരളമുൾപ്പെടെയുള്ള ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും നഗരഖരമാലിന്യപരിപാലനത്തിനായി അവലംബിച്ചു വരുന്ന പ്രധാന മാർഗ്ഗമാണിത്. ഖരമാലിന്യങ്ങളെ ദിനംപ്രതി മണ്ണിട്ടു മൂടുന്നത്കൊണ്ട് ലാന്റ്ഫില്ലിംഗിന് വളരെ കൂടിയ അളവിൽ ഭൂമി വേണ്ടിവരുന്നു. ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതെയിരുന്നാൽ ഭൂഗർഭജലം, പരിസ്ഥിതി എന്നിവ മലിനമാകാൻ സാധ്യത കൂടുതലാണ് എന്നതാണ് ലാന്റ്ഫില്ലിംഗിന്റെ പ്രധാന ന്യൂനത. ഖരമാലിന്യങ്ങളിലെ പുനഃചംക്രമണം നടത്താൻ കഴിയുന്ന വസ്തുക്കളും, ജൈവാവശിഷ്ടങ്ങളും ലാന്റ് ഫില്ലിംഗിനായി ഉപയോഗിക്കാൻ പാടില്ല. ഖരമാലിന്യ പരിപാലന പ്ലാന്റുകളിൽ കൈകാര്യം ചെയ്ത ശേഷവും അവശേഷിക്കുന്ന നിഷ്ക്രിയ പാഴ് വസ്തുക്കളെയും മറ്റ് അജൈവ വസ്തുക്കളെയും മാത്രമാണ് ലാന്റ്ഫില്ലിംഗിനായി ഉപയോഗിക്കേണ്ടത്. ജൈവാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ മിശ്രിതത്തെ ലാന്റ്ഫില്ലിംഗിന് ഉപയോഗിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് അതിടയാക്കും. ഖരമാലിന്യപരിപാലനത്തിലെ അവസാനപടിയാണ് ലാന്റ്ഫില്ലിംഗ്. എന്നാൽ കേരളത്തിലെ പകുതിയിലധികം നഗരസഭകളും മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്രധാന പ്രവർത്തനമായി അവലംബിക്കുന്നത് ഈ മാർഗ്ഗത്തെയാണ്.

LOCAL FUND AUDIT DEPARTMENT

### (ii) ഭസ്മീകരിക്കൽ (Incineration):-

800 ഡിഗ്രിസെൽഷ്യസിനും മേലെയുള്ള താപനിലയുപയോഗിച്ച് ഖരമാലിന്യങ്ങളെ നേരിട്ടു കത്തിച്ചു കളയുന്ന രീതിയാണ് ഭസ്മീകരിക്കൽ. ഇതിൽ നിന്നും ലഭിക്കുന്ന താപോർജ്ജത്തെ വൈദ്യൂതോൽപാദനം പോലുള്ള ഗുണകരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാവും. ഇന്ത്യയിലെ ഖരമാലിന്യങ്ങളിൽ, സംസ്ക്കരണ കേന്ദ്രങ്ങളിൽ എത്തുമ്പോഴേക്കും 3 മുതൽ 7% വരെ മാത്രമേ കത്തുന്ന വസ്തുക്കളായ പേപ്പർ, പ്ലാസ്റ്റിക് മുതലായവ ഉണ്ടാകുവെന്നാണ് കണക്ക്. കത്തുന്ന വസ്തുക്കളുടെ വളരെ താഴ്ന്ന അളവിൽ മാത്രമുള്ള സാന്നിദ്ധ്യംമൂലം ഭസ്മീകരണ പ്രക്രിയയിൽ നിന്നും ഊർജ്ജോൽപ്പാദനം നടത്തുക ഇന്ത്യയിൽ പൊതുവേ പ്രായോഗികമല്ല. കൂടാതെ, ഇനിപ്പറയുന്ന കാരണങ്ങളാൽ ഖരമാലിന്യങ്ങളുടെ ഭസ്മീകരണം ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല.

(1) ഖരമാലിന്യങ്ങളിലെ പൊടി, ചാരം എന്നിവയുടെ ഉയർന്ന സാന്നിദ്ധ്യവും, മഴക്കാലത്തെ കനത്ത ഈർപ്പവും ചേരുമ്പോൾ ഭസ്മീകരണം ശരിയായി നടക്കില്ല.

(2) കത്തിക്കുമ്പോൾ ദോഷകരമായ വാതകങ്ങൾ പുറംതള്ളപ്പെടുന്നതിനാൽ പരിസ്ഥിതിക്കിണങ്ങിയ മാർഗ്ഗമല്ല.

(3) ഭസ്മീകരണ സംവിധാനങ്ങളുടെ കൈകാര്യം ചെയ്യലിന് ഉയർന്ന ചെലവാണുള്ളത്.

(4) മേൽത്തരം സാങ്കേതികവിദ്യകൾ വേണ്ടിവരുന്നു.

### (iii) ഊർജ്ജമാക്കിമാറ്റൽ (Waste to Energy Projects):-

അനുയോജ്യമായ സാങ്കേതികവിദ്യകളിലൂടെ ഖരമാലിന്യങ്ങളിൽ നിന്നും ഊർജ്ജത്തെ വിഘടിപ്പിച്ച് ഗുണകരമായി ഉപയോഗിക്കുന്ന രീതിയാണിത്. മാലിന്യങ്ങളിലെ അഴുകുന്നവയും, അഴുകാത്തവയുമായ ജൈവഘടകങ്ങളിൽ നിന്നും ഒരേ പോലെ ഊർജ്ജം ഉൽപ്പാദിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യകളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇനിപ്പറയുന്നു.

### (1) താപ-രാസ പരിവർത്തനം (Thermo-Chemical Conversion):-

ജൈവ വസ്തുക്കളെ ഉയർന്ന ഊഷ്മാവിൽ കത്തിച്ച് താപോർജ്ജമോ, ബയോഗ്യാസോ ആക്കിമാറ്റുന്ന വിദ്യയാണിത്. അഴുകാത്ത ജൈവാവശിഷ്ടങ്ങൾ കൂടിയ അളവിലും, കുറഞ്ഞ ഈർപ്പവുമുള്ള ഖരമാലിന്യങ്ങളാണ് ഈ രീതിക്ക് ഏറ്റവും അനുയോജ്യം.ഭസ്മീകരണം, പൈറോലൈസിസ് (**Pyrolysis**) എന്നിവയാണ് ഈ രീതിയിലുള്ള പ്രധാന സാങ്കേതിക വിദ്യകൾ.

### (2) ജൈവ-രാസ പരിവർത്തനം (Bio-Chemical Conversion):-

അഴുകുന്ന ജൈവാവശിഷ്ടങ്ങൾ കൂടിയ അളവിലുള്ളതും, കനത്ത ഈർപ്പമുള്ളതുമായ ഖരമാലിന്യങ്ങളുടെ പരിപാലനത്തിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണിത്. സൂക്ഷ്മജീവികളുടെ പ്രവർത്തനഫലമായി ജൈവമാലിന്യങ്ങൾ അഴുകുന്നതിലൂടെ മീഥേയ്ൻ ഗ്യാസ് ഉൽപ്പാദിപ്പിക്കപ്പെടുന്നു. ബയോ മീഥേനേഷൻ എന്നറിയപ്പെടുന്ന അനെയ്റോബിക്ക് ഡൈജക്ഷനാണ് ഇതിലുപയോഗിക്കുന്ന സാങ്കേതികവിദ്യ. കേരളത്തിലെ നഗരഖരമാലിന്യങ്ങളുടെ ഘടന, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഖരമാലിന്യപരിപാലന രീതികളിൽ സംസ്ഥാനത്തിന് ഏറ്റവും യോജിക്കുന്നതാണ് ജൈവ-രാസപരിവർത്തന സാങ്കേതിക വിദ്യ.

LOCAL FUND AUDIT DEPARTMENT

### ഖരമാലിന്യസംസ്ക്കരണത്തിന് കേരളത്തിൽ നിലവിലുള്ള സംവിധാനങ്ങൾ

ഖരമാലിന്യപരിപാലനരംഗത്ത് കേന്ദ്രീകൃത സംവിധാനമാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ പ്രധാനമായുള്ളത്. വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ കേന്ദ്രീകൃത സംസ്ക്കരണ പ്ലാന്റുകളിൽ എത്തിച്ച്, ജൈവമാലിന്യങ്ങളെ സംസ്ക്കരിച്ച് ജൈവവളമാക്കി മാറ്റുന്നു. ഇതിൽ അഴുകാത്തവയും, അജൈവികവുമായ മാലിന്യങ്ങളെ ലാന്റ്ഫില്ലിംഗിന് വിധേയമാക്കുന്നു. ഇതിന് കൂടിയ അളവിൽ ഭൂമി വേണ്ടിവരുന്നതിനാൽ, ലാന്റ് ഫില്ലിംഗിലൂടെ മാത്രം മാലിന്യസംസ്ക്കരണം നടത്തുക എന്നത് ഒട്ടും തന്നെ പ്രായോഗികമല്ല. കേരളത്തിലെ പകുതിയിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുവർത്തിക്കുന്ന ഏകമാലിന്യസംസ്ക്കരണ സംവിധാനമാണ് ലാന്റ്ഫില്ലിംഗ്.

മേൽപ്പറഞ്ഞ രണ്ടു മാർഗ്ഗങ്ങൾക്ക് പുറമേ ചന്തകൾ, തിരക്കേറിയ പൊതുസ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളെ സംസ്ക്കരിക്കുന്ന സംവിധാനവും കേരളത്തിൽ വ്യാപക പ്രചാരം നേടിയിട്ടുണ്ട്. ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് ഉപയോഗിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കാനാവും.

വികേന്ദ്രീകൃത മാലിന്യപരിപാലന സംവിധാനങ്ങളായ മണ്ണിരകമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയവയ്ക്ക് കേരളത്തിൽ പ്രചാരം കിട്ടിവരുന്നതേയുള്ളൂ.

## 8. അശാസ്ത്രീയമായ ഖരമാലിന്യസംസ്ക്കരണം

### എ. കോർപ്പറേഷനുകൾ

**1. തിരുവനന്തപുരം:-** കോർപ്പറേഷന്റെ വിളപ്പിൽശാലയിലെ മാലിന്യസംസ്ക്കരണ പ്ലാന്റ് ബഹുജനപ്രക്ഷോഭത്തെ തുടർന്ന് 2011 ഡിസംബർ 21-ന് അടച്ചുപൂട്ടി. അതിനു ശേഷം, മാലിന്യസംസ്ക്കരണത്തിനുള്ള ഫലപ്രദമായ ബദൽ സംവിധാനങ്ങൾ ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുനിരത്തുകൾ, ഓടകൾ, ജലാശയങ്ങൾ, കുറ്റിക്കാടുകൾ എന്നിവിടങ്ങളിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് അപകടകരമായി വർദ്ധിച്ചിട്ടുണ്ട്.



തിരുവനന്തപുരം കോർപ്പറേഷനിൽ പാതയോരത്ത് മാലിന്യങ്ങൾ കത്തിക്കുന്നു

**2. കൊല്ലം:-** കൊല്ലം കോർപ്പറേഷനിൽ കേന്ദ്രീകൃത മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. കുരീപ്പുഴയിലെ ചണ്ടിഡിപ്പോയിലാണ് മുൻപ് മാലിന്യങ്ങൾ കൊണ്ടുവന്ന് കൂട്ടിയിട്ടിരുന്നത്. ബഹുജന സമരത്തെ തുടർന്ന് ഇതിപ്പോൾ നിലച്ചിരിക്കുകയാണ്. കോർപ്പറേഷൻ പ്രദേശത്തെ ഒഴിഞ്ഞ പ്രദേശങ്ങളിൽ മാലിന്യങ്ങൾ തള്ളുന്നതാണ് ഇപ്പോഴത്തെ രീതി.

**3. തൃശ്ശൂർ:-** തൃശ്ശൂർകോർപ്പറേഷന്റെ ലാലൂരിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് മാലിന്യം കൊണ്ടുപോകുന്നത് 2012 ജനുവരി 23 മുതൽ നിലച്ചിരിക്കുകയാണ്. ഇതുമൂലം സമയബന്ധിതമായി ഖരമാലിന്യങ്ങൾ സംസ്ക്കരിക്കാൻ കോർപ്പറേഷനു കഴിയുന്നില്ല. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യങ്ങൾ ചീഞ്ഞു നാറുകയാണ്.

### ബി. മുനിസിപ്പാലിറ്റികൾ

**1. തിരുവല്ല നഗരസഭ:-** നഗരസഭ ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള തുറസായ സ്ഥലത്ത് കൂട്ടിയിട്ട് ജെ.സി.ബി. ഉപയോഗിച്ച് രണ്ടു ദിവസത്തിലൊരിക്കൽ മണ്ണിട്ട് മൂടുന്നു. ചട്ടങ്ങളിൽ പറയുംപ്രകാരം മാലിന്യങ്ങളെ ലാന്റ്ഫില്ലിംഗിനു വിധേയമാക്കേണ്ട സ്ഥലത്തിനുണ്ടായിരിക്കേണ്ട യാതൊരു മാനദണ്ഡങ്ങളും മേൽ സ്ഥലത്തിനില്ല. ചുറ്റുമതിൽ ഇല്ലാത്ത ഈ സ്ഥലം വർഷങ്ങളായി കൃഷിചെയ്യാതെ കിടക്കുന്ന പുഞ്ചപ്പാടത്തിനു സമീപമാണ്.

**2. കായംകുളം നഗരസഭ:-** നഗരസഭാ പരിധിക്കുള്ളിലെ മാലിന്യങ്ങളെ ശേഖരിച്ച് ഡമ്പിംഗ് യാർഡിൽ തള്ളുക മാത്രമാണ് ചെയ്യുന്നത്. മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. മാലിന്യക്കൂമ്പാരത്തിൽ നിന്നുമുള്ള ഊറൽ ഒഴുകി ഡമ്പിംഗ് യാർഡിനു സമീപമുള്ള തോട്ടിൽ എത്തുകയാണ്.

**3. ആലപ്പുഴ നഗരസഭ:-** 2009 ഒക്ടോബറിൽ ഉത്ഘാടനം ചെയ്യപ്പെട്ട ഖരമാലിന്യസംസ്ക്കരണപ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. വർഷങ്ങളായി ശേഖരിച്ചു കൊണ്ടുവന്നിട്ടുള്ള മാലിന്യങ്ങൾ പ്ലാന്റ് സ്ഥിതി ചെയ്യുന്നിടത്ത് കുന്നുകൂടി കിടക്കുന്നു. പരിസരപ്രദേശങ്ങളിൽ അസഹ്യമായ ദുർഗന്ധം വ്യാപിച്ചിട്ടുണ്ട്.

**4. ചങ്ങനാശ്ശേരി നഗരസഭ:-** പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫാത്തിമപുരത്തുള്ള ഡമ്പിംഗ് യാർഡിൽ കുന്നുകൂടി കിടക്കുന്നു. 2007 ഫിബ്രുവരി മുതൽ മാലിന്യസംസ്ക്കരണ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ജൈവവളം നീക്കം ചെയ്യാതെ പ്ലാന്റിന് സമീപത്തുതന്നെ കൂട്ടിയിട്ടിരിക്കുന്നു. ജൈവവളം ജീർണ്ണിച്ച് പരിസരമലിനീകരണത്തിന് കാരണമാകുന്നു.

**5. കോട്ടയം നഗരസഭ:-** നഗരസഭയുടെ വടവാതൂരിലുള്ള ഡമ്പിംഗ് യാർഡിൽ 2 ലക്ഷം ടണ്ണോളം വരുന്ന ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിപ്പെടാതെ അവശേഷിക്കുന്നു. ഈ മാലിന്യങ്ങളിൽ നിന്നുള്ള ഊറൽ വെളിയിലേക്ക് ഒഴുകിയെത്തി കടുത്ത പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുന്നു. അസഹ്യമായ ദുർഗന്ധമാണ് പ്രദേശത്തനുഭവപ്പെടുന്നത്.

**6. ആലുവ നഗരസഭ:-** യാതൊരു തരത്തിലുമുള്ള ഖരമാലിന്യസംസ്ക്കരണ സംവിധാനമില്ലാത്ത കേരളത്തിലെ ഏക മുനിസിപ്പാലിറ്റിയാണ് ആലുവ നഗരസഭ. മാലിന്യസംസ്ക്കരണത്തിന് നഗരസഭയ്ക്ക് സ്വന്തമായി ഭൂമിയോ, പ്ലാന്റോ ഇല്ല. നഗരസഭാ പ്രദേശത്തുനിന്നും ശേഖരിക്കപ്പെടുന്ന ഖരമാലിന്യങ്ങളെ ഒരു ട്രാൻസ്ഫർ പോയിന്റിൽ താൽക്കാലികമായി സംഭരിച്ച് വേർതിരിക്കുന്നു. ഇതിൽ ജൈവമാലിന്യങ്ങളെ കൊച്ചി കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിലേയ്ക്കും, അജൈവമാലിന്യങ്ങളെ സംഭരിക്കുന്നതിനനുസൃതമായി കരാർ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് പുറത്തേയ്ക്കും നീക്കം ചെയ്യുന്നു.

**7. പെരുമ്പാവൂർ നഗരസഭ:–** സ്വന്തമായി മാലിന്യസംസ്ക്കരണ പ്ലാന്റ് നഗരസഭയ്ക്കില്ല. നിലവിൽ ഖരമാലിന്യങ്ങളെ ശേഖരിച്ച് യാതൊരു വേർതിരിക്കലും നടത്താതെ അശാസ്ത്രീമായി ലാന്റ്ഫില്ലിംഗിന് വിധേയമാക്കി വരുന്നു. സ്വകാര്യവക്തിയുടെ ഉടമസ്ഥതയിലുള്ള പാടത്താണ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്.

**8. നിലമ്പൂർ നഗരസഭ:–** നഗരസഭയിൽ മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. പ്ലാസ്റ്റിക് മാലിന്യങ്ങളെ കൂട്ടിയിട്ട് കത്തിക്കുന്നു. ജൈവമാലിന്യങ്ങളെ കൃഷിയിടങ്ങളിൽ കൊണ്ടിടുന്നു.

**9. വടകര നഗരസഭ:–** മാലിന്യങ്ങളെ പുതിയാപ്പയിലുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തള്ളുന്നത് മാത്രമാണ് നഗരസഭയുടെ മാലിന്യ സംസ്ക്കരണ പരിപാടി. മാലിന്യങ്ങളെ ശരിയായി വേർതിരിക്കുകപോലും ചെയ്യാതെയാണ് ഇത്തരത്തിൽ തള്ളിക്കൊണ്ടിരിക്കുന്നത്.

**10. തലശ്ശേരി നഗരസഭ:–** നഗരസഭയ്ക്ക് മാലിന്യസംസ്ക്കരണ പ്ലാന്റില്ല. നഗരസഭാപരിധിക്കുള്ളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ പെട്ടിപ്പാലത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കൊണ്ടുചെന്നു തള്ളി കൂട്ടിയിടുന്നതുമൂലം പരിസരമാകെ ചീഞ്ഞുനാറുകയാണ്.

**11. കണ്ണൂർ നഗരസഭ:–** നഗരസഭാ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ ചേലോറയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ കൊണ്ടു തള്ളുന്നു. ഇവിടെ മാലിന്യക്കൂമ്പാരം ഭീമാകാരമായി കഴിഞ്ഞു.

**12. കാസർഗോഡ് മുനിസിപ്പാലിറ്റി:–** സ്വന്തമായി മാലിന്യസംസ്ക്കരണ പ്ലാന്റില്ലാത്ത മുനിസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ രണ്ടു വർഷം മുൻപ് വരെ കേളുഗുഡ്ഡയിലെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തള്ളുകയായിരുന്നു ചെയ്തു വന്നിരുന്നത്. പൊതുജന പ്രക്ഷോഭംമൂലം ഇത് തടയപ്പെട്ടു. നിലവിൽ, ശേഖരിക്കപ്പെടുന്ന മാലിന്യങ്ങളെ ഏത് രീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്ന് നഗരസഭ വ്യക്തമാക്കിയിട്ടില്ല.

## സി. ഗ്രാമപഞ്ചായത്തുകൾ

**1. കൊട്ടാരക്കര (കൊല്ലം ജില്ല):-** ഗ്രാമപഞ്ചായത്തിന്റെ വകയായി ഉഗ്രൻകുന്നിലുള്ള സ്ഥലത്താണ് മാലിന്യങ്ങൾ കൊണ്ടുവന്നിടുന്നത്. ദിനംപ്രതി ഇവിടെ മാലിന്യങ്ങൾ കുന്നുകൂടുകയാണ്. മാംസാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ളവ ചീഞ്ഞുനാറി, പക്ഷി-മൃഗാദികൾ കൊത്തിവലിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

**2. ചിറ്റാർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട):–** ഖരമാലിന്യങ്ങളെ റോഡുവക്കിലും, ഓടകളിലും, തുറസ്സായ സ്ഥലങ്ങളിലും കൊണ്ടിടുന്നു. ചിറ്റാർ മാർക്കറ്റിൽ നിന്നുള്ള ഖരമാലിന്യങ്ങളിൽ ഒരു ഭാഗം വേർതിരിക്കാതെ കുഴിയിലിട്ട് കത്തിക്കുന്നു. ബാക്കിയുള്ളത് സമീപത്തുള്ള വനപ്രദേശത്ത് തള്ളുന്നു.

**3. കട്ടപ്പന ഗ്രാമപഞ്ചായത്ത് (ഇടുക്കി ):–** ചന്തകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്ത് അതിർത്തിയിലുള്ള സംസ്ക്കരണ കേന്ദ്രത്തിൽ കൊണ്ട് തള്ളുന്നു. ചെരിഞ്ഞുകിടക്കുന്ന ഈ പ്രദേശത്തു നിന്നും മഴക്കാലത്ത് മാലിന്യങ്ങൾ ഒഴുകിയിറങ്ങുന്നു.

**4. വടവുകോട്–പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (എറണാകുളം):–** പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് വടയമ്പാടിയിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് കൊണ്ട് വന്ന് തള്ളുന്നു. ജൈവ-അജൈവ പ്ലാസ്റ്റിക് മാലിന്യങ്ങളെ തമ്മിൽ വേർതിരിക്കുകയോ, സംസ്ക്കരിക്കുകയോ ചെയ്യുന്നില്ല.

**5. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് (എറണാകുളം):–** പഞ്ചായത്തിന്റേ വിവിധഭാഗങ്ങളിൽ നിന്നുള്ള മാലിന്യങ്ങളെ പഞ്ചായത്ത് മാർക്കറ്റിനടുത്തുള്ള ഡമ്പിംഗ് യാർഡിൽ തള്ളുന്നു. മാലിന്യങ്ങളെ വേർതിരിക്കാതെ ഇവിടെ കൂട്ടിയിടുക മാത്രമാണ് ചെയ്യുന്നത്.

**6. കൊടുവായൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട്):–** പഞ്ചായത്തിന്റെ തിരക്കേറിയ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിൽ ചെറിയൊരളവു മാത്രമേ ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടുന്നുള്ളൂ. ബാക്കി പഞ്ചായത്ത് വക സംസ്ക്കരണ സ്ഥലത്ത് കൂമ്പാരമായി കിടക്കുന്നു.

**7. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് (മലപ്പുറം):–** കൊണ്ടോട്ടി ടൗണിലെ അങ്ങാടിയിൽ നിന്നുള്ള മാലിന്യങ്ങൾ തൂത്തുകൂട്ടി തീയിടുന്നു. മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് വേർതിരിക്കുന്നില്ല.

**8. രാമനാട്ടുകര ഗ്രാമപഞ്ചായത്ത് (കോഴിക്കോട്):–** ടൗണിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് നഗരമധ്യത്തിൽ, ഇൻസിനേറ്റർ സ്ഥിതി ചെയ്തിരുന്നിടത്ത് കൂട്ടുകയാണ് ചെയ്യുന്നത്. മാലിന്യങ്ങളെ വേർതിരിക്കാൻ പോലും കഴിഞ്ഞിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## 9. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, മാലിന്യസംസ്ക്കരണത്തിനായുള്ള ഭൂമിയും

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ഖരമാലിന്യ പരിപാലനത്തിന് സ്വന്തമായി ഭൂമിയില്ലാത്തവയാണ്. ഖരമാലിന്യസംസ്ക്കരണത്തിനായി പ്ലാന്റ് സ്ഥാപിക്കുക, അജൈവ മാലിന്യങ്ങളെ ലാന്റ്ഫിൽ ചെയ്യുക, മാലിന്യങ്ങളിൽ നിന്നും ഒഴുകിയിറങ്ങുന്ന മലിനജലത്തെ ശുദ്ധീകരിക്കാൻ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക എന്നിവയാണ് മാലിന്യപരിപാലനാർത്ഥമുള്ള ഭൂമിയുടെ പ്രധാന ഉപയോഗങ്ങൾ. ശുചിത്വമിഷൻ അറിയിച്ചിരിക്കുന്നത് (കത്ത് നമ്പർ 4675/ബി/2012/എസ്.എം) ഭാഗികമായോ പൂർണ്ണമായോ പ്രവർത്തിക്കുന്ന ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകളുള്ള കേരളത്തിലെ മുനിസിപ്പാലിറ്റികൾ 30 എണ്ണമെന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ, മാലിന്യ ഉൽപ്പാദനത്തിന്റെ അളവ് എന്നിവയെക്കുറിച്ച് 2008 ജൂലായിൽ പഠനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 20 വർഷത്തേക്ക് കേരളത്തിലെ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾക്ക് മാലിന്യസംസ്ക്കരണാർത്ഥം ആവശ്യമുള്ള ഭൂമിയുടെ അളവും നിർദ്ദേശിച്ചിട്ടുണ്ട്.

**നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്**
**മാലിന്യസംസ്ക്കരണാർത്ഥം ആവശ്യമുള്ളതും, കൈവശമുള്ളതുമായ ഭൂമി (ഏക്കറിൽ)**

| നഗരതദ്ദേശസ്വയം ഭരണ സ്ഥാപനം | മാലിന്യസംസ്ക്കരണത്തിന് അടുത്ത 20 വർഷത്തേക്ക് ആവശ്യമായ ഭൂമി (ഏക്കർ) | നിലവിൽ കൈവശമുള്ള ഭൂമി (ഏക്കർ) |
|---|---|---|
| ആറ്റിങ്ങൽ | 4.45 | 4.20 |
| ആലപ്പുഴ | 22.10 | 11.00 |
| ചേർത്തല | 5.63 | ഇല്ല |
| അടൂർ | 3.61 | 1.05 |
| പെരുമ്പാവൂർ | 3.31 | 1.56 |
| അങ്കമാലി | 4.76 | 0.50 |
| തൃശ്ശൂർ | 39.62 | 6.91 |
| ചാവക്കാട് | 4.17 | 0.50 |
| പെരിന്തൽമണ്ണ | 5.57 | 5.00 |
| തിരൂർ | 6.70 | 4.97 |
| മലപ്പുറം | 7.30 | 2.50 |
| കോഴിക്കോട് | 54.48 | 16.00 |
| തളിപ്പറമ്പ് | 8.42 | 2.02 |
| പയ്യന്നൂർ | 8.58 | 3.50 |
| കാസർഗോഡ് | 6.57 | 7.05 |
| കാഞ്ഞങ്ങാട് | 8.17 | 2.00 |

(അവലംബം- സി & എജി.യുടെ 2010 മാർച്ച് 31- ന് അവസാനിച്ചവർഷത്തെ റിപ്പോർട്ട് നമ്പർ 5)

LOCAL FUND AUDIT DEPARTMENT

കോർപ്പറേഷനും, മുനിസിപ്പാലിറ്റികളും ഉൾപ്പെടെയുള്ള നഗരതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തന്നെ നേരിടാൻ പോകുന്ന രൂക്ഷമായ പ്രതിസന്ധിയിലേക്കാണ് മേൽപ്പട്ടിക വിരൽ ചൂണ്ടുന്നത് . അടുത്ത ഇരുപത് വർഷത്തേക്ക് മാലിന്യസംസ്ക്കരണത്തിന് വേണ്ടിവരുന്ന അളവിൽ ഭൂമി സ്വന്തമായുള്ള സ്ഥാപനം കാസറഗോഡ് മുനിസിപ്പാലിറ്റി മാത്രമാണ്. കോർപ്പറേഷനുകളിൽ അവസ്ഥ കൂടുതൽ ഗൗരവമുള്ളതാകുമെന്നാണ് മേൽ കണക്കുകൾ സൂചിപ്പിക്കുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – ഖരമാലിന്യസംസ്ക്കരണാർത്ഥം വാങ്ങിയ ഭൂമിയുടെ കണക്കുകൾ**

1. **ഗ്രാമപഞ്ചായത്തുകൾ**

| ഗ്രാമപഞ്ചായത്ത് | വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക (രൂപ) | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| കൊട്ടാരക്കര | 41.95 ആർ | 2009-10 | | പ്ലാന്റ് നിർമ്മാണം ഭാഗികമായി മാത്രം നടന്നു. മാലിന്യം കൊണ്ടിടുന്നു |
| വടവുകോട്-പുത്തൻകുരിശ് | 65.84 ആർ | 1999-2000 | 1448480 | മാലിന്യം കൊണ്ടിടുന്നു |
| ആലത്തൂർ | 66.50 സെന്റ് | 2000-01 | 2 ലക്ഷം | പ്ലാന്റ് പ്രവർത്തിക്കുന്നു |
| കൊണ്ടോട്ടി | 33 സെന്റ് | 1997-98 | 232750 | സ്ഥലം വെറുതെ കിടക്കുന്നു |
| സുൽത്താൻ ബത്തേരി | 50 സെന്റ് | 1984 | 18750 | പ്ലാന്റ് പ്രവർത്തിക്കുന്നു |
| മംഗൽപാടി | 1.77 ഏക്കർ | 2003-04 | 318600 | പ്ലാന്റ് പ്രവർത്തിക്കുന്നു |

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 219(എഫ്) വകുപ്പ് അനുശാസിക്കുന്നത് ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിയുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും തങ്ങളുടെ പ്രദേശത്തിന്റെ ഉള്ളിലോ, വെളിയിലോ ആയി അനുയോജ്യമായ സ്ഥലം കണ്ടെത്തണം എന്നാണ്. എന്നാൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും ഇത് പാലിച്ചിട്ടില്ല.

**2. മുനിസിപ്പാലിറ്റികൾ**

| മുനിസിപ്പാലിറ്റി | ഖരമാലിന്യസംസ്ക്കരണത്തിനായി വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| കായംകുളം | 1.56 ഹെക്ടർ | 2008-09 | 5087000 | ജനകീയപ്രക്ഷോഭം കാരണം പ്ലാന്റ് സ്ഥാപിക്കാനായിട്ടില്ല |
| കോട്ടയം | 1.36 ഏക്കർ | 2007 | 2784000 | ഭൂമി വെറുതെ കിടക്കുന്നു |
| പെരുമ്പാവൂർ | 1.56 ഏക്കർ | 2005-06 | 1647047 | ഭൂമി വെറുതെ കിടക്കുന്നു |
| കണ്ണൂർ | 23.29 ഏക്കർ | - | - | പ്ലാന്റ് സ്ഥാപിച്ചിട്ടില്ല |
| കാസർഗോഡ് | 5.46 ഏക്കർ | 2005-06 | - | സ്ഥലം കാടുപിടിച്ചു കിടക്കുന്നു |

**3. കോർപ്പറേഷനുകൾ**

| കോർപ്പറേഷൻ | ഖരമാലിന്യസംസ്ക്കരണത്തിനായി വാങ്ങിയ ഭൂമിയുടെ അളവ് | വർഷം | ചെലവായ തുക | വാങ്ങിയ ഭൂമിയിൽ നിലവിൽ ഉള്ള സംവിധാനം |
|---|---|---|---|---|
| തിരുവനന്തപുരം | 21.65 ഹെക്ടർ | പലഘട്ടങ്ങളിലായി | - | പ്ലാന്റ് സ്ഥാപിച്ചു |
| കൊല്ലം | 12.52 ഏക്കർ | 2005-09 | 68518136 | പ്ലാന്റിന്റെ നിർമ്മാണം മുടങ്ങി കിടക്കുന്നു |
| കൊച്ചി | 110 ഏക്കർ | - | - | പ്ലാന്റ് പ്രവർത്തിക്കുന്നു |
| തൃശ്ശൂർ | 25.4 ഏക്കർ (തുടക്കത്തിലേയുള്ള ഭൂമി) | - | - | പ്ലാന്റ് സ്ഥാപിച്ചു |

## 10. തദ്ദേശസ്ഥാപനങ്ങളിലെ ഖരമാലിന്യ ഉൽപ്പാദനവും, പ്ലാന്റുകളുടെ സ്ഥാപിതശേഷിയും

സ്വന്തമായി മാലിന്യസംസ്ക്കരണ പ്ലാന്റുകളുള്ള കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാന്റുകളുടെ പ്രവർത്തനശേഷി പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളെക്കാളും തുലോം കുറവാണ്. ഇതുകൊണ്ട്തന്നെ ഖരമാലിന്യങ്ങൾ പൂർണ്ണമായി സംസ്ക്കരിക്കാൻ കഴിയാതെ വരുന്നു. വേണ്ടത്ര പഠനം നടത്താതെ പ്ലാന്റുകൾ സ്ഥാപിച്ചതാണ് ഈ അവസ്ഥയ്ക്ക് പ്രധാനകാരണം. സംസ്ക്കരിക്കപ്പെടാതെ അവശേഷിക്കുന്ന മാലിന്യങ്ങൾ പ്ലാന്റുകൾക്ക് ചുറ്റും കുന്നുകൂടികിടക്കുകയും ജനജീവിതം ദുസഹമാക്കുകയും ചെയ്യുന്നു. ആരോഗ്യത്തിനും, പരിസ്ഥിതിക്കും അത്യന്തം ദോഷകരമാണ് സംസ്ക്കരിക്കപ്പെടാത്ത ഖരമാലിന്യങ്ങൾ.

**തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ ഉൽപ്പാദനവും പ്ലാന്റുകളുടെ സംസ്ക്കരണശേഷിയും**

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഖരമാലിന്യ ഉൽപ്പാദനം (പ്രതിദിനം/ടൺ) | മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ ശേഷി (പ്രതിദിനം/ടൺ) |
|---|---|---|
| തിരുവനന്തപുരം കോർപ്പറേഷൻ | 328 | 155.4 |
| കൊല്ലം കോർപ്പറേഷൻ | 45 | 40 (നിർമ്മാണ ഘട്ടത്തിൽ) |
| കൊച്ചി കോർപ്പറേഷൻ | 250 | 200 |
| തൃശ്ശൂർ കോർപ്പറേഷൻ | 80 | 30 |
| ചങ്ങനാശ്ശേരി നഗരസഭ | 6 | 4 |
| കോട്ടയം നഗരസഭ | - | 30 |
| ചാലക്കുടി നഗരസഭ | 8.5 | 2 |
| പാലക്കാട് നഗരസഭ | 40.72 | 30 |
| തിരൂർ നഗരസഭ | - | 10 |

## ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകൾക്കായി ചെലവഴിച്ചത് കോടികൾ; പ്രവർത്തിക്കുന്നവ നാമമാത്രം

ഖരമാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന ഏറ്റവും പ്രധാന പ്രവർത്തനമാണ് ഖരമാലിന്യസംസ്ക്കരണപ്ലാന്റ് സ്ഥാപിക്കൽ. പ്ലാന്റിനുള്ള സ്ഥലം വാങ്ങൽ, പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി കോടിക്കണക്കിന് രൂപയാണ് തദ്ദേശസ്ഥാപനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇത്രയും ഭീമമായ ചെലവുകൾക്ക് ആനുപാതികമായി ഖരമാലിന്യപരിപാലന സംവിധാനങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ അന്വേഷണങ്ങൾ വ്യക്തമാക്കുന്നത്.

കോടിക്കണക്കിന് രൂപ ചെലവഴിച്ചു സ്ഥാപിക്കപ്പെട്ട പ്ലാന്റുകളിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച പ്ലാന്റുകൾക്കും ഉദാഹരണങ്ങളുണ്ട്. പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ ചുമതലപ്പെട്ട ഏജൻസികൾ കയ്യൊഴിഞ്ഞതിനാൽ പ്രവർത്തനം നിലച്ചവയുമുണ്ട്. കൂടാതെ, ബഹുജന പ്രക്ഷോഭംമൂലം പ്രവർത്തിപ്പിക്കാനാവാത്ത ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ എണ്ണവും കൂടിവരികയാണ്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകളുടെ പ്രവർത്തനം

**എ. മുനിസിപ്പാലിറ്റികൾ**

| മുനിസിപ്പാലിറ്റി | ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റ് സ്ഥാപിക്കുവാൻ ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കായംകുളം | 2003 (ഇൻസിനേറ്റർ) | 21.50 ലക്ഷം | ചീരൻമയൂര ഇൻഡസ്ട്രീസ് | ഒരു പുകക്കുഴൽ മാത്രം സ്ഥാപിച്ചു |
| ആലപ്പുഴ | 2010 | 3.34 കോടി | എ.പി.റ്റി.ഡി.സി (ആന്ധ്രാപ്രദേശ്) | പ്ലാന്റ് പ്രവർത്തനക്ഷമല്ല |
| ചങ്ങനാശ്ശേരി | 2007 (ജൈവവള യൂണിറ്റ്) | 28 ലക്ഷം | കെയ്കോ | പ്രവർത്തിക്കുന്നു |
| കോട്ടയം | 2006 | ബി.ഒ.ടി. വ്യവസ്ഥ | രാംകി എനർജി എൻവയോൺമെന്റൽ ലിമിറ്റഡ്, ഹൈദരാബാദ് | പ്രവർത്തിക്കുന്നു |
| ചാലക്കുടി | 2000 | 18 ലക്ഷം | ഐ.ആർ.ടി.സി | സംസ്ക്കരണ പ്രക്രിയ പൂർണ്ണമല്ല |
| പാലക്കാട് | 2007 | 1.67 കോടി | ഐ.ആർ.ടി.സി മുണ്ടൂർ | സാങ്കേതിക തകരാറിനാൽ പ്രവർത്തനമില്ല |
| തിരൂർ | 2008 | 33.44 ലക്ഷം | ടെക്നോഗ്രൂപ്പ്, ആലുവ | നഗരസഭയിലെ മാലിന്യങ്ങളെ പൂർണ്ണമായും സംസ്ക്കരിക്കാൻ കഴിയുന്നില്ല |
| നിലമ്പൂർ | 2010 ൽ നിർമ്മാണം നടത്തി | 8.15 ലക്ഷം | സോഷ്യോ- ഇക്കോണമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ | 2010 സെപ്തംബറിൽ പ്രവർത്തനം തുടങ്ങേണ്ടതായിരുന്നു. ഇതുവരെ പണി പൂർത്തിയായില്ല. |
| വടകര | 2002 | 1062998 | സേഫ് മോട്ടോഴ്സ് കൊടുങ്ങല്ലൂർ | പ്രവർത്തിക്കുന്നില്ല |
| കണ്ണൂർ | - | 1.06 ലക്ഷം (ടെണ്ടർ പരസ്യച്ചെലവ്) | - | പ്ലാന്റ് സ്ഥാപിക്കാനുള്ള യാതൊരു നടപടിയുമായിട്ടില്ല |
| നീലേശ്വരം | 2010 | 25.17 ലക്ഷം | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | ജനകീയ പ്രക്ഷോഭംമൂലം പ്രവർത്തിക്കുന്നില്ല |

LOCAL FUND AUDIT DEPARTMENT

**ബി. പഞ്ചായത്തുകൾ**

| ഗ്രാമപഞ്ചായത്ത് | ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റ് സ്ഥാപിക്കുവാൻ ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| കൊട്ടാരക്കര | 2004 | 25 ലക്ഷം | ചീരൻമയൂര, തൃശ്ശൂർ | പ്ലാന്റ് തകർന്നു കിടക്കുന്നു |
| ഇളമ്പത്തൂർ | 2009 ൽ നിർമ്മാണം തുടങ്ങി. ഇതുവരെ പൂർത്തിയായില്ല | 8 ലക്ഷം | അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | പ്രവർത്തനം തുടങ്ങിയിട്ടില്ല |
| ആലത്തൂർ | 2003 (ഒന്നാംഘട്ടം)<br><br>2012 (രണ്ടാംഘട്ടം) (മണ്ണിര കമ്പോസ്റ്റ് പ്ലാന്റ്) | 17.41 ലക്ഷം<br><br>13.81 ലക്ഷം | ഐ.ആർ.ടി.സി.യുടെ സാങ്കേതിക സഹായത്തോടെ ഗ്രാമപഞ്ചായത്ത്<br><br>,, | വിൻഡ്രോ കമ്പോസ്റ്റ് ഉൽപ്പാദനം മാത്രം നടക്കുന്നു<br><br>പ്ലാന്റ് പ്രവർത്തിക്കുന്നില്ല |
| കൊടുവായൂർ | 2005 (മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്) | 7.08 ലക്ഷം | ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തി | പ്രവർത്തനം ഫലപ്രദമല്ല |
| രാമനാട്ടുകര | 2005 (ഇൻസിനേറ്റർ) | 20.95 ലക്ഷം | ചീരൻമയൂർ, തൃശ്ശൂർ | 4 വർഷമായി പ്രവർത്തനരഹിതം |
| സുൽത്താൻ ബത്തേരി | 2008 (ഇൻസിനേറ്റർ) | 10 ലക്ഷം | കൊച്ചിൻ ഇൻഡസ്ട്രീസ് | പ്രവർത്തിക്കുന്നു |
| മംഗൽപാടി | 2007 | 22.20 ലക്ഷം | കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി | പ്രവർത്തിക്കുന്നു |

**സി. കോർപ്പറേഷനുകൾ**

| കോർപ്പറേഷൻ | പ്ലാന്റ് നിർമ്മാണം പൂർത്തിയായ വർഷം | പ്ലാന്റിന് ചെലവായ തുക (രൂപ) | പ്ലാന്റ് നിർമ്മിച്ച ഏജൻസി | പ്ലാന്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| തിരുവനന്തപുരം | 1999 | ബി.ഒ.ഒ.എം. വ്യവസ്ഥ | പോബ്സ് എൻവിറോടെക് പ്രൈ.ലിമിറ്റഡ് | ബഹുജനപ്രക്ഷോഭത്താൽ പ്ലാന്റ് പ്രവർത്തിക്കുന്നില്ല |
| കൊല്ലം | - | 1.54 കോടി | - | വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നു |
| കൊച്ചി | 2009 | 22.93 കോടി | ആന്ധ്രാപ്രദേശ് ടെക്നോളജി ഡെവലപ്മെന്റ് പ്രൊമോഷൻ സെന്റർ | പ്രവർത്തിക്കുന്നു |
| തൃശ്ശൂർ | 2003 | 1.70 കോടി | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | ബഹുജനപ്രക്ഷോഭംമൂലം പ്രവർത്തിക്കുന്നില്ല |
| കോഴിക്കോട് | 1999 | 4.5 കോടി | എക്സൽ ഇൻഡസ്ട്രീസ് | പ്രവർത്തിക്കുന്നു |

LOCAL FUND AUDIT DEPARTMENT

## നിർമ്മാണം നിലച്ച ഖരമാലിന്യ പ്ലാന്റുകൾ

വിവിധ കാരണങ്ങളാൽ നിർമ്മാണപ്രക്രിയ പാതിവഴിയിലായായ ഖരമാലിന്യസംസ്ക്കരണ പ്ലാന്റുകൾക്ക് ഒട്ടേറെ ഉദാഹരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. നടത്തിപ്പിലെ പോരായ്മ, ഏജൻസികളുടെ ഉദാസീനത എന്നിവയാണ് ഇതിനു പ്രധാന കാരണങ്ങളായി കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

**1. താമരശ്ശേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്):–** മലിനജലസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ 2008-09 ൽ 4,35,000/- രൂപ അടങ്കലിൽ പദ്ധതി ആസൂത്രണം ചെയ്തു. 4,38,096/- രൂപയാണ് പ്രവൃത്തിക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. 2011-12 ൽ 1,60,580/- രൂപ കൂടി പദ്ധതിക്കായി വിനിയോഗിച്ചു. 2012 നവംബർ 14 ന് സ്ഥലം സന്ദർശിച്ച ഓഡിറ്റ് ടീമിന് പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. കൂടാതെ പ്ലാന്റിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പ്ലാന്റിന് ചെലവായ 5,98,677/- രൂപ പാഴായിരിക്കുകയാണ്.

**2. ചെങ്ങന്നൂർ നഗരസഭ:-** അടൂർ ആസ്ഥാനമായുള്ള കോർഫൗണ്ടേഷൻ എന്ന സ്ഥാപനത്തെയാണ് 2007-08 ൽ 54,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി പ്രകാരം മാലിന്യസംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണചുമതല ഏൽപ്പിച്ചത്. ഒരു വർഷത്തിനുശേഷം പണി പൂർത്തിയായത് മണ്ണിര കമ്പോസ്റ്റ് യൂണിറ്റിനുള്ള ഷെഡ് മാത്രമാണ്. എന്നാൽ 31.03.08 ൽ ബിൽ നമ്പർ 86/07-08 പ്രകാരം അഞ്ചുലക്ഷം രൂപ ഏജൻസിക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മാലിന്യസംസ്ക്കരണശാലയുടെ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

**3. കായംകുളം നഗരസഭ:–** ഇൻസിനേറ്റർ സ്ഥാപിക്കുന്നതിലേക്കായി ചീരൻമയൂര ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 2002-03 സാമ്പത്തിക വർഷം 21,50,000/- രൂപ മുൻകൂറായി നൽകി (28.03.03 ലെ 849969 മുതൽ 974 വരെയുള്ള ചെക്കുകൾ പ്രകാരം). ഇത്രയും വലിയ തുക കൈപ്പറ്റിയിട്ടും ഒരു പുകക്കുഴൽ മാത്രമാണ് ഏജൻസി സ്ഥാപിച്ചിട്ടുള്ളത്. 30.06.03 ൽ നഗരസഭ പ്രസ്തുത സ്ഥാപനവുമായുള്ള കരാർ റദ്ദാക്കി. ഇൻസിനേറ്ററോ, പ്ലാന്റോ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

**4. ആലപ്പുഴ നഗരസഭ:–** നഗരസഭയുടെ സർവോദയപുരത്തുള്ള മാലിന്യസംസ്ക്കരണ കേന്ദ്രത്തിൽ പ്ലാന്റ് നിർമ്മാണം ആരംഭിച്ചത് 2006 ലാണ്. ആന്ധ്രാപ്രദേശ് ടെക്നോളജി ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ സെന്റർ (എ.പി.റ്റി.ഡി.സി) ആയിരുന്നു നിർമ്മാണ ഏജൻസി. കരാർപ്രകാരം 18.03.07 ൽ 3.34 കോടി രൂപ ചെലവഴിച്ചു പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി.

ട്രയൽറൺ, ഗ്യാരന്റിറൺ എന്നിവ നടത്തി 18.03.09 ൽ പ്ലാന്റ് നഗരസഭയ്ക്ക് കൈമാറണമായിരുന്നു. എന്നാൽ, 2010 മെയ് 26 ന് ഔപചാരിക ഉദ്ഘാടനം നടത്തി എന്നതല്ലാതെ നാളിതുവരെ പ്ലാന്റ് പ്രവർത്തനക്ഷമമാക്കി നഗരസഭയ്ക്ക് കൈമാറിയിട്ടില്ല.

**5. കൊല്ലം കോർപ്പറേഷൻ:–** കോർപ്പറേഷന്റെ കുരീപ്പുഴയിലുള്ള സ്ഥലത്ത് കമ്പോസ്റ്റ് പ്ലാന്റ്, ലാന്റ്ഫിൽ, മലിനജല ശുദ്ധീകരണ പ്ലാന്റ് എന്നിവ നിർമ്മിക്കാനായിരുന്നു പദ്ധതി. കമ്പോസ്റ്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് 29,84,648/-രൂപയും, ലാന്റ്ഫില്ലിംഗിനായി 90,32,717/- രൂപയും, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ 34,22,829/- രൂപയും, വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങാനായി 1,46,51,181/- രൂപയും ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ പ്ലാന്റിന്റെ പ്രവർത്തനം മാത്രമാണ് ഏറെക്കുറെ പൂർത്തിയായിട്ടുള്ളത്. മറ്റു പ്രവർത്തനങ്ങൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്.

### മാലിന്യസംസ്ക്കരണരംഗത്തെ മംഗൽപാടി മാതൃക

ഖരമാലിന്യസംസ്ക്കരണം കാര്യക്ഷമമായി നടത്തുന്നതിലൂടെ തനതു വരുമാനമാർഗ്ഗം കണ്ടെത്തിയ പഞ്ചായത്താണ് കാസർഗോഡ് ജില്ലയിലെ മംഗൽപാടി. കുബനൂരിൽ 22.20 ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്ത് സ്ഥാപിച്ച ഖരമാലിന്യ പ്ലാന്റ് പ്രവർത്തനമാരംഭിച്ചത് 2007 ലാണ്. കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് പ്ലാന്റിന്റെ നിർമ്മാണം നടത്തിയ ഏജൻസി.കുബനൂരിലെ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന മണ്ണിര കമ്പോസ്റ്റ് മിതമായ വിലയ്ക്കാണ് കർഷകർക്ക് നൽകുന്നത്. 2011-12 ൽ, ജൈവവളം വിൽപ്പനയിലൂടെ 1,12,500/- രൂപ മംഗൽപാടി പഞ്ചായത്തിന് വരുമാനമുണ്ടായി. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തിന്റെ ഗുണമേന്മാ പരിശോധന നടത്തുന്നത് കാസർഗോട്ടുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രമാണ്. ഖരമാലിന്യ പരിപാലന സംവിധാനത്തെ ലാഭകരമാക്കുക എന്ന ആധുനിക സങ്കൽപ്പനവുമായി ഒത്തുപോകുന്നതാണ് മംഗൽപാടിയിലെ ഖരമാലിന്യപരിപാലന മാതൃക.

ഇതിനുപുറമേ, തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തായ കുമ്പളയിൽ നിന്നുള്ള 750 ടൺ ഖരമാലിന്യങ്ങൾ 2006 മുതൽ 2009 വരെയുള്ള കാലത്ത് മംഗൽപാടിയിലെ പ്ലാന്റിൽ സംസ്ക്കരിക്കുകയും ഇതിലൂടെ, പ്രോസസിംഗ് ചാർജ്ജിനത്തിൽ 97,500/- രൂപ മംഗൽപാടി പഞ്ചായത്തിന് ലഭിക്കുകയുമുണ്ടായി.

LOCAL FUND AUDIT DEPARTMENT

## കൊട്ടാരക്കരയിലെ ഖരമാലിന്യ പ്രതിസന്ധി

അതിവേഗം നഗരവൽക്യതമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഉത്തമോദാഹരണമാണ് കൊല്ലം ജില്ലയിലെ കൊട്ടാരക്കര. ഗ്രാമപഞ്ചായത്ത് നടത്തിയ പഠനപ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രതിവർഷം 2500 ടൺ ഖരമാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 2190 ലോഡ് മാലിന്യങ്ങളാണ് പ്രതിവർഷം പഞ്ചായത്ത് ശേഖരിക്കുന്നത്. ഖരമാലിന്യസംസ്ക്കരണത്തിനായി ഉഗ്രൻകുന്നിൽ ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് 25 ലക്ഷം രൂപ ചെലവഴിച്ച് 2004 ൽ സ്ഥാപിച്ച സംസ്ക്കരണ പ്ലാന്റ് 2008 ൽ തകർന്നു വീണു. പ്രധാന ചന്തയോട് ചേർന്ന് 24 ലക്ഷം രൂപ മുടക്കി 2008 ൽ പണിപൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. ഉഗ്രൻകുന്നിൻ പുതിയൊരു മാലിന്യ സംസ്ക്കരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2010 സെപ്തംബറിൽ തുടങ്ങിയെങ്കിലും, തൂണുകൾ മാത്രമാണ് ഇതുവരെയായി പൂർത്തിയായിട്ടുള്ളത്. ഈ പണിയുമായി ബന്ധപ്പെട്ട് കരാറുകാരന് 2011 ഡിസംബറിലെ പാർട്ട്ബിൽ പ്രകാരം 6,06,975/- രൂപ (ആറു ലക്ഷത്തി ആറായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചു രൂപ മാത്രം) നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തി ഇതുവരെ പുനരാരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രതിദിനമുണ്ടാകുന്ന ഏഴു ടണ്ണോളം മാലിന്യങ്ങൾ ശേഖരിച്ച് ഉഗ്രൻ കുന്നിൽ കൂട്ടിയിടുക മാത്രമാണ് ഇപ്പോൾ ചെയ്തു വരുന്നത്. ഇവിടത്തെ മാലിന്യക്കൂമ്പാരം ദിനംപ്രതി വലുതായിക്കൊണ്ടിരിക്കുമ്പോഴും ഈ പ്രതിസന്ധി എങ്ങിനെ മറിടക്കാനാവുമെന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് പഞ്ചായത്തധികൃതർക്കില്ല.

കഴിഞ്ഞ എട്ടുവർഷങ്ങൾക്കിടയിൽ അറുപത് ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും, ഗുണകരമായ മാലിന്യ സംസ്ക്കരണ സംവിധാനം നിലവിൽ വരുത്താൻ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

### 'ആരോബയോ '-ഖരമാലിന്യപരിപാലനത്തിലെ ആധുനിക സങ്കേതം



നഗരമാലിന്യസംസ്ക്കരണ രംഗത്തെ ഏറ്റവും പുതിയ സങ്കേതങ്ങളിൽ ഒന്നാണ് ഇസ്രയേലി ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തിട്ടുള്ള'ആരോ-ബയോ (Arrow Bio)'. ദുർഗന്ധമില്ലാതെ നഗരമാലിന്യങ്ങളെ സംസ്ക്കരിക്കാം എന്നതാണ് ഈ സാങ്കേതത്തിലെ ഏറ്റവും വലിയ മേന്മകളിലൊന്ന്. ആരോ ബയോ സംവിധാനത്തിൽ ദിനംപ്രതി 200 ടൺ മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന പ്ലാന്റ് സ്ഥാപിക്കാനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വെറും രണ്ടര ഏക്കർ ഭൂമി മതി. വായുമലിനീകരണം, ജലമലിനീകരണം എന്നിവയില്ലാത്തതിനാൽ നഗരത്തിനുള്ളിൽത്തന്നെ ആരോബയോ പ്ലാന്റ് സ്ഥാപിക്കാം.

സംസ്ക്കരണത്തിനായി എത്തിക്കുന്ന മാലിന്യങ്ങളെ മുൻകൂട്ടി വേർതിരിക്കണമെന്നില്ല എന്നതാണ് ആരോബയോ സാങ്കേതികവിദ്യയുടെ പ്രധാന സവിശേഷത. ഖരമാലിന്യ സംസ്ക്കരണ രംഗത്ത് കേരളം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ഖരമാലിന്യങ്ങളെ വേണ്ടതരത്തിൽ വേർതിരിക്കാനാവാത്തതാണ് എന്നതും ഈ സാഹചര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. ഖരമാലിന്യങ്ങളെ ഒന്നോടെ വെള്ളത്തിലിട്ടാൽ പ്ലാസ്റ്റിക് പോലുള്ളവ പൊങ്ങിക്കിടക്കുകയും, കുപ്പിച്ചില്ല്, ലോഹങ്ങൾ മുതലായവ അടിയിൽ എത്തുകയും മാലിന്യത്തിലെ ദുർഗന്ധമുണ്ടാക്കുന്ന ദ്രവഭാഗം വെള്ളത്തിൽ ഒഴുകിപോകുകയും ചെയ്യും എന്ന ലളിതമായ തത്വമാണ് ഈ സാങ്കേതികവിദ്യയിൽ ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക്, ഗ്ലാസ്സ്, ലോഹങ്ങൾ എന്നിവ കഴുകി വൃത്തിയാക്കിയ നിലയിൽ ലഭിക്കുന്നമെന്നതിനാൽ അവ വീണ്ടും ഉപയോഗിക്കുവാനും സാധിക്കും. പ്ലാന്റിലെത്തുന്ന ജൈവസമ്പുഷ്ടമായ ജലത്തിൽ നിന്നുള്ള ഗ്യാസുപയോഗിച്ച് വൈദ്യുതോൽപ്പാദനം നടത്താനാവുന്നതും പ്ലാന്റിൽ അവശേഷിക്കുന്ന ജൈവവസ്തുക്കൾ മികച്ച ജൈവവളമായി മാറ്റാവുന്നതും സവിശേഷതയാണ്. പ്രതിദിനം 200 ടൺ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ആരോബയോ പ്ലാന്റിൽ നിന്നും മൂന്ന് മെഗാവാട്ട് വൈദ്യുതിവരെ ഉൽപ്പാദിക്കാൻ കഴിയും.നഗരഖരമാലിന്യപരിപാലനരംഗത്ത് കേരളം നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ മാലിന്യങ്ങളുടെ ശരിയായ വേർതിരിക്കലും, സംസ്ക്കരണ സംവിധാനം സ്ഥാപിക്കാനാവശ്യമായ അളവിൽ ഭൂമി ലഭ്യമാക്കുന്നതുമാണ്. ഈ രണ്ട് പ്രശ്നങ്ങളും അനായാസം കൈകാര്യം ചെയ്യാൻ ആരോബയോ സംവിധാനത്തിന് കഴിയും.

LOCAL FUND AUDIT DEPARTMENT